# വിശുദ്ധ ക്വുർആൻ ആശയ വിവർത്തനത്തിന്റെ വികാസചരിത്രം മലയാളത്തിൽ

# ﴾ تاريخ تطوّر ترجمة معاني القرآن الكريم إلى اللغة المليبارية ﴿

[ Malayalam – മലയാളം – مليالم ]


**الباحث : د/ محمّد أشرف بن علي المليباري**

**ഗ്രന്ഥകാരൻ**

**ഡോ. മുഹമ്മദ് അശ്റഫ് അലി അൽമലബാരി**

مترجم : عبد الجبار بن عبد الله بوليكاتودي

**വിവർത്തനം: അബ്ദുൽ ജബ്ബാർ അബ്ദുല്ല**



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بربوة
الرياض ، المملكة العربية السعودية

IslamHouse.com

1431– 2010

# ഉള്ളടക്കം


ഗ്രന്ഥകാരനെക്കുറിച്ച് 3

വിവർത്തകന് പറയാനുള്ളത്. 7

ആമുഖം 9

അധ്യായം ഒന്ന്. 18

മലബാറിന് അറബികളും ഇസ്ലാമുമായുള്ള ബന്ധം 18

- കേരളത്തെക്കുറിച്ച് അൽപ്പം. 18
- ഇസ്ലാം കേരളത്തിലേക്ക്. 20
- അറബികളും അറബിഭാഷയും കേരളത്തിൽ. 22
- ഖുർആൻ പഠന ഉപാദികൾ, വിവർത്തനത്തിൻെറ പരിണാമഘട്ടങ്ങൾ. 25

അധ്യായം രണ്ട്. 28

വിശുദ്ധ ക്വുർആൻ ആശയ വിവർത്തനം ഒരു വിഹഗവീക്ഷണം.

- വിവർത്തനം ഇസ്ലാമിക വീക്ഷണത്തിൽ. 28
- മലയാള ഭാഷയും വിവർത്തനവിജയ സാധ്യതയും. 34
- പരിഭാഷയുടെ പരിപക്വനഘട്ടവും മാറ്റൊലികളും 38
- മലയാളത്തിലെ പ്രഥമ ക്വുർആൻ പരിഭാഷ. 48

അധ്യായം മൂന്ന്. 57

## വി.ക്യു. വിവർത്തന വികാസ ചരിത്രം 2


നിരൂപണത്തിൻെറ തുലാസിൽ ചില തർജ്ജമകൾ 57

- ഖാദിയാനീ പരിഭാഷകൾ. 57
- അഖ്ലാനി (Intellectual Movement) സ്വാധീനമുള്ള പരിഭാഷകൾ 65
- സുന്നീ വിഭാഗത്തിൻെറ പരിഭാഷകൾ. 80
- സൂഫീ വിഭാഗത്തിൻെറ പരിഭാഷകൾ. 98
- വിവർത്തനരംഗത്ത് ജമാഅത്തെഇസ്ലാമിയുടെ പങ്ക്. 105
- വിവർത്തനരംഗത്ത് അമുസ്ലിംകളുടെ പങ്കാളിത്തം 109
- സലഫികളുടെ പരിഭാഷകൾ. 113

സമാപനം. 123

- ഫലങ്ങൾ, കണ്ടെത്തലുകൾ 123
- ശുപാർശകൾ , നിർദേശങ്ങൾ. 125
- മലയാളത്തിലെ ക്വുർആൻ പരിഭാഷകളുടെ കാലക്രമത്തിലുള്ള സമ്പൂർണ്ണ പട്ടിക. 129

## ഗ്രന്ഥകാരനെക്കുറിച്ച്

അശ്ശയ്ഖ് മുഹമ്മദ് അശ്റഫ് മൗലവി അൽമദനി അൽ മലബാരി എന്നതാണ് പൂർണ്ണ നാമം. കാസർകോട് സ്വദേശി കളായ കിഴക്കേവളപ്പിൽ അലി ഇബ്നു അബ്ദിൽഖാദിർ പിതാവും, സയ്നബ് ബിൻത് മുഹ്യിദ്ദീൻ മാതാവുമാണ്.

പ്രാഥമിക പഠനം ജന്മനാടായ കാസർകോട് ജില്ലയിലാ യിരുന്നു. കാസർകോട് സംയുക്ത ഖാദി എ.പി. അബ്ദുർ റഹ്മാൻ മുസ്‌ലിയാരും പിന്നീട് എ.എച്ച്. അഹ്മദ് മുസ്‌ലി യാരുമായിരുന്നു അന്നത്തെ അദ്ധ്യാപകർ. പഠനം പള്ളിദർസു കളിലായിരുന്നതിനാൽ പടന്നകടപ്പുറം, ഇരിക്കൂർ, കളനാട്, ചെങ്കളം എന്നീ സ്ഥലങ്ങളിലെ പള്ളിദർസുകളിൽനിന്ന് ഓതിപ്പഠിച്ചു. ചെങ്കളത്ത് ഓതിക്കൊണ്ടിരിക്കെയാണ് ഉത്തർ പ്രദേശിലെ ദയൂബന്ത് "അൽജാമിഅത്തുൽ ഇസ്‌ലാമിയ്യ ദാറുൽ ഉലൂം"ൽ പഠിതാവായി ചേരുന്നത്. ഇന്ത്യയിൽ പൗരാ ണികവും പ്രശസ്തവുമാണ് "അൽജാമിഅത്തുൽ ഇസ്‌ലാമിയ്യ ദാറുൽ ഉലൂം". ദയൂബന്ദിൽ നിന്ന് ഹദീഥിൽ "മൗലവി ആലിം" ബിരുദം നേടി.

1971–ൽ ഹജ്ജിന് പുറപ്പെട്ടു. ഹജ്ജിന് ശേഷം മദീനാ സിയാറത്തിനെത്തിയപ്പോൾ മദീന ഇസ്‌ലാമിക് യൂണി വേഴ്സിറ്റിയുടെ വൈസ് ചാൻസിലർ ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസിനെ കണ്ടുമുട്ടാനുള്ള അവസരമൊരു ങ്ങി. തന്റെ ബന്ധുവായ ടി. ഉബൈദ് സ്വാഹിബിന്റെ താൽപര്യപ്രകാരം അന്ന് മദീന യൂണിവേഴ്സിറ്റിയിലെ

അദ്ധ്യാപകനായി ജോലി ചെയ്തിരുന്ന കുമരനല്ലൂർ സ്വദേശി സഅദുദ്ദീൻ മൗലവിയായിരുന്നു പ്രസ്തുത അഭിമുഖത്തിന് വേദിയൊരുക്കിയത്.

ഇബ്നു ബാസുമായുള്ള കൂടിക്കാഴ്ചയിൽ അദ്ദേഹ ത്തെ ജാമിഅയിൽ ഒരു വിദ്യാർത്ഥിയായി തെരഞ്ഞെടുത്തു. പക്ഷെ അന്ന് ഇന്ത്യൻ ഭരണകൂടം വിദ്യാർത്ഥികളുടെ വിസ തിരിച്ചയക്കുകയായുരുന്നതിനാൽ, ഏതെങ്കിലും ഒരു അറബ് നാട്ടിൽ വന്ന് താമസിക്കുന്ന സ്ഥലത്തെ അഡ്രസ്സറിയിച്ചാൽ അവിടേക്ക് വിസയെത്തിച്ചുതരാമെന്ന് ശൈഖ് ഇബ്നുബാസ് വാക്കുകൊടുത്തു. ഹജ്ജ് കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തിയ മൗലവി ഏറെ വൈകാതെ തൻെറ പഠന യാത്ര ആരംഭിച്ചു. മുംബെയിൽ നിന്ന് ഇറാഖിലേക്ക് പോകുന്ന "ദ്വാരക" എന്ന കപ്പലിൽ ഇറാഖിലെത്തി. പഠനത്തിൻേറയും പ്രഭാഷണങ്ങളു ടേയും അന്വേഷണങ്ങളുടേയും യാത്രയായിരുന്നു പ്രസ്തുത യാത്ര. ഇറാഖിൽനിന്ന് ദമസ്കസ്, ഹമ, ഹലബ്, ഹെംസ് എന്നീ ചരിത്ര പ്രസിദ്ധസ്ഥലങ്ങളിൽ സന്ദർശിക്കുകയും ദഅ്വത്ത് പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

1972–ൽ ജാമിഉൽ ഹസനൈനിയിൽ പ്രബോധന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കെയാണ് ദമസ്കസിലെ സൗദി എംബസിയിൽ വിസയെത്തിയ വിവരമറിയുന്നത്. പെട്ടെന്നുതന്നെ വിസ ശരിയാക്കി മദീനയിലെത്തി. മദീന യൂനിവേഴ്സിറ്റിയിൽ വിദ്യാർത്ഥിയായി ചേർന്നു.

12 വർഷകാലം ആ വിദ്യഭ്യാസജീവിതം തുടർന്നു. ആദ്യ നാലുവർഷം ദഅ്വാ കോളേജിൽ പഠിച്ച് ഒന്നാം റാങ്കോടെ പാസായി. തുടർന്ന് എം.എ.-ക്ക് തെരഞ്ഞെടുക്കപ്പെ

ടുകയും "തഫ്സീറുൽ ക്വുർആനി"ൽ ബിരുദാനന്തരബിരുദം നേടുകയും ചെയ്തു. "നാസിഖ് മൻസൂഖി"ൽ ( മുമ്പ് സ്ഥിര പ്പെട്ട വിധിയെ പിന്നീട് ദുർബലപ്പെടുത്തുമ്പോൾ ദുർബലപ്പെ ടുത്തിയ വചനവും ദുർബലപ്പെടുത്തപ്പെട്ട വചനവും) അദ്ദേഹം നടത്തിയ പഠനം പിന്നീട് മദീന യൂണിവേഴ്സിറ്റി തന്നെ പുസ്തകമായി പുറത്തിറക്കിയിട്ടുണ്ട്. നാലു വർഷമായിരുന്നു എം.എ. പഠനം. തുടർന്നുള്ള നാലു വർഷം ഡോക്ടറേറ്റിനു വേണ്ടിയായിരുന്നു. ഹിജ്റ 427-ൽ വഫാത്തായ ഇമാം അഹമദ് ബ്നു ഇസ്ഹാഖ് അഥ്ഥ അ്ലബി അശ്ശാഫിഈയുടെ 13 വാല്യങ്ങളുള്ള തഫ്സീ റിനെ ആസ്പദമാക്കിയായിരുന്നു ഡോക്ടറേറ്റിന് വേണ്ടി യുള്ള പഠനം. പ്രസ്തുത പഠനത്തിൽ രണ്ടാം റാങ്കോടെ ഡോക്ടറേറ്റ് കരസ്ഥമാക്കി. മൗലവിയുടെ പഠന ജീവിതം ജോലിയുടേതും ഇന്നും തുടരുന്ന ജോലിജീവിതം പഠനത്തി ൻേറയും അന്വേഷണത്തിൻേറതുമാണ്.

മൗലവിയുടെ ജോലിജീവിതം പഠനജീവിതത്തെപ്പോലെ തന്നെ ശ്രമകരമാണ്. ആറുവർഷം മസ്ജിദുന്നബവിയിൽ ജോലി ചെയ്ത അദ്ദേഹം മദീനാ ഇസ്ലാമിക് യൂണിവേഴ് സിറ്റിയിൽ "ഖിസ്മുസുന്നത്തി വസ്സീറത്തുന്നബവിയ്യ"യിൽ പ്രൊഫസറുടെ തസ്തികയിൽ ഹദീഥ് ഗവേഷണം നടത്തി ഇൻെറർനെറ്റിലാക്കുന്ന ജോലി ചെയ്യുന്നു. മലിക് ഫഹദ് ക്വുർആൻ പ്രിൻറിംഗ് പ്രസ്സ് പുറത്തിറക്കുന്ന വിശുദ്ധ ക്വുർആൻ മലയാള പരിഭാഷയുടെ സൂക്ഷ്മ പരിശോധകൻ കൂടിയാണ് മൗലവി. കൂടാതെ മലയാളത്തിൽ പുറത്തിറക്കുന്ന പല ആധികാരിക ഗ്രന്ഥങ്ങളുടേയും പരിശോധകനും ഉപ ദേശകനുമാണ് അദ്ദേഹം. മത, രാഷ്ട്രീയ നേതാക്കളും

അനുയായികളും മൗലവിയുടെ ഉപദേശനിർദ്ദേശങ്ങൾ ആരായൽ അവരുടെ മദീന സന്ദർശനത്തിൻെറ ഭാഗമായി മാറിയിരിക്കുന്നു. അറബികളിലേയും അനറബികളിലേയും പഠിതാക്കൾക്കും പണ്ഡിതർക്കും അവലംഭരായ ആധികാരിക വിജ്ഞാന സ്രോതസ്സുകളിലൊരാളാണ് ഡോ. അശ്റഫ് മൗലവി.

1974 മുതൽ മസ്ജിദുന്നബവിയിലും മദീനയിലെ ഇതര ദീനിവിജ്ഞാന കേന്ദ്രങ്ങളിലും മൗലവിയുടെ പ്രഭാഷണങ്ങളും ക്ലാസ്സുകളും തുടരുന്നു. രണ്ട് വ്യാഴവട്ടക്കാലമായി മൗലവിയിൽ നിന്ന് അറിവ് പഠിച്ച വിദ്യർത്ഥികളുടെ എണ്ണം അഗണ്യമാണ്.

ഭാര്യ ഫാത്വിമയും ആറുമക്കളുമടങ്ങുന്ന (സ്വഫാ, സ്വഫ്വാൻ, വഫാ, അഫ്നാൻ, നൗഫ്, ഫാരിസ്) കുടുംബമാണ് മൗലവിയുടേത്. അദ്ധ്യാപികയായ ഭാര്യ അറബി സാഹിത്യകൃതികളിൽ എഴുതിതെളിഞ്ഞ സാഹിത്യകാരി കൂടിയാണ്.

# വിവർത്തകന് പറയാനുള്ളത്.

സുഹൃത്തേ,

ശൈഖ് മുഹമ്മദ് അശ്റഫ് അലി അൽ മലബാരി, വിശുദ്ധ മദീനയിലെ മലിക് ഫഹ്ദ് ക്വുർആൻ പ്രിൻറിംഗ് പ്രസ്സ് കോംപ്ളക്സിൻെറ താൽപര്യപ്രകാരം തയ്യാറാക്കി സമർപ്പിച്ച, പ്രസതുത കോംപ്ളക്സ് ഗ്രന്ഥരൂപത്തിൽ പുറത്തിറക്കിയ, “താരീഖു തത്വവ്വുരി തർജ്ജമത്തി മആനിൽ ക്വുർആനിൽ കരീം ഇലൽ ലുഗത്തിൽ മലയ്ബാരിയ്യ” എന്ന അറബിപഠന ഗ്രന്ഥത്തിൻെറ മലയാളവിവർത്തനമാണ് “വിശുദ്ധ ക്വുർആൻ ആശയ വിവർത്തനത്തിൻെറ വികാസ ചരിത്രം മലയാളത്തിൽ” എന്ന പേരിൽ താങ്കളുടെ കരങ്ങളിൽ. സാഹിത്യഭംഗിയുള്ള പ്രസ്തുത ചരിത്രപഠനഗ്രന്ഥം തയ്യാറാക്കിയ ഗ്രന്ഥകാരൻെറ വലിപ്പവും ഈ വിവർത്തകൻെറ ചെറുപ്പവും ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. ഗ്രന്ഥകാരൻ തൻെറ ഗവേഷണപഠനത്തിൽ എഴുതിയത് കഴിയും വിധം ഈ താളുകളിലേക്ക് വിവർത്തനം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. (പേജ് 106 മുതൽ 111വരെ) ടി. ഉബൈദ് സാഹിബിൻെറ ക്വുർആൻ ബോധനവുമായി ബന്ധപ്പെട്ട പഠനക്കുറിപ്പ് മൗലവി പ്രത്യേകമായി എഴുതി തന്ന വരികളുടെ വിവർത്തനമാണ്. പ്രസ്തുതഭാഗം മൂലകൃതിയിലില്ല. കാരണം ഈ മൂലഗ്രന്ഥം മലിക് ഫഹ്ദ് ക്വുർആൻപ്രിൻറിംഗ് പ്രസ്സ് കോംപ്ളക്സിൽ പ്രസിദ്ധീകരിച്ച സമയം "ക്വുർആൻ ബോധനം" അതിൻെറ പണിപ്പുരയിലായിരുന്നു. തെറ്റുകൾ നാഥൻ പൊറുക്കട്ടെ...... വീഴ്ചകൾ

മാപ്പാക്കട്ടെ...... വിവർത്തനത്തിൽ തെറ്റുകൾ വന്നുപോയിട്ടു ണ്ടെങ്കിൽ നല്ല നിയ്യത്തോടെ ചൂണ്ടിക്കാണിച്ച് നേരിലേക്ക് എന്നെ വഴിനടത്തണമെന്ന് എല്ലാ മാന്യവായനക്കാരോടും വിനയത്തിൻെറ ഭാഷയിൽ ആവശ്യപ്പെടുന്നു.

ഈ സംരംഭം തയ്യാറാക്കാൻ എനിക്ക് തൗഫീഖേകി യ പ്രപഞ്ചനാഥന്ന് മാത്രമാണ് സ്തുതികൾ മുഴുവനും. അ തിൽപിന്നെ ഇത് ഇവിടെയെത്താൻ സഹകരിച്ചവരും സഹാ യിച്ചവരും പലരുണ്ട്. വേണ്ടത്ര സഹകരിക്കുകയും രണ്ടു തവണ ഇതിൻെറ പരിശോധന നടത്തുകയും ചെയ്ത അശ്റഫ് മൗലവി (ഗ്രന്ഥകാരൻ), ജമാൽമാഷ് പുളിക്കൽ, മുഹമ്മദ് അലി പുലാശ്ശേരി, നൗഷാദ് തിരുവനന്തപുരം, അബ്ദുൽ ലത്വീഫ് കോതൊടിയിൽ, മുഹമ്മദ് റയ്യാൻ, ഇബ്റാഹീം കൊച്ചി, തുടങ്ങി പലരും. എല്ലാവർക്കും നാഥൻ തക്കപ്രതിഫലം നൽകട്ടേ എന്ന് ആത്മാർത്ഥമായി പ്രാർത്ഥി ക്കുന്നു. ഈ വിവർത്തനം നിങ്ങളുടെ കരങ്ങളിലേക്ക് സമർ പ്പിക്കുന്നു. ഞങ്ങളുടെ നാഥാ നിൻെറ പ്രീതിക്കായി മാത്രം...

അബ്ദുൽ ജബ്ബാർ അബ്ദുല്ല

# ആമുഖം

സ്തോത്രങ്ങളെല്ലാം അല്ലാഹുവിന്നാകുന്നു. അവനെ സ്തുതിക്കുന്നു. അവനോട് സഹായത്തിനും പാപമോചനത്തിനും നേർമാർഗ്ഗത്തിന്നും തേടുന്നു. സ്വന്തം തിന്മകളിൽനിന്നും ദുഷ്ചെയ്തികളിൽനിന്നും അവനോട് രക്ഷതേടുന്നു. അവൻ വഴികാട്ടിയവരെ പിഴപ്പിക്കാനാരുമില്ല. അവൻ വഴികേടിലാക്കിയവരെ നേർവഴി നടത്താനും ആരുമില്ല. അവനല്ലാതെ ആരാധ്യനേയില്ലെന്നും അവന് പങ്കുകാരില്ലെന്നും മുഹമ്മദ് (ﷺ)അല്ലാഹുവിൻെറ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ حَقَّ تُقَاتِـهِ وَلاَ تَمُـوتُنَّ إِلاَّ وَأَنـتُم مُّسْـلِمُونَ ( سورة آل عمران:١٠٢)

" സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്. " (വി.ക്വു. 3 : 102)

يَا أَيُّهَا النَّاسُ اتَّقُواْ رَبَّكُمُ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَخَلَقَ مِنْهَا زَوْجَهَا وَبَثَّ مِنْهُمَا رِجَالاً كَثِيرًا وَنِسَاء وَاتَّقُواْ اللّهَ الَّذِي تَسَاءلُونَ بِهِ وَالأَرْحَـامَ إِنَّ اللّهَ كَانَ عَلَيْكُمْ رَقِيبًا (سورة النساء:١)

"മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും, അതിൽനിന്നു തന്നെ അതിൻെറ ഇണയെയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളേയും വ്യാപിപ്പിക്കുകയും ചെയ്ത

വനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഏതൊരു അല്ലാഹുവിൻെറ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചുകൊണ്ടിരിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷി ക്കുക. കുടുംബ ബന്ധങ്ങളേയും (നിങ്ങൾ സൂക്ഷിക്കുക) തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരി ക്കുന്നവനാകുന്നു. " (വി.ക്വു. 4:1)

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلًا سَدِيدًا * يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَن يُطِعِ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا (سورة الأحزاب:٧٠ , ٧١)

" സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കു കയും, ശരിയായ വാക്ക് പറയുകയും ചെയ്യുക. എങ്കിൽ അവൻ നിങ്ങൾക്ക് നിങ്ങളുടെ കർമ്മങ്ങൾ നന്നാക്കിത്തരി കയും, നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യും. അല്ലാഹുവെയും അവൻെറ ദൂതനേയും ആർ അനുസരിക്കു ന്നുവോ അവൻ മഹത്തായ വിജയം നേടിയിരിക്കുന്നു " (വി.ക്വു. 33 : 70, 71)

വിശുദ്ധ ക്വുർആനിന് അവതരണനാൾ മുതലുള്ള കാലഘട്ടങ്ങളിൽ എല്ലാം പണ്ഡിതവരേണ്യരുടെയും വ്യാഖ്യാ നപടുക്കളുടെയും ഗ്രന്ഥകാരന്മാരുടേയും മുഴുപരിഗണനയും സിദ്ധിച്ചിട്ടുണ്ട്. നാളവസാനിക്കുന്നത്വരെയും ഈ പരിഗ ണന വിശുദ്ധ ക്വുർആനിന്ന് നിലനിൽക്കും. ഇൻശാ അല്ലാഹ്.

വിശുദ്ധക്വുർആൻ അവതരിക്കാനുള്ള മുഖ്യലക്ഷ്യ ത്തിലേക്ക് ജനകുലത്തെ ആനയിക്കുക എന്ന പരിശ്രമമത്രെ

പ്രസ്തുത പരിഗണനയിൽ പ്രകടവും പ്രമുഖവുമായത്. പ്രസ്തുത ലക്ഷ്യം അല്ലാഹു വിവരിക്കുന്നു:

الَر كِتَابٌ أَنزَلْنَاهُ إِلَيْكَ لِتُخْرِجَ النَّاسَ مِنَ الظُّلُمَاتِ إِلَى النُّورِ بِإِذْنِ رَبِّهِمْ إِلَى صِرَاطِ الْعَزِيزِ الْحَمِيدِ (سورة إبراهيم: ١)

"അലിഫ് ലാം റാ, മനുഷ്യരെ ഇരുട്ടുകളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ട് വരാൻ വേണ്ടി നിനക്ക് അവതരിപ്പിച്ച് തന്നിട്ടുള്ള ഗ്രന്ഥമാണത്..." (വി.ക്വു. 14 : 1)

വിശുദ്ധ ക്വുർആനിന്ന് വർത്തമാനകാലത്ത് അതുല്ല്യമായ സ്ഥാനമാണ് കിംഗ് ഫഹദ് ഖുർആൻ പ്രിൻറിംഗ് പ്രസ്സ് കോംപ്ളക്സിലൂടെ ലഭിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത കോംപ്ളക്സ് വിശുദ്ധ ക്വുർആനിൻെറ സേവനപാതയിൽ തലയുയർത്തിനിൽക്കുന്ന നവോത്ഥാന നിലയമത്രെ. വിശുദ്ധ ക്വുർആൻ പ്രസിദ്ധീകരിക്കുന്നതിലും ലോക ഭാഷകളിലേക്ക് അത് ആശയവിവർത്തനം നടത്തുന്നതിലും പ്രചരിപ്പിക്കുന്നതിലും മുഖ്യപങ്ക് അതിനുണ്ട്. അല്ലാഹു അതിൻെറ നടത്തിപ്പുകാർക്ക് തക്കപ്രതിഫലവും അനുഗ്രഹവും പ്രദാനം ചെയ്യുമാറാകട്ടെ.

ക്വുർആൻ പ്രിൻറിംഗ് പ്രസ്സിൻെറ മാതൃകാപരമായ നിലപാടിൽ നിന്ന് പ്രയാണം കുറിച്ചുകൊണ്ട് വിശുദ്ധ ക്വുർആൻ ആശയ വിവർത്തനവുമായി ബന്ധപെട്ട പ്രശ്നങ്ങൾ അഥവാ ഭൂതത്തിൻെറ മൂല്യനിർണയവും ഭാവി ആസൂത്രണവും ചർച്ചചെയ്യുന്നതിന്ന് ഉന്നതാധികാരമാർന്ന ഒരു സമ്മേളനം വിളിച്ച് കൂട്ടാൻ തീരുമാനിക്കുകയും ലോകത്തിൻെറ വിവിധമേഖലകളിൽ നിന്നുള്ള പ്രമുഖരുടെ വാമൊഴികളും

വരമൊഴികളും സമർപ്പിച്ച് കൊണ്ടുള്ള പങ്കാളിത്തം അതിലേക്ക് ആവശ്യപെടുകയുമുണ്ടായി. അത്തരമൊരു താൽപര്യമത്രെ ഈ ഗവേഷണപഠനം 'വിശുദ്ധ ക്വുർആൻ ആശയ വിവർത്തനത്തിൻെറ വികാസ ചരിത്രം മലയാളത്തിൽ' എന്ന തലകെട്ടിൽ തയ്യാറാക്കാൻ എനിക്കുള്ള പ്രേരണ.

ഈ ഗവേഷണ പഠനത്തിൻെറ ഉള്ളടക്കം ആമുഖം, മൂന്ന് അധ്യായങ്ങൾ, സമാപനം എന്നിങ്ങനെ ഭാഗങ്ങളാക്കിത്തിരിച്ചിരിക്കുന്നു.

എൻെറ ജോലിയും താമസവും മദീനയിൽ ആയതിനാൽ ഈ ഗവേഷണത്തിൻെറ പ്രാരംഭദശയിൽ ഞാൻ ചില പ്രയാസങ്ങൾ അഭിമുഖീകരിച്ചു. അവലംഭകൃതികളുടെ ദൗർലഭ്യതയത്രെ അതിൻെറ കാരണം.

എന്നാൽ അല്ലാഹുവിൻെറ അനുഗ്രഹമൊന്നുകൊണ്ടും, പിന്നെ അറബികളും കേരളീയരുമായ സുഹൃത്തുക്കളുടെ സഹായം കൊണ്ടും ഈ ഗവേഷണം മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചു. സുഹൃത്തുക്കൾ കേരളത്തിലെ പട്ടണങ്ങളിൽനിന്നും ഗ്രാമങ്ങളിൽ നിന്നും സൗദിയിൽനിന്നും ഗൾഫ് നാടുകളിൽനിന്നും വേണ്ടത്ര അവലംഭകൃതികൾ സംഘടിപ്പിച്ചതിനാൽ ഉദ്ദേശിച്ചരൂപത്തിൽ ഈ ഗവേഷണം പുറത്തിറക്കാനായി.

അവർക്കെല്ലാം അല്ലാഹു തക്ക പ്രതിഫലവും തൗഫീഖും നൽകട്ടേയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. വിശുദ്ധ ക്വുർആനിനോട് തുടർത്തുന്ന ഈ പരിഗണനക്കും ഈ അനുഗ്രഹീത സമ്മേളനം സംഘടിപ്പിച്ചതിനും ക്വുർആൻ പ്രിൻറിംഗ് പ്രസ്സ് കോപ്ളക്സിനോടുള്ള എൻെറ കൃതജ്ഞ

തയും കടപ്പാടും ഞാൻ ആവർത്തിക്കുന്നു. ഈ കോപ്ളക്സിൻെറ നടത്തിപ്പുകാർക്ക് അല്ലാഹു അത്യുത്തമമായത് പ്രതിഫലമായി നൽകട്ടെ, പ്രതാപവും ഉദവിയും വർദ്ധിപ്പിക്കട്ടെ.

## അവതാരിക

സുവിശേഷകനും താക്കീതുകാരനും അവസാനത്തെ ദൈവസന്ദേശവാഹകനുമായി നബി(ﷺ) യെ നിയോഗിച്ചതും അജയ്യമായ വിശുദ്ധ ക്വുർആൻ ഇറക്കിതന്നു എന്നതും അല്ലാഹു നമുക്കേകിയ ബൃഹത്തും മഹോന്നതവുമായ അനുഗ്രഹമത്രെ. വിശുദ്ധക്വുർആനാകട്ടെ, നിരർത്ഥകതയുടെ ലാഞ്ചന്യംപോലുമേൽക്കാതെ അല്ലാഹു തന്നെ അതിൻെറ സംരക്ഷണം സ്വയം ഏറ്റെടുത്തതുമത്രെ. അല്ലാഹു പറയുന്നു:

إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ (سورة الحجر: ٩)

“തീർച്ചയായും നാമാണ് ആ ഉത്ബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്ത് സൂക്ഷിക്കുന്നതുമാണ്. ” (വി.ക്വു. 15 : 9)

ജനഹൃദയങ്ങളിൽ സംരക്ഷിക്കപ്പെടുന്നതും ജിഹ്വകളാൽ പാരായണം ചെയ്യപ്പെടുന്നതും പാരായണം ചെയ്യപ്പെടുന്നതിലൂടെ അല്ലാഹുവിനെ ആരാധിക്കപ്പെടുകയും ചെയ്യുന്ന രീതിയിൽ വിശുദ്ധ ക്വുർആനിനെ അല്ലാഹു നിലനിർത്തി. സകലരോടും ആ വചനങ്ങളെക്കുറിച്ച് ആലോചിക്കുവാനും ആശയം ഗ്രഹിക്കുവാനും വിധിവിലക്കുകൾ പാലിക്കുവാനും അല്ലാഹു കൽപിച്ചു. അവൻ പറയുന്നു:

كِتَابٌ أَنزَلْنَاهُ إِلَيْكَ مُبَارَكٌ لِّيَدَّبَّرُوا آيَاتِهِ وَلِيَتَذَكَّرَ أُوْلُوا الْأَلْبَابِ (سورة ص: ٢٩)

“നിനക്ക് നാം അവതരിപ്പിച്ച് തന്ന അനുഗ്രഹീതമായ ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപറ്റി

അവർ ചിന്തിച്ച് നോക്കുന്നതിനും ബുദ്ധിമാന്മാർ ഉത്ബുദ്ധ രാകുന്നതിനും വേണ്ടി " (വി.ക്വു. 38:29).

ഈ അമാനുഷിക ഗ്രന്ഥത്തിൻെറ പൊൻപുലരി മക്കാ മണലാരണ്യത്തിൻെറ മുക്ക്മൂലകളിൽ ഉദയം ചെയ്തനാൾ മുതൽ ശത്രുക്കൾ വിവിധ മാർഗ്ഗങ്ങളിലൂടെ അതിനോട് യുദ്ധം തുടങ്ങി. പക്ഷെ ഇലാഹിൽ നിന്നുള്ള അപ്രമാദിത്വം അതൊന്നു കൊണ്ട് മാത്രം കുടിൽതൊട്ട് കൊട്ടാരംവരെ അതിൻെറ പൊൻപ്രഭ ചെന്നെത്തുംവിധം അതിൻെറ പ്രതിധ്വനി ദ്വിഗന്ദങ്ങളിൽ അലതല്ലി. ഫലമോ ജനങ്ങൾ അല്ലാഹുവിൻെറ ദീനിലേക്ക് കൂട്ടംകൂട്ടമായി കടന്നുവന്നു. നമ്മുടെ പൂർവ്വികരായ ജേതാക്കളായ അറബികൾ ഒരോ നാടിനേയും ഇസ്‌ലാമിന് കീഴൊതുക്കുമ്പോഴും അനറബി കളെ അറബീഭാഷ പഠിപ്പിക്കുന്നതിന് അമിതോത്സുകത കാണിക്കുകയും തത്ഫലമായി അനറബികൾ അറബി ഭാഷ യിലും അറബീ ഗ്രന്ഥരചനയിലും അഗ്രഗണ്യന്മാരാകുകയും ചെയ്തു. എന്നാൽ കാലചക്രം കറങ്ങുംതോറും മനഃസ്സാ ന്നിദ്ധ്യം ക്ഷയിക്കുകയും കാര്യങ്ങൾ കീഴ്മേൽ മറിയുകയും അനറബികളായ മുസ്‌ലിംകൾ പെരുകുകയും അതോടെ അറബീഭാഷയിൽനിന്ന് അകന്നവരായി മാറുകയും ചെയ്തു മുസ്‌ലിം ഭൂരിപക്ഷം. ശത്രു ജനതയാവട്ടെ തക്കം പാർത്തിരി ക്കുകയായിരുന്നു.

അന്യഭാഷകളിലേക്കുള്ള വിവർത്തനത്തിലൂടെ തങ്ങ ളുടെ വിത്തും വിഷബീജവും വിതക്കാൻ നിലം ഫലഭൂയിഷ്ട മാണെന്ന് അവർ കണ്ടു. അതോടെ ഏ.ഡി:1542-ൽ ആദ്യ മായി ലാറ്റിൻ ക്വുർആൻ പരിഭാഷ പ്രസാധനം ചെയ്യപെട്ടു.

തുടർന്ന് ഏ.ഡി. 1647-ൽ ഫ്രഞ്ച് പരിഭാഷയും ഏ.ഡി:1657-ൽ ഹോളണ്ടി പരിഭാഷയും പിന്നീടങ്ങോട്ട് ഒന്നിന് പിറകെ മറ്റൊന്നായി പരിഭാഷകളുടെ ഘോഷയാത്രയായിരുന്നു. ആഫ്രോ-ഏഷ്യൻ ഭാഷകളിലേക്ക് കൂടി വിശുദ്ധ ക്വുർആൻ വിവർത്തനം വ്യാപിച്ചതോട് കൂടി ഏ.ഡി. 1980-ൽ പൂർണ്ണ മായോ ഭാഗികമായോ ശത്രുവിൻെറ കരങ്ങളിലൂടെ വെളിച്ചം കണ്ട ക്വുർആൻ പരിഭാഷകളുടെ എണ്ണം 671 ആയി.[1]

ഇതോടെ മുസ്ലിം ലോക പണ്ഡിതന്മാർ ഉണർ ന്നെഴുന്നേറ്റു. വൈകിയാണെങ്കിലും അവർ വിശുദ്ധ ക്വുർആ നിൻെറ ആശയവിവർത്തനം ഒരു ചർച്ചാവിഷയമാക്കി. തദ് വിഷയത്തെ അനുകൂലിക്കുന്നവരുടെയും പ്രതികൂലിക്കുന്നവ രുടെയും ഇടയിൽ ചർച്ച ദീർഘകാലം രൂക്ഷമായി നില നിന്നു. ഒടുവിൽ ഓറിയൻറലിസ്റ്റുകളുടെയും കുരിശ്യോദ്ധാ ക്കളുടെയും ഖാദിയാനികളുടെയും നാശഹേതുകമായ കൂലം കുത്തിയൊഴുക്കിന് തടയിടാനെന്നോണം വിശുദ്ധക്വുർആൻ ആശയവിവർത്തനം അനുവദനീയമാണെന്ന് ലോകത്തിൻെറ നാനാ ദിക്കുകളിൽനിന്നും പ്രമുഖ പണ്ഡിതർ പ്രഖ്യാപനം നടത്തിയതോടെ ചർച്ച നിലച്ചു.

വിശുദ്ധ ക്വുർആൻ വിവർത്തന രംഗത്ത് തെന്നിന്ത്യയി ലെ മലബാറിലെ പണ്ഡിതർക്ക് ഗണ്യവും മുഖ്യവുമായ പങ്കും വിഹിതവുമുണ്ട്. മുസ്ലിം-അമുസ്ലിം ഭേദമന്യേ മനു ഷ്യർക്ക് അത്കൊണ്ട് അല്ലാഹു ഉപകാരവുമുണ്ടാക്കിയിട്ടുണ്ട്.

---

[1] ഹസൻ അൽ മആയിർജി, അൽഹയ്അത്തുൽ ആലമിയ്യ ലിൽ ക്വുർആനിൽ കരീം

വിശുദ്ധ ക്വുർആൻ വിവർത്തനവും വിവരണവുമെന്ന ചിന്തക്ക് ലോകത്തെവിടെയുമെന്നപോലെ കേരളക്കരയിലും വിവിധകാരണങ്ങളാൽ വെല്ലുവിളികളുണ്ടായിട്ടുണ്ട്. അത് പലഘട്ടങ്ങൾ താണ്ടിയിട്ടുമുണ്ട്. അല്ലാഹുവിൽനിന്നുള്ള അനുഗ്രഹംകൊണ്ട് പ്രസ്തുത ചിന്തയുടെ വികാസമെന്നോണം വിശുദ്ധ ക്വുർആൻ വിവർത്തന ഗ്രന്ഥങ്ങൾ ഉൺമയുടെ ലോകത്ത് വെളിച്ചം കണ്ടു. പക്ഷെ താൻ താങ്ങളുടെ വിശ്വാസത്തിനും താത്പര്യത്തിനും മാർഗത്തിനും അനുസരിച്ച് സത്യത്തിൻെറയും അസത്യത്തിൻെറയും വാക്താക്കൾ അത് കൈകാര്യം ചെയ്തു.

### അധ്യായം ഒന്ന്

# മലബാറിന് അറബികളും ഇസ്‌ലാമുമായുള്ള ബന്ധം

## 1. കേരളത്തെക്കുറിച്ച് അൽപ്പം

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൻെറ തെക്ക് പടിഞ്ഞാറൻ തീരത്ത് വടക്ക് ഗോഗർണം മുതൽ തെക്ക് കന്യാകുമാരി വരെ നീണ്ടു കിടക്കുന്ന തീരപ്രദേശമത്രെ മലബാർ. മല ബാറിൻെറ സിംഹഭാഗവും ഇന്ന് കേരള സംസ്ഥാനത്തിലാ കുന്നു. ശേഷിക്കുന്ന മലബാറിൻെറ വടക്കേ അറ്റം ഇന്ന് കർണ്ണാടകയിൽ സ്ഥിതി ചെയ്യുന്നു.

മലബാർ എന്ന നാമകരണം പൂർവ്വകാലം മുതൽ വിവിധ ലക്ഷ്യങ്ങൾക്ക് കടന്നുവന്ന അറബികളുടെതാണ്. [1]

ഈ പ്രദേശമാകട്ടെ അറബികളായ വൈദേശികർ താമസിച്ചതിനാലും അറബിഭാഷ അവിടെ വ്യാപിച്ചതിനാലും മറ്റു ഇന്ത്യൻ നാടുകളിൽ നിന്ന് വ്യതിരിക്തമാണ്. എത്ര ത്തോളമെന്നാൽ ചില ചരിത്രകാരന്മാർ മലബാർ വിവിധ അറബ് ഗോത്രങ്ങളുടെ ഒരു സങ്കരവംശം ഇറങ്ങി താമസി ക്കുന്ന പശ്ചിമേഷ്യയിലെ ഒരു ദ്വീപാണെന്ന്പോലും ധരിച്ച്

---

[1] ഖാദി അഹ്മദ് ശിഹാബുദ്ദീൻ, ദലീലുൽ ഇത്തിഹാദ് 1991

വശായിട്ടുണ്ട്.[1] മലയാളഭാഷ സംസാരിക്കുന്ന കേരളീയർ ഇന്ന് 30 മില്യൻ കവിയും. അവരിൽ മുസ്ലിംകളാകട്ടെ ഇരുപത്തിയഞ്ച് ശതമാനം വരും.[2] ബുദ്ധ, ജൈന, ഹൈന്ദവ, ക്രൈസ്തവ, യഹൂദാതി മതങ്ങളിലായി വിവിധ വർഗ്ഗങ്ങളും ജാതികളുമാണ് കേരളീയർ.[3] വ്യത്യസ്ഥ ജാതികളടങ്ങുന്ന ഹൈന്ദവരാണ് ഭൂരിപക്ഷ സമൂഹം, മുസ്ലിംകൾ പ്രബല ന്യൂനപക്ഷവും. പിന്നീട് മറ്റു മതക്കാരും. ബുദ്ധമതം പണ്ടേ പ്രചാരം നേടുകയും മറ്റുമതങ്ങളേക്കാൾ സ്വധീനമുണ്ടാവുകയും ചെയ്ത കാലമുണ്ടുയിട്ടുണ്ട്. എ.ഡി. മുന്നാംനൂറ്റാണ്ടു മുതൽ ആറാം നൂറ്റാണ്ട് വരെയുള്ള കാലഘട്ടം ബുദ്ധമതത്തിൻെറ സുവർണ്ണ കാലഘട്ടം എന്ന പേരിലറിയപെടുന്നു. ബുദ്ധമതം അതിൻെറ പ്രാരംഭഘട്ടത്തിൽ വിഗ്രഹപൂജയിൽ നിന്ന് ദൂരെയായിരുന്നു. എന്നാൽ എ:ഡി: എഴാം നൂറ്റാണ്ട് മുതൽ ബുദ്ധമതം വീഗ്രഹാരാധനയും വിഗ്രഹപൂജയും അഭ്യസിച്ചെടുക്കുകയും പിന്നീട് അവിടെനിന്നങ്ങോട്ട് ബുദ്ധമതം ക്ഷയിക്കുകയും തുടർന്ന് നാമാവശേഷമാവുകയും ചെയ്തു. 1986-ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് കേരളത്തിൽ 233

---

[1] അബദുർ റഹ്മാൻ അസ്ഹരി, മലബാറിലെ പ്രഥമ പണ്ഡിതന്മാർ പേജ് : 5 - 6

[2] മലയാള മനോരമ വാർഷിക പതിപ്പ്, പേജ് 310

[3] ഡോ. അഹ്മദ് ശെൽബി, മൗസൂഅത്തു താരീഖിൽ ഇസ്ലാമി വൽ ഹളാറത്തിൽ ഇസ്ലാമിയ്യ 8 : 260

ബുദ്ധന്മാർ മാത്രമാണ് ശേഷിക്കുന്നത്. പൂർവ്വികരിൽ പലരും ഇസ്‌ലാം സ്വീകരിക്കുകയാണുണ്ടായത്.[1]

## 2. ഇസ്‌ലാം കേരളത്തിലേക്ക്

ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഇസ്‌ലാമിൻെറ ഉദയം പല ഘട്ടങ്ങളിൽ പല മാർഗ്ഗങ്ങളിലൂടെയാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നത്. എന്നാൽ അറബികളായ കച്ചവടക്കാർ ഇന്ത്യൻ പശ്ചിമതീരപ്രദേശങ്ങളേയും വാണിജ്യ കേന്ദ്രങ്ങളേയും സന്ദർശിച്ച കാലം മുതൽ വളരെ കാലം മുമ്പ്തന്നെ കേരളത്തിൽ ഇസ്‌ലാം വെളിച്ചം വീശിയിരുന്നു. [2] ശൈഖ് സൈനുദ്ദീൻ മഅ്ബറി(റ) പറയുന്നു. "നേർമാർഗ്ഗത്തിൻെറ വെളിച്ചവുമായി കേരളത്തിലേക്ക് കടന്നു വന്നവർ മാലിക്ബ്നു ദീനാറും, ശറഫുബ്നു മാലിക്കും, മാലിക്കുബ്നു ഹബീബും മറ്റുമായിരുന്നു. ഇവർ കേരളക്കരയിൽ സത്യപ്രബോധനാർത്ഥം പള്ളികളും സ്രാമ്പികളും പണിയുകയുണ്ടായി, ഉമർ(റ)വിൻെറ ഭരണകാലത്താണ് അവർ കേരളത്തിൽ വന്നെത്തിയത്."[3]. പ്രസിദ്ധ എഴുത്തുകാരനായ മസ്ഊദ് ആലം നദ്‌വി രേഖപ്പെടുത്തുന്നു: "ഉമർ(റ)വിൻെറ ഭരണ കാലത്ത് കേരളത്തിലേക്ക് കടന്നുവന്ന സംഘം ആദ്യമായി ബോംബെക്കടുത്ത താന യിലും പിന്നീട് ഗുജറാത്തിലെ

---

[1] അബൂബക്കർ മുഹമ്മദ്, ഖാഫില മാസിക ലക്കം 1420

[2] ഹകീം ശംസുല്ലാഹ് അൽ ഖാദിരി, മലബാർ : പേജ് 10-11

[3] സൈനുദ്ദീൻ അൽ മഅ്ബരി, തുഹ്ഫത്തുൽ മുജാഹിദീൻ, പേജ്: 26-27

ഭറോജിലും സഞ്ചരിച്ചു. സഹാബികളുടെ കാലത്ത് അവരിൽ ചിലർ ഇന്ത്യയിൽ എത്തി എന്നതിൽ സംശയമില്ല"[1]

ഉപരി സൂചിത ഉദ്ധരണികളെല്ലാം ചില ചൂണ്ടുപല കകളാണ്. എല്ലാം തന്നെ ഇസ്‌ലാം എന്ന ഋജുമാർഗ്ഗത്തെ വളരെ കാലം മുമ്പു തന്നെ ഇന്ത്യയുടെ തെക്ക് പടിഞ്ഞാറൻ തീരപ്രദേശങ്ങൾ മറ്റു മേഖലകളെ പിന്നിലാക്കി സ്വീകരിച്ചി ട്ടുണ്ട് എന്ന് ഉറപ്പിക്കുന്നു, വിശിഷ്യാ കേരളക്കരയിൽ. പണ്ട് മുതലെ അറബികളും കേരളവും തമ്മിലുള്ള ബന് ധവും അങ്ങോട്ടുള്ള അറബികളുടെ ആഗമനവും ഇസ്‌ലാം കേരളനാട്ടിൽ വളരെ പണ്ടു തന്നെ വേരു പിടിച്ചിട്ടുണ്ടെന്നത് ശരിവെക്കുന്നു. കൂടാതെ പൗരാണിക പള്ളികളിലെകൊത്തു വേല ചെയ്യപ്പെട്ട ശിലകളിൽ രേഖപ്പെടുത്തപ്പെട്ടതനുസരിച്ച് അവയുടെ നിർമ്മാണം ഉമർ(റ) വിൻെറ കാലത്താണെന്നാണ് മനസ്സിലാക്കിത്തരുന്നത്.[2]

---

[1] മസ്ഊദ് ആലം നദ്‌വി, മുഖദ്ദിമത് താരീഖു ദഅ്‌വ: അൽ ഇസ്‌ലാമിയ്യ ഫിൽ ഹിന്ദ്.

[2] ഞാൻ എൻെറ ജന്മനാടായ കാസർക്കോട്ട് ഇത് ദർശിച്ചിട്ടുണ്ട്.

അവിടെ ഒരു ജുമഅത്ത് പള്ളിയുണ്ട്. സൈനുദ്ദീൻ മഅ്ബറി തുഹ്ഫയിൽ സൂചിപ്പിച്ചപോലെ അറേബ്യൻ ഉപദ്വീപിൽനിന്നു വന്ന സംഘത്തിലെ മാലിക് ബ്നു ഹബീബ് പണിതതായ പള്ളിയാണത് എന്നാണ് ചരിത്രകാരന്മാർ അതിനെ കുറിച്ച് പറയുന്നത്.

## 3. അറബികളും അറബിഭാഷയും കേരളത്തിൽ

മുസ്ലിംകളായ അറബികളിലൂടെ ഇസ്ലാം അന്ന്യ ദേശങ്ങളിലേക്ക് പ്രവേശിച്ചതോടെ ആ നാടുകളിൽ അറബി ഭാഷയും പ്രചരിച്ചു. അന്നുമുതൽ ഇന്നുവരെ അന്നാടുക ളിൽ അറബിഭാഷ ആ നാട്ടുകാരുടെ മുഴുശ്രദ്ധ പിടിച്ചു പറ്റു കയും എടുത്തുപറയത്തക്ക സ്ഥാനം നേടുകയും ചെയ്തു. ഇന്ത്യയിൽ സൈനീക ജേതാക്കളിലൂടെയുള്ള ഇസ്ലാമിൻെറ ആഗമനം താരതമ്യേന വൈകിയാണ്. ഹിജ്റയുടെ 91-ാം വർഷം ഉമവി ഭരണകാലത്ത് വടക്കേ ഇന്ത്യയിൽ മുഹമ്മദ് ബ്നു ഖാസിമു ഥഖഫിയിലൂടെയായിരുന്നു പ്രസ്തുത ആഗ മനം. എന്നാൽ അദ്ദേഹത്തിൻെറ പ്രബോധനവും രാഷ് ട്രവും സിന്ധ് പ്രവിശ്യയിൽ പരിമിതമായിരുന്നു. പിന്നീട് ഇന്ത്യയിൽ വൈദേശിക സൈനീകമുന്നേറ്റങ്ങൾ നിൽക്കു കയും ഹിജ്റ 392-ൽ മഹ്മൂദ് ഗസ്നവി തൻെറ ആദ്യാ ക്രമണം ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ അതിർത്തികളിൽ നടത്തുകയും പിന്നീടത് തുടരുകയും ചെയ്തു. അങ്ങിനെ ഇസ്ലാമികഭരണം ഇന്ത്യയുടെ വടക്കും തെക്കു പടിഞ്ഞാറൻ നാടുകളിലും വ്യാപിച്ചു. വൈദേശികരായ തൈമൂരികൾ, മുഗളർ, അടിമവംശസ്ഥാപകർ എന്നിവരിലൂടെ പിന്നീട് വിജയങ്ങൾ വ്യാപകമാവുകയാണുണ്ടായത്.[1]

എന്നാൽ–നാം മുമ്പ് സൂചിപ്പിച്ചത്പോലെ– ഇന്ത്യയുടെ തെക്കൻ തിരപ്രദേശങ്ങൾ പണ്ട് കാലം മുതലെ പൗരാണിക

---

[1] മസ്ഊദ് ആലം നദ്‌വി, മുഖദ്ദിമത് താരീഖു ദഅ്‌വ അൽ ഇസ്ലാമിയ്യ.

അറബികളുമായും അവിടേക്ക് കടന്നുവരുന്ന അറേബ്യൻ വൈദേശികരുമായും ബന്ധം പുലർത്തിയിരുന്നു.

ചരിത്രകാരന്മാർ പറയുന്നു: സുലൈമാൻ നബി(അ) യുടെ കാലത്തിന് വളരെ മുമ്പ്തന്നെ (ബി.സി. 1000ത്തിൽ) അറബികൾ കടൽമാർഗ്ഗം പേർഷ്യൻ തീരപ്രദേശങ്ങളിൽ നിന്നും ഒമാനിൽനിന്നും കേരളത്തിലേക്ക് വന്നെത്തിയിട്ടുണ്ട്.[1] ഈ വൈദേശികർ നബി(സ) നിയോഗിതനാവുമ്പോൾ സിത്ത്, ബയ്സരികൾ, അഹാമിറ എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു." [2]

ശംസുദ്ദീൻ ഖാദിരി പറയുന്നു: "(യമനിലെ) ഹദർ മൗത്തിൻെറ പ്രാന്തപ്രദേശമായ ദിഫാർ തുറമുഖം മലബാറിൻേറയും അറബികളുടേയും നേർക്കുനേരെയുള്ള വാണിജ്യ കേന്ദ്രമായിരുന്നു." [3]

പ്രൊഫസർ അഹമ്മദ് ശലബി പറയുന്നു: "കേരളത്തിൻെറ ഗ്രാമങ്ങളിലും കുഗ്രാമങ്ങളിലും ഉത്പാദിപ്പിക്കുന്ന ഇഞ്ചി, കുരുമുളക്, ഏലം എന്നിവ ഇസ്ലാമികാഗമനത്തിന് മുമ്പ് തന്നെ അറേബ്യൻ ചന്തകളിൽ കാണപ്പെട്ടിരുന്നു."[4]

---

[1] കേരള സംസ്കാരം പേജ് 18

[2] ഡോ. മുഹ്യുദ്ദീൻ ആലുവായ്, 'ഇസ്ലാമിക പ്രബോധനം ഇന്ത്യയിൽ പേജ് : 164

[3] ഹകിം ശംസുല്ലാഹ് ഖാദിരി, മലബാർ പേജ്:11

[4] ഡോ. അഹ്മദ് ശെൽബി, മൗസൂഅത്തു താരീഖിൽ ഇസ്ലാമി വൽ ഹളാറത്തിൽ ഇസ്ലാമിയ്യ 8 : 260

ലോകസഞ്ചാരി ഇബ്നു ബത്തൂത്ത തൻെറ സഞ്ചാര കുറിപ്പിൽ താൻ കേരളത്തിൽ തൻെറ നഗ്നനേത്രങ്ങൾ കൊണ്ട് കണ്ടതായ അറേബ്യൻ അടയാളങ്ങളേയും ഗോത്ര ങ്ങളേയും ഇസ്‌ലാമിക പൈതൃകങ്ങളേയും സാത്ഭുതം രേഖപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം തന്നെ അറബികളായ പണ്ഡിതരേയും അധ്യാപകരേയും ജഡ്ജിമാരേയും കണ്ട തും അറബി അധ്യായനത്തിനും അറബി ഗ്രന്ഥരചന ക്കുമുള്ള പ്രാധാന്യം അവിടെ കണ്ടതും അദ്ദേഹം രേഖപ്പെടു ത്തിയിട്ടുണ്ട്. [1]

കൂടാതെ കേരളവുമായി വിവിധ ബന്ധങ്ങൾ വെച്ചു പുലർത്തിയിരുന്ന അറേബ്യൻ കുടുംബങ്ങൾ കേരള ത്തിൽ താമസമുറപ്പിച്ചിട്ടുണ്ട്. ഈ കുടിയേറ്റം ഇസ്‌ലാമിക –കേരളാ സംസ്കാരങ്ങളുടെ സങ്കരണത്തിനും അറബി ഭാഷക്ക് മുഴുകേരളത്തിലും എടുത്തു പറയത്തക്ക രീതിയി ലുള്ള ഉയർച്ചക്കും പ്രചരണത്തിനും കാരണവുമായിട്ടുണ്ട്. [2]

---

[1] ഇബ്നു ബത്തൂത്തയുടെ സഞ്ചാരക്കുറിപ്പുകൾ 555 - 561

[2] അറബിഭാഷയോടുള്ള മുസ്‌ലിംകളുടെ ബന്ധംകൊണ്ടാണ് മുസ്‌ലിം ലീഗിന്ന് അറബി ഭാഷയെ ഗവ:വിദ്യാഭ്യാസ സ്ഥാപന ങ്ങളിൽ പാഠ്യവിഷയമാക്കുന്നതിലും ഐച്ഛിക വിഷയങ്ങളിൽ ഉൾപ്പെടുത്തുന്നതിലും വിജയിക്കാൻ കഴിഞ്ഞത്.

## 4. ക്വുർആൻ പഠന ഉപാധികൾ, വിവർത്തനത്തിൻെറ പരിണാമഘട്ടങ്ങൾ

ഡോ. ജോസഫ് താൻ അറബീഭാഷയിൽ ആകൃഷ്ടനായതിനെകുറിച്ചും കേരളത്തിൽ അതിൻെറ വ്യാപനത്തെകുറിച്ചും പറയുന്നു: "മലയാളത്തിൽ ഒരു ക്വുർആൻ പരിഭാഷയും ഉണ്ടായിരുന്നില്ല. എന്നാൽ മുസ്ലിംകൾ ഒരു അനിവാര്യത എന്നോണം അറബിഭാഷ പഠിക്കാൻ നിർബന്ധിതരാവുകയാണുണ്ടായത്.[1]

പണ്ട് മുതലെ അറബികളുടേയും കേരളീയരുടേയും ഇടയിലുള്ള സുദൃഢവും ദൂരവ്യാപകവുമായിട്ടുള്ള ബന്ധം അറബിഭാഷ പഠിക്കുന്നതിന്നും വിശുദ്ധ ക്വുർആൻ മനസ്സിലാക്കുന്നതിന്നും ഇസ്ലാമികാധ്യാപനങ്ങൾ നിർവ്വഹിക്കുന്നതിന്നും വിശുദ്ധ ക്വുർആനിലെ സാങ്കേതിക പദങ്ങൾ മനസ്സിലാക്കുന്നതിന്നും ഒട്ടേറെ സഹായകമായിട്ടുണ്ട്. അങ്ങിനെ ക്വുർആനിക പ്രബോധനം അവർക്കിടയിൽ പെട്ടന്ന് പ്രചരിക്കുകയും പണ്ഡിതന്മാരും ഗ്രന്ഥരചയിതാക്കളും കർമ്മശാസ്ത്രജ്ഞരും ഗദ്യ-പദ്യ ഭാഷാ പടുക്കളും അവരിൽ നിന്ന് ഉടലെടുക്കുകയും ചെയ്തു.

ഈ കാലഘട്ടത്തിൽ ക്വുർആൻ പഠിക്കാനും ഉൾകൊള്ളാനുമുണ്ടായിരുന്ന പ്രധാന മാർഗ്ഗങ്ങൾ.

---

[1] ഡോ. എം. ജോസഫ് ,

## ഓത്തുപള്ളികൾ

അധ്യാപകരിലൂടെയും വഅള് പറയുന്നവരിലൂടെയും പ്രാസംഗികരിലൂടെയും ക്വുർആൻ പഠിക്കുകയും ആശയം ഗ്രഹിക്കുകയും ചെയ്യുന്നതിന്പുറമെ ഓത്തുപള്ളികളായിരുന്നു പഠനത്തിനുള്ള പൗരാണിക മാർഗ്ഗം. നൂറ്റാണ്ടുകൾ ഏറെ മലബാർ മുഴുവനും ക്വുർആൻ പഠിക്കാനുള്ള പഠന മുറ ഓത്തു പള്ളികളായിരുന്നു എത്രത്തോളമെന്നാൽ ഒരിക്കലും കയ്യൊഴിക്കാനും മാറ്റം വരുത്തുവാനും കഴിയാത്ത വിധം സ്ഥിരപ്പെട്ട രീതിയായി മാറി ഓത്തുപള്ളികൾ.

ഇവിടെ സൂചിപ്പിക്കേണ്ട മറ്റൊരു കാര്യം, ഹിജാസ്, യമൻ, ഈജിപ്ത് എന്നിവിടങ്ങളിലും ക്വുർആൻ പഠിപ്പിക്കാൻ ഇതേ മാർഗ്ഗമായിരുന്നു പിൻതുടർന്നിരുന്നത്. അവിടെങ്ങളിൽ നിന്ന് കുടിയേറിപ്പാർത്തവരാണ് ഈ രീതി കേരളത്തിൽ കൊണ്ടുവന്നത്.[1]

## ഓത്തുപള്ളികളിൽ നിന്ന് മദ്രസകളിലേക്ക്

നൂറ്റാണ്ടുകളായി ക്വുർആൻ പഠനത്തിൻെറ കോട്ടകളായി നിലകൊണ്ട ഓത്തുപള്ളികൾ മദ്റസകളായി വളർന്നു പരിണമിച്ചു. ആദ്യമായി ഒരു സ്വതന്ത്രമദ്രസ സ്ഥാപിക്കുന്നതിനുള്ള ശ്രമമുണ്ടായത് എ.ഡി.1871-ൽ ആയിരുന്നു. പ്രസ്തുത മാറ്റം മുസ്ലിയാരകത്ത് സൈനുദ്ദീൻ എന്നിവരുടെ

---

1 അബ്ദുർ റഹ്മാൻ അൽ അസ്ഹരി, മലബാറിലെ പ്രഗത്ഭ പണ്ഡിതന്മാർ ആമുഖം.

കയ്യാലായിരുന്നു. എന്നിരുന്നാലും പഠന രീതി ഓത്തുപള്ളികളുടേതിന് സാദൃശ്യമുള്ളതായിരുന്നു. [1]

## അറബിക് കോളേജുകൾ

തുടർന്ന് 1908ൽ വിസ്മയകരമായ മറ്റൊരു മാറ്റമുണ്ടായി. ആധുനിക മദ്രസാവിപ്ളവത്തിൻെറ മുന്നോടിയായി ഗണിക്കപ്പെടുന്ന ചാലിലകത്ത് കുഞ്ഞഹ്മദ് ഹാജി, ആധുനിക രീതിയിലുള്ള മദ്രസാ പഠനക്രമം സ്ഥാപിച്ചു എന്നതാണത്. അങ്ങിനെ ഈ പാഠശാലയുടെ നേതൃത്വം അദ്ദേഹത്തിന് ലഭിക്കുകയും' ദാറുൽ ഉലൂം അറബി കോളേജ്' എന്ന് അതിന് പേര് നൽകുകയും ചെയ്തു. വിശുദ്ധ ക്വുർആൻ, തഫ്സീർ, പ്രാദേശിക ഭാഷയിലേക്കുള്ള ആശയ വിവർത്തനം എന്നിവയെല്ലാം അദ്ദേഹം തുടക്കം മുതലേ ഗൗരവപൂർവ്വം കണക്കിലെടുത്ത വിഷയങ്ങളിൽ പ്പെട്ടവയായിരുന്നു. അങ്ങനെ അദ്ദേഹം ആദ്യമായി കേരളത്തിൻെറ അധ്യായന ചരിത്രത്തിൽ പരീക്ഷ സമ്പ്രദായം ഏർപ്പെടുത്തി. [2]

---

1 അബൂബകർ മുഹമ്മദ്, അൽ ഖാഫില 5 – 1420 ഹിജ്റ

2 അബൂബകർ മുഹമ്മദ്, അൽ ഖാഫില 5 - 1420 ഹിജ്റ

അധ്യായം രണ്ട്

# വിശുദ്ധ ക്വുർആൻ ആശയ വിവർത്തനം ഒരു വിഹഗ വീക്ഷണം

## 1.: തർജ്ജമ ഇസ്‌ലാമിക വീക്ഷണത്തിൽ

വിശുദ്ധ ക്വുർആനിന്റെ ആശയം ഇതര ഭാഷകളിലേക്ക് ഭാഷാന്തരം ചെയ്യൽ സലഫുസ്സ്വാലിഹീങ്ങളിൽ സുപരിചിതമായിരുന്നെന്ന് നമുക്ക് ചരിത്രത്തിലൂടെ മനസ്സിലാക്കാം. അറിഞ്ഞിടത്തോളം പൂർവ്വികന്മാർ അതിനെ എതിർത്തതായി സ്ഥിരപ്പെട്ടിട്ടില്ല. കാരണം തർജ്ജമ – പദാനുപദമല്ലെങ്കിലും - തഫ്സീറിന്റെ സ്ഥാനമാണതിനുള്ളത്.

പ്രവാചകൻ(ﷺ)യും സ്വഹാബികളും താബിഈങ്ങളും വിശുദ്ധക്വുർആനിനെ വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയും ചെയ്തു എന്നതാണ് വിശുദ്ധക്വുർആൻ ആശയ വിവർത്തനം ചെയ്യാം എന്നതിന്റെ ഏറ്റവും വലിയ പ്രമാണം. കാരണം തഫ്സീറുകൊണ്ടുള്ള വിവക്ഷ വിശുദ്ധ വചനങ്ങളിൽ അന്തർലീനമായ ആശയങ്ങളെ മനുഷ്യ ബുദ്ധിയിലേക്ക് അടുപ്പിക്കുകയും ഗ്രഹിപ്പിക്കുകയും ചെയ്യുന്ന ശൈലിയിലേക്ക് മാറ്റുക എന്നതാണല്ലോ? ഇത്തരത്തിലുള്ള വിവരണങ്ങൾ അനുവദനീയവും പ്രാവർത്തികവുമായിരുന്നു പ്രവാചകരുടെ കാലം മുതൽ.

വിശുദ്ധ ക്വുർആൻ ഒന്നിലധികം തവണ അത് മുഴുലോകർക്കും പ്രബോധനമാണെന്ന് പ്രഖ്യാപിക്കുന്നു.

قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ إِلَيْكُمْ جَمِيعًا... (سورة الأعراف: ١٥٨)

" പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിൻെറ ദൂതനാകുന്നു." (വി.ക്വു. 7:158)

وَمَا أَرْسَلْنَاكَ إِلَّا رَحْمَةً لِّلْعَالَمِينَ (سورة الأنبياء: ١٠٧)

" ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. " (വ.ക്വു 21: 107)

അല്ലാഹു പറയുന്നു:

وَمَا أَرْسَلْنَاكَ إِلَّا كَافَّةً لِّلنَّاسِ بَشِيرًا وَنَذِيرًا وَلَكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ ( سورة سبأ: ٢٨)

"നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനും ആയിക്കൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല. " (വി.ക്വു. 34: 28)

ഇസ്‌ലാമാകട്ടെ മുഴുലോകത്തും വ്യാപിച്ചു, അറബി ഭാഷ ഒട്ടുമറിയാത്ത ദിക്കുകളിൽ കൂടി. വിശുദ്ധ ക്വുർആൻ ജനങ്ങളിലേക്ക് എത്തിക്കൽ മുസ്‌ലിംകളുടെമേൽ ഏറ്റവും വലിയ ബാധ്യതയത്രേ. അല്ലാഹു പറയുന്നു:

قُلْ أَيُّ شَيْءٍ أَكْبَرُ شَهَادةً قُلِ اللّه شَهِيدٌ بِيْنِي وَبَيْنَكُمْ وَأُوحِيَ إِلَيَّ هَـذَا الْقُـرْآنُ لأُنذِرَكُم بِهِ ... ( سورة الأنعام: ١٩)

"(നബിയേ,) ചോദിക്കുക: സാക്ഷ്യത്തിൽ വെച്ചേറ്റവും വലിയത് ഏതാകുന്നു? പറയുക: അല്ലാഹുവാണ് എനിക്കും നിങ്ങൾക്കുമിടയിൽ സാക്ഷി. ഈ ക്വുർആൻ എനിക്ക് ദിവ്യ ബോധനമായി നൽകപ്പെട്ടിട്ടുള്ളത്, അത് മുഖേന നിങ്ങൾക്കും അത് (അതിൻെറ സന്ദേശം) ചെന്നെത്തുന്ന എല്ലാവർക്കും ഞാൻ മുന്നറിയിപ്പ് നൽകുന്നതിന് വേണ്ടിയാകുന്നു............ " (വി.ക്വു. 6 : 19)

ഇസ്‌ലാമിക വിജയങ്ങളിൽ പങ്കെടുത്ത മുസ്‌ലിംകൾ എല്ലാം തന്നെ അവർ എത്തിപ്പെട്ട മേഖലകളിലെല്ലാം തങ്ങളുടെ പ്രബോധന ബാധ്യത നിർവ്വഹിച്ചിട്ടുണ്ടെന്ന് നാം ഉറച്ച് വിശ്വസിക്കുന്നു. അവരെല്ലാവരും അവരുടെ ഈ ബാധ്യത അറബീ ഭാഷയിലാണ് നിർവ്വഹിച്ചതെന്ന് ആർക്കും തന്നെ അനുമാനിക്കാനാവില്ല. അറബി ഭാഷ പഠിക്കുകയും പിൽകാലത്ത് തങ്ങളുടെ ഔദ്യോഗിക ഭാഷ അറബിയാക്കുകയും ചെയ്തവർപോലും. കാരണം ജീവിതത്തിൻെറ മുഴു മേഖലകളേയും സ്പർശിക്കുന്നതായ ഈ മാറ്റം പൊടുന്നനെ ഒരു രാവും ഒരു പകലുംകൊണ്ട് സംഭവിക്കുന്നതല്ല. എങ്കിൽ ഈയൊരു നീണ്ട മാറ്റത്തിൻെറ യുഗത്തിൽ എങ്ങിനെയായിരുന്നു അവർ ദീനീകർമ്മങ്ങൾ നിർവ്വഹിച്ചിരുന്നത്? ക്വുർആനികാധ്യാപനങ്ങൾ അവർ എങ്ങിനെയായിരുന്നു ഗ്രഹിച്ചിരുന്നത്? ആ കാലമത്രയും- അറബി പഠിക്കുന്നത്‌വരെ അജ്ഞരായി അവർ കഴിഞ്ഞു കൂടിയോ? അതല്ല ഈ അധ്യാപനങ്ങൾ അവരിലേക്ക് വിവിധ മാർഗ്ഗങ്ങളിലൂടെ എത്തിച്ചു

കൊടുക്കുന്നവരെ അവർ കണ്ടെത്തിയിരുന്നുവോ? നിസ്സം ശയം, അവർ ഈ കാലയളവിൽ വിശുദ്ധ ക്വുർആനിന്റെ ആശയം പഠിക്കാനും പഠിപ്പിക്കാനും സാധ്യമായ ഒരു മാർഗ്ഗത്തിലേക്ക് നിർബന്ധിതരായിരുന്നു. അതത്രെ ഇസ്‌ലാമികാധ്യാപനങ്ങളെ തങ്ങളുടെ ഭാഷയിലേക്ക് മൊഴിമാറ്റം നടത്തൽ അഥവാ തർജ്ജമ ചെയ്യൽ.

സലഫുകൾ ഇത് അനുവദനീയമായി കണ്ടിരുന്നു. ഉദാ:

വിശുദ്ധ ക്വുർആനിലെ

﴿ بِحِجَارَةٍ مِّن سِجِّيلٍ ﴾ (سورة الفيل: ٤)

എന്ന ആയത്തിനെ വിവർത്തനം ചെയ്തു ഇബ്നു അബ്ബാസ്(റ) പറയുന്നു: പേർഷ്യൻ ഭാഷയിൽ അതിന്ന് "സിൻക്" (എല്ലാ കല്ലും കളിമണ്ണും ചേർന്നതാകുന്നു അത് (വി.ക്വു. 105 : 4))[1] എന്നാണ് പറയുന്നത്

ഇബ്നു അബ്ബാസ്(റ) വിൽ നിന്നു തന്നെ വിശുദ്ധ ക്വുർആനിലെ

' يَوَدُّ أَحَدُهُمْ لَوْ يُعَمَّرُ أَلْفَ سَنَةٍ ' (سورة بقرة: ٩٦)

"അവരിൽ ഓരോരുത്തരും കൊതിക്കുന്നത് തനിക്ക് ഒരായിരം കൊല്ലത്തെ ആയുസ്സ് കിട്ടിയിരുന്നെങ്കിൽ എന്നാണ്." (വി.ക്വു. 2 : 96)

---

[1] ത്വബ്രി 30:195, ഇബ്നു അബീശൈബ, മുസ്വന്നഫ് 10 :473

എന്ന ആയത്തിൻെറ അർത്ഥമെന്നോണം ഇപ്രകാരം വന്നിരിക്കുന്നു "ഇത് അനറബികളുടെ 'സഹ് ഹസാർ സാൽ' എന്ന വാക്കിന് തുല്ല്യമാണ്, അഥവാ നീ ആയിരം കൊല്ലം ജീവിക്കുക എന്നർത്ഥം"[1]

വിശുദ്ധ ക്വുർഅനിലെ ത്വാഹ എന്ന ആയത്തിൻെറ വ്യാഖ്യാനത്തിൽ ഇബ്നു അബ്ബാസ്(റ) പറഞ്ഞതായി ഇക്രിമ(റ) റിപോർട്ട് ചെയ്യുന്നു: നബ്തീ ഭാഷയിൽ 'ഹേ മനുഷ്യാ' എന്നാണത്."[2]

ഇവയും സമാനമായവയും വിശുദ്ധ ക്വുർആനിൻെറ ആശയ വിവർത്തനമാകാം എന്ന് അഭിപ്രായപ്പെടുന്നവർ കൂട്ടുപിടിക്കുന്ന രേഖകളിൽ പെട്ടതാണ്. കാരണം പരിഭാഷ മിക്കപ്പോഴും, തർജ്ജമ നിരാകരിക്കുന്ന ചിലർ വാദിക്കുന്നത് പോലെ പദാനുപദമായികൊള്ളണമെന്നില്ല.[3]

---

[1], ഇബ്നു അബീശൈബ, മുസ്വന്നഫ്

[2] ത്വബ്രി 16:102, ഇബ്നു അബീശൈബ, മുസ്വന്നഫ് 10 :472

[3] ഡേം. ഹസ്സൻ മആരിജി, ഹയ്അത്തുൽ ആലമിയ്യത്തി ലിൽ ക്വുർആനിൽ കരീം. ഡോ. ഹസ്സൻ പറയുന്നു :നിശ്ചയം തർജ്ജമ ലോക രക്ഷിതാവിൻെറ വചനത്തെ അനറബി ഭാഷയിൽ മനുഷ്യ ഹൃദയങ്ങളിലേക്ക് അടുപ്പിക്കുവാനുള്ള ശ്രമമാകുന്നു. പക്ഷേ ധാരാളം തർജ്ജമകൾ വിശുദ്ധ ക്വുർആന്നിന് ഏറെക്കുറെ പദാനുപദ തർജ്ജമയായി മാറിയിട്ടുണ്ട്.

കാരണം ക്വുർആനിലെ പദാവലികൾക്ക് സമാനമായ പദങ്ങൾ ഇതരഭാഷകളിൽ ഇല്ലാത്തതിനാലും ഇരു ഭാഷകൾ ക്കിടയിൽ അവ്യയങ്ങളുടേയും സന്ധി-ബന്ധങ്ങളുടേയും മറ്റും കാര്യത്തിൽ സാദൃശ്യമില്ലാത്തതിനാലുമാണത്. ഇക്കാര ണങ്ങളാൽ പരിഭാഷകർ ബ്രാക്കറ്റിൽ വിവരണങ്ങളോ അടി ക്കുറിപ്പുകളോ നൽകാൻ നിർബന്ധിതരായിത്തീരുന്നു. അതി നാൽ തഫ്സീറിന്റെ അതേ വിധി തന്നെയാണ് പരിഭാഷ ക്കും. ഒരു തർജ്ജമയും ഈ ഗണത്തിൽനിന്ന് പുറത്തല്ല. അതിനാൽ നാം പറയട്ടെ: ഒരു മുഫസ്സിർ പാലിക്കേണ്ട മുഴു വൻ നിബന്ധനകളും ഒരു പരിഭാഷകന്നും ബാധകമാണ് വിശുദ്ധ ക്വുർആൻ വിവർത്തനം നിർവ്വഹിച്ച പലർക്കും പിണഞ്ഞ അബദ്ധം ഒഴിവാക്കുന്നതിന് വേണ്ടിയാണിത്.

## പരിഭാഷകന്റെ നിബന്ധനകൾ:

1. ശരിയായ വിശ്വാസം: പ്രമാണ വചനങ്ങളിൽ ഭേദഗതി വരുത്തുന്നതും വൃത്താന്തങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിൽ വഞ്ചന കാണിക്കുന്നതും വിശ്വാസവൈകല്യം കൊണ്ടും സലഫിന്റെ മാർഗ്ഗം പിൻതുടരാത്തത് കൊണ്ടുമാകുന്നു.

2. ദേഹേച്ഛയിൽ നിന്ന് മുക്തമാവുക: കാരണം ദേഹേ ച്ഛകൾ അതിനെ പിൻപറ്റുന്നവരെ അവരുടെ മാർഗ്ഗ ത്തെ പിൻതുണക്കുന്നതിന് പ്രേരിപ്പിക്കുന്നു.

3. പരിഭാഷയിൽ ക്വുർആനിനെ ക്വുർആൻകൊണ്ട് വ്യാ ഖ്യാനിക്കുക എന്ന രീതിയാണ് ആദ്യമായി അവലംബി ക്കേണ്ടത്.

4. പരിഭാഷയിൽ ക്വുർആനിനെ സുന്നത്ത്കൊണ്ട് വ്യാഖ്യാനിക്കുക എന്ന രീതിയാണ് പിന്നീട് അവലംബിക്കേണ്ടത്.

5. ക്വുർആനിലോ സുന്നത്തിലോ വ്യാഖ്യാനം ലഭ്യമല്ലാത്തപ്പോൾ സഹാബികളുടേയും ത്വാബിഉകളുടേയും വചനങ്ങളാണ് പരിഭാഷകൻ അവംലംഭിക്കേണ്ടത്.

6. വിവർത്തകൻ അറബി ഭാഷയിൽ അവഗാഹമുള്ളവനായിരിക്കണം കാരണം ക്വുർആൻ അവതീർണ്ണമായത് വസ്തുതകൾ വ്യവഛേദിച്ചു വിശദീകരിക്കാനുതകുന്ന അറബി ഭാഷയിലാണ്.

7. ഏതൊരു ഭാഷയിലേക്കാണോ വിവർത്തനം ചെയ്യുന്നത് ആ ഭാഷയിലും കഴിവുള്ളവനായിരിക്കണം.[1]

## 2: മലയാള ഭാഷയും വിവർത്തന വിജയ സാധ്യതയും

മലയാളം ഇന്ത്യയിലെ മുഖ്യഭാഷകളിൽ ഒന്നത്രെ. ഇന്ത്യയുടെ ഔദ്യോഗിക നാണയമായ രൂപയിൽ മലയാള ലിപിയുണ്ട്. ഇന്ത്യയിലെ മുപ്പത് മില്ല്യനിലധികം ജനങ്ങൾ മലയാള ഭാഷ സംസാരിക്കുന്നു.

---

[1], ശൈഖ് സർഖാനി , മനാഹിലുൽ ഇർഫാൻ 2 : 9 മന്നാഉൽ ഖത്താൻ , മബാഹിഥ് ഫീ ഉലൂമിൽ ക്വുർആൻ 329-330

മലയാളത്തിൻെറ തുടക്കം ബി.സി. 3000ത്തിന് മുമ്പ് സിന്ധ് താഴ്‌വരയിൽനിന്ന് തെന്നിന്ത്യയിലേക്ക് കുടിയേറിയ ദ്രാവിഡന്മാരുടെ കാലഘട്ടത്തിലേക്ക് ചെന്നെത്തുന്നു. സംസ്കൃതം സംസാരിക്കുന്ന ഇന്ത്യയിലെ ആര്യവംശജരുമായി അവർ കൂടി കഴിഞ്ഞു.[1]

ഇവിടെനിന്നാണ് മലയാളത്തിൻെറ പിറവി. സങ്കരവും സവിശേഷമായ ഘടനയോടുകൂടിയതും നവീനമായ ഒരു മുദ്രയോടു കൂടിയതും ആഖ്യാനത്തിലും ആവിഷ്ക്കരണത്തിലും സാഹിതീയവും ഉച്ചാരണത്തിൽ പ്രയാസവുമുള്ള ഭാഷയാണ് മലയാളം. മറ്റു ഇന്ത്യൻ ഭാഷകളെ അപേക്ഷിച്ച് മലയാളത്തിൽ അക്ഷരങ്ങൾ കൂടുതലാണ്. അഥവാ 48 അക്ഷരങ്ങളാണ് മലയാളത്തിൽ ഉള്ളത്. തമിഴ്, കന്നട, തെലുങ്ക്, എന്നീ ഭാഷകൾ മലയാളത്തിൻെറ സഹോദര ഭാഷകളാണ്. കാരണം അവയെല്ലാം ദ്രാവിഡരുടെ ഭാഷകളിൽ പെട്ടതായിരുന്നു.[2]

തീർച്ചയായും ഏതൊരു ഭാഷയിലും പദങ്ങളും ആ ഭാഷക്കാരുടെ ആചാരങ്ങൾ, ആഘോഷങ്ങൾ, ആരാധനകൾ, വിശ്വാസങ്ങൾ, ചടങ്ങുകൾ, എന്നിവ പോലുള്ള ഉള്ളടക്കങ്ങളും ഉണ്ടായിരിക്കും. എന്നാൽ അറബി ഭാഷയെ അനറബിഭാഷയുമായി മാറ്റുരക്കുമ്പോൾ ആശയത്തിലും അർത്ഥതലങ്ങളിലും വ്യക്തമായ അന്തരം കാണാൻ സാധിക്കും.

[1], ദിയാഉർ റഹ്മാൻ അൽ അഅ്ളമി, ഫുസൂലുൻ ഫി അദിയാനിൽ ഹിന്ദ്.

[2], വിശ്വ വിജ്ഞാന കോശം 3 : 175

യഥാർത്ഥത്തിൽ മലയാളഭാഷ സഹസ്രാബ്ദങ്ങളായി വിഗ്രഹപൂജകരുടേയും ബിംബാരധകരുടേയുമായിരുന്നു. അവരുടെ കൈകളിൽ വേദപുസ്തകങ്ങൾ പൊതുജനങ്ങളിൽ ഉപയോഗിക്കപ്പെടാത്തതും കുലീനന്മാർ മാത്രം അറിയുന്നതുമായിരുന്ന സംസ്കൃത ഭാഷയുമായിരുന്നു.[1]

ഉന്നതവും സവിശേഷവുമായ ആശയങ്ങളുള്ള സംജ്ഞകളും പദാവലികളും മാനവരാശിക്ക് വിശുദ്ധ ക്വുർആൻ സമ്മാനിച്ചു. ഇവിടെയാണ് മലയാളത്തിലേക്ക് വിശുദ്ധ ക്വുർആൻ വിവർത്തനം ചെയ്യുന്നതിൻെറ പ്രയാസം ഒളിഞ്ഞിരിക്കുന്നത്. ചിലപ്പോൾ ഒരു പദത്തിൻെറ വിവർത്തനം വായനക്കാരന് ശരിയായി ഗ്രഹിക്കാൻ ഒരു പൂർണ വരി വരേ ആവശ്യമായി വരുന്നു.

ഒരു വിവർത്തകൻ ഇരുഭാഷകളിലും നിപുണനാണെങ്കിൽ തീർച്ചയായും പ്രസ്തുത വിവർത്തനം (തർജ്ജമ) കുറ്റ

---

1 പ്രൊഫസർ മുഹമ്മദ് ഫരീദ് വുജ്ദി, "തഫ്സീലു ആയാത്തിൽ ക്വുർആനിൽ ഹകീം" എന്ന ഗ്രന്ഥത്തിൻെറ ആമുഖത്തിൽ പറയുന്നു: എന്നാൽ ഇന്ത്യയിൽ ഓറിയൻെറലിസ്റ്റുകളുടെ പ്രവർത്തനം അവരുടെ ശ്രേയസ്സായി കണക്കാക്കപ്പെടുന്നു. ജർമ്മൻകാരനായ മാക്സ് മുള്ളറാണ് അവരുടെ പതാക ഇന്ത്യയിൽ നാട്ടിയതെന്ന് നീ വിസ്മരിക്കരുത്. മുള്ളർക്കാണ് സംസ്കൃത ചിഹ്നങ്ങൾ അപഗ്രഥിക്കുന്നതിലുള്ള മുഖ്യ പങ്ക്. ജനങ്ങളെല്ലാം പ്രാക്യുഗത്തിൽ ശുദ്ധ ഏകദൈവ വിശ്വാസത്തിലായിരുന്നു എന്നും, വിഗ്രഹപൂജ, അവരിലേക്ക് അതിക്രമിച്ചുകയറിയ മതമേധാവികളുടെ പ്രവർത്തനം മൂലം പുതുതായി കടന്നുവന്നതാണെന്നും അദ്ദേഹം സ്ഥാപിച്ചിട്ടുണ്ട്.

മറ്റതും വായനക്കാരന് ഗ്രാഹ്യവുമായിരിക്കും. വിവർത്തകൻ ഭാഷാ നിപുണനല്ലെങ്കിൽ ഇരുട്ടിൽ തപ്പുകയും പറയുന്നതും ചെയ്യുന്നതും അറിയാത്ത അവസ്ഥയിലുമായിരിക്കും. ഭാഷാ പരിജ്ഞാനമില്ലാത്തവരുടെ വിവർത്തനം സാഹിത്യലോകത്തിന് വർജ്ജ്യവും ജുഗുപ്സാവഹവുമാണ് എന്നിരിക്കെ നിരർത്ഥകതയുടെ ലാഞ്ചനയില്ലാത്ത വിശുദ്ധ ക്വർആൻ എങ്ങിനെയാണ് ഭാഷയറിയാത്തവർ വിവർത്തനം ചെയ്യുക?

തർജ്ജമകൾ വർദ്ധിപ്പിക്കുക എന്നതല്ല പ്രധാനം, പ്രത്യുത തർജ്ജമ അർഹിക്കുന്ന അവകാശങ്ങൾ അതിന്ന് നൽകുക എന്നതാണ് പ്രധാനം. കാരണം വിവർത്തകൻ തർജ്ജമകളിൽ വൈജ്ഞാനിക വിശ്വാസ്യത നിലനിർത്തുകയും ഓരോ പദങ്ങൾക്കും ഭാഷയുടെയും സാഹിത്യത്തിൻേറയും വ്യാകരണത്തിൻേറയും അവകാശങ്ങൾ വകവെച്ച് കൊടുക്കുകയും അല്ലാഹുവിൻെറ വചനങ്ങൾ ഉന്നമിടുന്ന ലക്ഷ്യങ്ങളിൽനിന്ന് തെറ്റിപ്പോകാതിരിക്കുകയും ചെയ്യുന്നേടത്തോളം കാലം വിശുദ്ധ ക്വുർആനിൻെറ പരിഭാ ഷകൾ നിർമ്മാണത്തിൻേറയും പരിഷ്ക്കരണത്തിൻേറയും ചട്ടുകങ്ങളാണ്.

ഇപ്രകാരം തന്നെ വിവർത്തകൻ തൻെറ ഇച്ഛാനുസൃതം വ്യതിചലിച്ച വ്യാഖ്യാനത്തിലേക്ക് തിരിയുകയും താനുദ്ദേശിക്കുന്നതിലേക്ക് അല്ലാഹുവിൻെറ വചനങ്ങളെ തെറ്റിച്ച് കൊണ്ടുപോവുകയും ചെയ്താൽ ഏതൊരു ലക്ഷ്യത്തിനാണോ വിശുദ്ധ ക്വുർആനിറങ്ങിയത് പ്രസ്തുത ലക്ഷ്യത്തെ തന്നെ ഉടച്ച് വാർക്കുന്ന ആയുധമായിരിക്കും ആ തർജ്ജമ.

വിശുദ്ധ ക്വുർആൻ ദുർവ്യാഖ്യാനിക്കുക, അതിൽ വ്യതിയാനമുണ്ടാക്കുക, സത്യവും അല്ലാഹുവിനെ മാത്രമേ

ആരാധിക്കാവൂ അവനിൽ പങ്കുചേർക്കരുതെന്ന യാഥാർത്ഥ്യ വും ലക്ഷ്യമിടുന്ന വായനക്കാരെ വിശുദ്ധ ക്വുർആനിൽ നിന്ന് തടയുക, എന്നിങ്ങനെ പടച്ചവൻെറ വചനങ്ങൾ കൊണ്ട് കളിക്കുന്നതിനേക്കാൾ വലിയ പാതകം മറ്റെന്താണു ള്ളത് ? ഒരു പക്ഷെ സച്ഛരിതരും പൂർവ്വികരുമായ കേര ളീയ പണ്ഡിതർ പൂർവ്വകാലത്ത് തർജ്ജമയോട് വിമുഖത കാണിക്കാനുള്ള കാരണം ഇതായിരിക്കും. (അല്ലാഹു ആകുന്നു സൂക്ഷ്മമായി അറിയുന്നവൻ.)

## 3.: പരിഭാഷയുടെ പരിപക്വനഘട്ടവും മാറ്റൊലികളും

നാം മുമ്പ് സൂചിപ്പിച്ചതുപോലെ അറബികളായ മുസ് ലിംകൾ വിജയിച്ച നാടുകളെല്ലാം അറബിഭാഷാ പഠനത്തിൽ മികവ് തെളിയിച്ചു. അവിടങ്ങളിൽ ജനങ്ങൾ അറബി ഭാഷ യിൽ മുഴുശ്രദ്ധയും പതിപ്പിച്ചു. അവിടുത്തുകാർക്ക് ഇസ്ലാമി നോടും വിശുദ്ധ ക്വുർആനിനോടും അറബികളോടുമുള്ള സ്നേഹമായിരുന്നു അതിനു കാരണം.

അല്ലാഹുവേ നിനക്ക് സ്തുതി............

എന്നാൽ ഈ സവിശേഷത ഇന്ത്യക്കുണ്ടായില്ല. കാര ണം ഇന്ത്യയെ വിജയിച്ചവർ മുഗുളരും ഗസ്നവികളും മറ്റു മായ അനറബികളായിരുന്നു. ജനങ്ങളുടെ ശ്രമങ്ങൾ രാഷ്ട്ര ത്തിൻെറ ശ്രമങ്ങൾക്ക് തുല്ല്യമാകില്ലല്ലോ? വ്യക്തികളുടെ പരിഗണനകൾക്ക് പരിധികളുണ്ടുതാനും. അതിനാൽ തന്നെ ഓത്തുപള്ളികളിലും പള്ളി ദർസുകളിലും പാഠശാലകളിലും പഠിക്കുന്നതൊഴിച്ച് മലബാറിൽ അറബി ഭാഷക്ക് നിലനിൽ പ്പുണ്ടായില്ല. നാടിൻെറ ഭാഷ മലയാളമായി തന്നെ നിലകൊ

ണ്ടു. വിശുദ്ധ ക്വുർആൻെറ ആശയങ്ങൾ പണ്ഡിതരിലും പഠിതാക്കളിലും പരിമിതമായി. വിശുദ്ധ ക്വുർആനാകട്ടെ ലോകരെ മനനം നടത്താനും ചിന്തിക്കാനും പഠിക്കാനും ക്ഷ ണിച്ചു. അല്ലാഹു പറയുന്നു

أَفَلَا يَتَدَبَّرُونَ الْقُرْآنَ أَمْ عَلَى قُلُوبٍ أَقْفَالُهَا ( سورة محمد: ٢٤)

" അപ്പോൾ അവർ ക്വുർആൻ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ? അതല്ല, ഹൃദയങ്ങളിന്മേൽ പൂട്ടുകളിട്ടിരിക്കയാണോ? "
(വി.ക്വു. 47 : 24)

ഈ അടിത്തറയിൽനിന്ന് ചില ഒറ്റപ്പെട്ട പണ്ഡിതരും നിപുണരായ എഴുത്തുകാരും മലയാള ഭാഷയിൽ ക്വുർആനി ന് ഒരു വിവർത്തനം തയ്യാറാക്കാൻ ആരംഭിച്ചു. ഇസ്ലാമി കാധ്യാപനങ്ങൾ നിറഞ്ഞുവാണ കാലഘട്ടം, അജ്ഞത നിമി ത്തം നിഷ്പ്രഭമാകുകയും അറബിക്കുള്ള പരിഗണന കുറയു കയും പിൻതലമുറകളിൽ മതവിഷയങ്ങൾക്ക് ശ്രദ്ധ കുറയു കയും ചെയ്തതിന് ശേഷമായിരുന്നു ഈ ഒരുക്കം എന്നതാ ണ് അതിൻെറ പ്രത്യേകത.

( لاَ يَأْتِي عَلَيْكُمْ زَمَانٌ إِلاَّ وَالَّذِي بَعْدَهُ أَشَرُّ مِنْهُ )

(നിങ്ങൾക്കൊരു കാലഘട്ടം വന്നെത്തുകയില്ല, അതിന് ശേ ഷമുള്ളത് ആദ്യത്തേതിനെക്കാൾ ദോഷകരമായിട്ടല്ലാതെ)[1] എന്ന പ്രവാചകവചനത്തെ അന്വർത്ഥമാക്കുന്നതായിരുന്നല്ലോ ആ കാലഘട്ടം.

---

[1] സ്വഹീഹുൽ ബുഖാരി 7068

മുഗുളരിലൂടെയും ഗസ്നവികളിലൂടെയും ചേക്കേറിയ സൂഫീചിന്താഗതികൾക്ക് ഈ അപചയത്തിലും പതനത്തിലും മുഖ്യ പങ്കുണ്ടായിരുന്നു. ഇത്തരുണത്തിൽ സത്യത്തിൻെറ വാക്താക്കൾ സമുദായത്തെ സംരക്ഷിക്കാൻ നിർമ്മാണാത്മകവും ഫലവത്തവും തീവ്രവുമായ ചിന്തക്ക് തിരികൊളുത്തി.

( لاَ تَزَالُ طَائِفَةٌ مِنْ أُمَّتِي ظَاهِرِينَ عَلَى الْحَقِّ لاَ يَضُرُّهُمْ مَنْ خَالَفَهُمْ حَتَى يَأْتِيَ أَمْرُ اللهِ )

(എൻെറ ഉമ്മത്തുകളിൽ ഒരു വിഭാഗം സത്യത്തിനെ സഹായിക്കുന്നവരായി ആയിക്കൊണ്ടേയിരിക്കും. അവരെ എതിർക്കുന്നവർ അവർക്കൊരിക്കലും ഉപദ്രവമേൽപ്പിക്കില്ല, അല്ലാഹുവിൻെറ കൽപന വന്നെത്തുന്നതുവരെ.)[1] എന്ന പ്രവാചക വചനത്തെ സത്യപ്പെടുത്തും വിധമായിരുന്നു അവരുടെ ഉയർത്തെഴുന്നേൽപ്പ്.

ഇവിടെ എന്നെ വ്യാകുലപ്പെടുത്തുന്ന ഒരു വസ്തുതയുണ്ട്. അഥവാ മലയാളക്കരയിലെ സുവർണ്ണകാലഘട്ടത്തിനും ( അറബി ഭാഷയിലെ നിർമ്മാണത്തിൻേറയും, രചനയുടേയും, വിശുദ്ധ ക്വുർആനും തഫ്സീറും നേരിട്ടു ഗുരുനാഥന്മാരിൽനിന്ന് പഠിച്ചിരുന്നതിൻേറയും കാലഘട്ടം) അറിവിലും വിജ്ഞാനത്തിലും പിന്നോക്കമിട്ട കാലഘട്ടത്തിനും ഇടയിലെ അന്തരം എത്രയായിരുന്നു വെന്നറിയില്ലാ എന്നതാണത്. എത്ര ദീർഘമായ ഗവേഷണം നടത്തിയിട്ടും ചരിത്ര കൃതികളിൽ അത് കണ്ടെത്താനായില്ല. ഈ രണ്ട് കാലഘട്ട

---

[1] സ്വഹീഹുൽ ബുഖാരി 71, അബൂദാവൂദ്. 4232

ങ്ങൾക്കിടയിൽ വ്യക്തമായ അന്തരവും വ്യത്യാസവും കാണുന്നുണ്ടുതാനും.

## വിവർത്തനം അനുകൂലികൾക്കും പ്രതികൂലികൾക്കും മദ്ധ്യേ

സത്യത്തിൻെറ പ്രാണേതാക്കൾക്ക് വിശുദ്ധ ക്വുർആൻ വിവർത്തനം ചെയ്യുന്നതിനെകുറിച്ചുണ്ടായ ചിന്തയും ഉണർവ്വും തന്നിഷ്ടക്കാർക്ക് വലിയ പ്രയാസത്തിന് കാരണമായി. പെട്ടെന്ന് അവർ അനുകൂലികളുടെ അനുഗ്രഹീത കാൽവെപ്പുകളെ നിരീക്ഷിക്കുവാനും അതിന്നെതിരിൽ ഉണരുവാനും വിവിധ മാർഗ്ഗങ്ങളുപയോഗിച്ച് ഈ ചിന്താഗതിയെ വിമർശിക്കുവാനും എതിരിടുവാനും തുടങ്ങി.

സൂഫീ ചിന്താഗതിയിൽ വശംവദരായ സുന്നികളെന്ന് വാദിക്കുന്നവരാണ് ഈ അനുഗ്രഹീത കാൽവെപ്പുകൾക്കു മുമ്പിലെ കൂച്ചുവിലങ്ങുകളായത്. അതിനുള്ള കാരണങ്ങൾ താഴെ പറയുന്നവയായേക്കാം.

- അവരെ കുറിച്ച് നല്ല ധാരണ വെച്ചു പുലർത്തുന്ന പാമരന്മാർ അവരുടെ ഉള്ളറകളും നിജസ്ഥിതിയും അറിയുമെന്ന ഭയം.
- സ്വാലിഹീങ്ങളെ സ്നേഹിക്കുക, ആദരിക്കുക എന്ന പേരിൽ ശിർക്കിലും അദ്വൈതത്തിലും ചെന്നെത്തി നിൽക്കുന്ന സൂഫീ ചിന്തകൾ യഥാർത്ഥ തൗഹീദിന് വിരുദ്ധമാണെന്ന് വഞ്ചിതരായ പാമരജനം അറിയുമെന്ന അവരുടെ ഭയം.

അതിനാൽ തന്നെ പ്രതികൂലികളുടെ നിരൂപണം തീവ്രവും വൈവിധ്യവുമായിരുന്നു. ധാരാളം യോഗങ്ങൾക്കു ശേഷം 'തർജ്ജമ നിഷിദ്ധം' എന്ന ഫത്‌വ പ്രഖ്യാപിതമായി. അമുസ്‌ലിംകൾ പഠിക്കുകയും കൈകാര്യം ചെയ്യുകയും അങ്ങിനെ വിശുദ്ധ ക്വുർആനിന്റെ പവിത്രത നഷ്ടപ്പെടുകയും ചെയ്യും എന്നതായിരുന്നു അവരുടെ ന്യായം.

തർജ്ജമക്കെതിരിലുള്ള എതിർപ്പുകളും നിരൂപണങ്ങളും ഉണ്ടായെങ്കിലും തർജ്ജമകൾ വെളിച്ചം കണ്ടതിനു ശേഷമാണ് പ്രതികരണങ്ങൾ ഉണ്ടായത്. തർജ്ജമയെ എതിർത്ത പണ്ഡിതരിൽ ചിലർ തന്നെ തർജ്ജമ ചെയ്യുകയും തങ്ങളുടെ കൃത്യത്തെ ന്യായീകരിക്കുകയും നിലപാട് സാധൂകരിക്കുകയും ചെയ്തത് കാരണത്താലായിരുന്നു അത്.[1]

(അത് പിന്നീട് വശദീകരിക്കുന്നുണ്ട്)

മറ്റൊരു വീക്ഷണകോണിലൂടെ തർജ്ജമയെ നിരൂപിച്ചവർ വേറേയുമുണ്ട്.

പ്രസ്തുത വീക്ഷണം ഇപ്രകാരം സംഗ്രഹിക്കാം: വിശുദ്ധ ക്വുർആൻ വിവർത്തനത്തെ ആദരവും ബഹുമാനവും കൂടാതെ എല്ലാവരും കയ്യാളുകയും അതിലൂടെ ക്വുർആനിന്റെ സ്ഥാനവും പവിത്രതയും മഹത്വവും കുറഞ്ഞു പോവുകയും ചെയ്യാനിടയുണ്ട്. ഈ വാദം കാര്യമായി ഏറ്റു പിടിച്ചത് ക്വുർആൻ വഹിക്കാൻ വുദു നിർബന്ധമാണെന്ന് വാദിച്ചവരായിരുന്നു. ഈ വാദക്കാരെ പ്രീണിപ്പിക്കാനും അമുസ്‌ലിംകൾക്കിടയിൽ പ്രയാസമന്യേ പ്രചരിപ്പിക്കാനും ചില

---

[1] അധ്യായം മൂന്ന് നോക്കുക.

പരിഭാഷകർ തങ്ങളുടെ തർജ്ജമയെ അറബി മൂലത്തിൽ നിന്ന് മുക്തമാക്കി.[1]

ഈ ചർച്ച ശാഫീ പണ്ഡിതർ കേരളത്തിൽ ഇടക്കിടെ ഇളക്കി വിടാറുണ്ട്. മുൻതാളുകളിൽ വിശാലമായ ഒരു ചർച്ച ഈ വിഷയത്തിൽ മുൻകടന്നതിനാൽ തൽക്കാലം ദീർഘിപ്പിക്കുന്നില്ല.

## ഭയാശങ്കകൾ, ഉത്കണ്ഠകൾ:

വിശുദ്ധ ക്വുർആൻ വിവർത്തന ചിന്ത മലബാറിൻെറ ചക്രവാളത്തെ അടക്കിവാഴുകയും തൽവീക്ഷണത്താൽ വാനം ശബ്ദ മുഖരിതമാവുകയും എഴുത്തുകാരും സാംസ്കാരിക നായകരും വിഷയം ഏറ്റു പിടിക്കുകയും ചെയ്തതോടെ വിവർത്തനത്തെ അനുകൂലിക്കുന്നവരിൽ ഇടർച്ചയും ഭയപ്പാടും കണ്ടു തുടങ്ങി. കാരണം വിശുദ്ധ ക്വുർആൻ വിവർത്തന കവാടം തുറന്നിടുകയും എല്ലാവരും രംഗം കയ്യേറുകയും തോന്നിയവരെല്ലാം തോന്നിയ രീതിയിൽ ചലിക്കാൻ തുടങ്ങുകയും ചെയ്താൽ കാര്യം അരാജകത്വത്തിലെത്തും.

കള്ളപ്രവാചകൻ മിർസാ ഗുലാം അഹ്മദ് അൽ ഖാദിയാനിയുടെ അനുയായിയായ മുഹമ്മദലി ഇംഗ്ളീഷിൽ പരിഭാഷപ്പെടുത്തിയ ആദ്യ തർജ്ജമ പുറത്ത് വന്നതോടെ ഈ

---

[1] വിശുദ്ധ ക്വുർആനിൻെറ അറബിമൂലമില്ലാതെ കേവല തർജ്ജമ മാത്രം തയ്യാറാക്കിയവരാണ് ശൈഖ് വി. എം. സലീമും ശൈഖ് കുഞ്ഞി മുഹമ്മദ് സ്വാഹിബും. പ്രസ്തുത ഗ്രന്ഥം 1998-ൽ ഒരു വാള്യമായി പ്രസിദ്ധീകരിക്കപ്പെട്ടു.

വിഷയത്തിൽ വലിയ ശബ്ദ കോലാഹലങ്ങളുണ്ടായി. പ്രസ്തുത ഇംഗ്ളീഷ് തർജ്ജമ പിന്നീട് പല ഭാഷകളിലേക്ക് ഭാഷാന്തരം ചെയ്യപ്പെടുകയുണ്ടായി. തീർത്തും വഴി പിഴച്ച ഈ ഖാദിയാനികൾ തുടക്കത്തിൽ ഒരു കക്ഷിയായിരുന്നെങ്കിലും അഹമ്മദുൽ ഖാദിയാനിയുടെ മരണത്തോടെ അവർ രണ്ടായി വഴിപിരിഞ്ഞു. അവ രണ്ട് പേരിലറിയപ്പെട്ടു:

**(ഒന്ന്)** ഖാദിയാനിസം: കള്ള പ്രവാചകൻെറ ജന്മനാടായിരുന്നു ഇവരുടെ തലസ്ഥാനം. അയാളുടെ മകൻ മീർസാ ബശിറുദ്ദീൻ അഹമ്മദ് അവരുടെ നേതാവുമായിരുന്നു.

**(രണ്ട്)** ലാഹോർ പാർട്ടി: ഇതിൻെറ കേന്ദ്രം പഞ്ചാബിൻെറ തലസ്ഥാന നഗരിയായിരുന്ന ലാഹോർ ആയിരുന്നു. ഉപരി സൂചിത ഇംഗ്ളീഷ് പരിഭാഷകൻ മുഹമ്മദലി നേതാവും.

ഈ രണ്ട് ഖാദിയാനീവിഭാഗങ്ങളും വിശുദ്ധക്വുർആൻ ഇംഗ്ളീഷിലേക്ക് പരിഭാഷപ്പെടുത്തുകയും ഇന്ത്യാ ഉപഭൂഗണ്ഡത്തിൽ പ്രസ്തുത പരിഭാഷകൾ വ്യാപിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല യൂറോപ്പ്, അമേരിക്ക, ആഫ്രിക്ക എന്നീ ഉപഭൂഗണ്ഢളിൽകൂടി ഇവ വ്യാപിച്ചു. വിവർത്തന വഴിയിൽ അവർക്കുണ്ടായ വ്യതിയാനങ്ങൾ വഴിയെ വിവരിക്കുന്നുണ്ട്.

ഈ പശ്ചാത്തലത്തിൽ ഇത്തരം തർജ്ജമകൾ കൺമുമ്പിൽ നോക്കിക്കാണുന്നവർ വിശുദ്ധ ക്വുർആൻ പരിഭാഷ പാടില്ലാ എന്ന അഭിപ്രായത്തെയാണ് ശക്തിപ്പെടുത്തുക. മുസ്ലിംകൾ ഇത്തരം തർജ്ജമകളുടെ ഓരങ്ങളിൽനിന്ന് വമിക്കുന്ന വഴിപിഴവുകളുടേയും, സംഹാരാത്മകവും സ്ഖലിതവുമായ ചിന്താധാരകളുടേയും ബലിയാടുകളായി നിപതിക്കുമെന്ന ഭയം കാരണത്താൽ ആണത്.

അല്ലാഹുവേ നിൻെറ കാവൽ.............

മുകളിൽ സൂചിപ്പിച്ച രണ്ടു പരിഭാഷകളുടേയും മറ്റും അപകടങ്ങൾ അസ്ഹർ യൂണിവേഴ്സിറ്റിയിലെ പണ്ഡിതർ മണത്തറിഞ്ഞതിനാൽ 1925-ൽ അസ്ഹർ യൂണിവേഴ്സിറ്റി അവ ഈജിപ്തിൽ നിരോധിക്കുകയും, മുമ്പ് കടന്നു വന്നത് നശിപ്പിക്കാൻ കൽപ്പിക്കുകയും ചെയ്തു. ഡോ അഹ്മദ് ഇബ്റാഹീം മുഹന്ന വിശുദ്ധ ക്വുർആൻ വിവരണത്തെ കുറിച്ചുള്ള തൻെറ പഠനത്തിൽ അതിലേക്ക് സൂചന നൽകുന്നുണ്ട്[1]

സത്യപ്രബോധകരെ തർജ്ജമയിൽനിന്ന് തൽകാലത്തേക്ക് പിടിച്ച് നിറുത്തിയ ഉത്കൺഠയാണ് മുകളിൽ വിവരിച്ചത്. അത് പിന്നീട് നീങ്ങിപ്പോയി.

ചുരുക്കിപ്പറഞ്ഞാൽ വിശുദ്ധ ക്വുർആനിൻെറ ആശയ വിവർത്തനം തടഞ്ഞവർ രണ്ട് തരക്കാരായിരുന്നു.

**ഒന്ന്**: ക്വുർആനിനെ ഭയപ്പെട്ടതിനാൽ, അഥവാ വിശുദ്ധ ക്വുർആൻ അവരുടെ പിഴച്ച ചിന്തകളെ കീഴ്പ്പെടുത്തുകയും അതിനെ ഉന്മൂലനം ചെയ്യുമെന്നുമുള്ള ഭയം. അല്ലാഹു പറയുന്നു:

وَلَوِ اتَّبَعَ الْحَقُّ أَهْوَاءهُمْ لَفَسَدَتِ السَّمَاوَاتُ وَالْأَرْضُ وَمَن فِيهِنَّ بَلْ أَتَيْنَاهُم بِذِكْرِهِمْ فَهُمْ عَن ذِكْرِهِم مُّعْرِضُونَ ( سورة المؤمنون: ٧١)

---

[1] ദിറാസത്തുൻ ഹൗല തർജ്ജുമത്തിൽ ക്വുർആനിൽ കരീം (പേജ്: 14-16)

" സത്യം അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റിയിരുന്നെങ്കിൽ ആകാശങ്ങളും ഭൂമിയും അവയിലുള്ളവരുമെല്ലാം കുഴപ്പത്തി ലാകുമായിരുന്നു. ......" (വി.ക്വു. 23 : 71)

**രണ്ട്**: ക്വുർആനിന് വല്ലതും സംഭവിക്കുമോ എന്ന് ഭയപ്പെട്ടു കൊണ്ടും അതിൻെറ ആദരവ് കാത്തു സൂക്ഷിക്കുവാനും അതിൻെറ പാവനത്വം സംരക്ഷിക്കുവാനും.

പക്ഷേ ഈ പരിശുദ്ധപ്പെടുത്തൽ അസ്ഥാനത്താണ്. കാരണം ക്വുർആൻ മുഴുജനങ്ങളിലേക്കും അവതീർണമാണ്. അതിൻെറ സന്ദേശമാകട്ടെ സർവ്വലൗകികവുമാണ്.

അല്ലാഹു പറയുന്നു :

قُلْ يَا أَيُّهَا النَّاسُ إِنِّي رَسُولُ اللَّهِ إِلَيْكُمْ جَمِيعًا ... ( سورة الأعراف: ١٥٨ )

"പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിൻെറ ദൂതനാകുന്നു.." (വി.ക്വു. 7: 158)

## അപക്വമായ പുതിയൊരു വാദം

വിശുദ്ധ ക്വുർആൻ വിവർത്തനവുമായി ബന്ധപ്പെട്ട് നവീനമായ മറ്റൊരു അഭിപ്രായംകൂടി രംഗപ്രവേശം ചെയ്തിരിക്കുന്നു. സത്യത്തിൻെറ വാക്താക്കളായ ഇവർ തർജ്ജമ പാടില്ല എന്നാണ് അഭിപ്രായപ്പെടുന്നത്. സത്യത്തോടുള്ള പ്രതിബദ്ധതയും നല്ല വിചാരവുമാണവർക്കുള്ളത്. മുസ്ലിംകളെ വിശുദ്ധ ക്വുർആനുമായി അടുപ്പിക്കുക എന്നാതാണവരുടെ ന്യായവാദം. ഈ വാദഗതിക്കാരുടെ തെളിവുകൾ:-

1) മുസ്ലിംകൾ എല്ലാവരും അറബിഭാഷ പഠിക്കൽ നിർബന്ധമാണ്

2) പരിഭാഷകൾ അവരെ അറബി പഠനത്തിൽനിന്ന് തടയുകയും പരിഭാഷകളിൽ ഒതുങ്ങിക്കൂടാൻ അവരെ സഹായിക്കുകയും ചെയ്യും.

3) പൂർവ്വികർ ആരുംതന്നെ അവർ അനറബികൾ ആയിട്ടും യുദ്ധവിജയനാളുകളിൽ വിശുദ്ധക്വുർആൻ പൂർണ്ണമായി വിവർത്തനം ചെയ്തിട്ടില്ല.

ഈ വാദഗതിക്ക് ചുക്കാൻ പിടിച്ചത് ഹിജ്റ വർഷം 1379ൽ മരണപ്പെട്ട ശൈഖ് മുഹമ്മദ് സുൽത്വാൻ അൽമക്കിയാണ്[1] ഈ സന്ദേഹം എങ്ങിനെ നീക്കിക്കളയാം എന്നതിലേക്ക് "വിവർത്തനം ഇസ്ലാമിക വീക്ഷണത്തിൽ" എന്ന അധ്യായത്തിൽ (രണ്ടാം അധ്യായം) സൂചന നൽകിയിട്ടുണ്ട്. അത് വീണ്ടും ആവർത്തിക്കുന്നില്ല.

എങ്കിലും അറബിഭാഷാ പഠനം നിർബന്ധം എന്ന വിഷയം അൽപം സംസാരിക്കേണ്ടതുണ്ട്. കാരണം ഈ വാദഗതിക്ക് അതിന്റേതായ തെളിവ് ആവശ്യമാണ്. നമസ്കാരംപോലുള്ള മതചിഹ്നങ്ങൾ ശരിയായി നിർവ്വഹിക്കാൻ അനിവാര്യമായതെല്ലാം പഠിക്കൽ നിർബന്ധമാക്കിയ മതമാണ് ഇസ്ലാം. എന്നാൽ അതിനപ്പുറമുള്ള അസാധ്യമായതെല്ലാം ചെയ്യാൻ മുസ്ലിംകളെ നിർബന്ധിക്കാൻ നമുക്ക് സാധ്യമല്ല.

---

[1] അൽമഅ്സൂമി, തംയീസുൽ മഹ്ളൂളീൻ അനിൽ മഹ്റൂമീൻ 25-26, 66-70, ഡോ. ഹസ്സൻ അൽ മആരിജി അൽ ഹയ്അത്തുൽ ആലമിയ്യ ലിൽ ക്വുർആനിൽ കരീം പേജ് 26.

അതെങ്ങനെ സാധിക്കും? കാരണം ഭാഷാ വൈവിധ്യം അല്ലാഹു തൻെറ മഹത്തായ ദൃഷ്ടാന്തത്തിൻെറ ഇനത്തിലാണ് ഗണിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു:

وَمِنْ آيَاتِهِ خَلْقُ السَّمَاوَاتِ وَالْأَرْضِ وَاخْتِلَافُ أَلْسِنَتِكُمْ وَأَلْوَانِكُمْ إِنَّ فِي ذَٰلِكَ لَآيَاتٍ لِّلْعَالِمِينَ ( سورة الروم: ٢٢)

" നിങ്ങളുടെ ഭാഷകളിലും വർണ്ണങ്ങളിലുമുള്ള വ്യത്യാസവും അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ അറിവുള്ളവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്. " (വി.ക്വു. 30:22)

എന്നാൽ ആബാലവൃദ്ധം മുസ്ലിംകളെ അറബി പഠിക്കാൻ പ്രോൽസാഹിപ്പിക്കൽ നമ്മുടെ ബാധ്യതയാണ്. വിശുദ്ധ ക്വുർആൻ വചനങ്ങൾ കേട്ട് ആസ്വദിക്കുവാനും ഭയചകിതരാകുവാനും അതിലൂടെ ഈമാൻ വർദ്ധിക്കുവാനും ഇത് സഹായിക്കും. അല്ലാഹു പറയുന്നു:

اللَّهُ نَزَّلَ أَحْسَنَ الْحَدِيثِ كِتَابًا مُّتَشَابِهًا مَّثَانِيَ تَقْشَعِرُّ مِنْهُ جُلُودُ الَّذِينَ يَخْشَوْنَ رَبَّهُمْ ثُمَّ تَلِينُ جُلُودُهُمْ وَقُلُوبُهُمْ إِلَىٰ ذِكْرِ اللَّهِ ذَٰلِكَ هُدَى اللَّهِ يَهْدِي بِهِ مَنْ يَشَاءُ وَمَن يُضْلِلْ اللَّهُ فَمَا لَهُ مِنْ هَادٍ ( سورة الزمر: ٢٣)

"തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമ്മങ്ങൾ അതു നിമിത്തം രോമാഞ്ചമണിയുന്നു. പിന്നീട് അവരുടെ ചർമ്മങ്ങളും ഹൃദയങ്ങളും അല്ലാഹുവെ അനുസ്മരിക്കുന്നതിനായി വിനീതമാവുകയും ചെയ്യുന്നു. " (വി.ക്വു. 39:23)

## 4. മലയാളത്തിലെ ആദ്യ ക്വുർആൻ പരിഭാഷ.

ഹിജ്റ 13-ാം നൂറ്റാണ്ടിൻെറ തുടക്കംവരെ അറിഞ്ഞേടത്തോളം ഒരു തർജ്ജമയും ഉണ്ടായതായി എനിക്കറിയില്ല. ഉമർ മൗലവി (റ) പറഞ്ഞതുപോലെ തർജ്ജമ ഇത്രയും വൈകാനുള്ള കാരണം കേരളീയർ അടുത്ത കാലംവരെ നിരക്ഷരരായിരുന്നു എന്നതായിരിക്കാം. ബോധനമാധ്യമങ്ങളാകട്ടെ തീർത്തും പ്രാകൃതരൂപത്തിലുള്ളവയായിരുന്നു. അന്ന് ക്വുർആൻ പരിഭാഷ ഉണ്ടാവുക എന്നത് ക്വുആനിൻെറ മറ്റൊരു പ്രതി ഉണ്ടാവുക എന്നത് പോലെ തീർത്തും ഫലപ്രദമല്ലായിരുന്നു. എന്നാൽ ക്വുർആൻ ഓത്തറിയുന്ന കുറച്ച്[1] പേരുണ്ടായിരുന്നു. അവരാകട്ടെ, ന്യൂനാൽന്യൂനപക്ഷവും.

ആദ്യമായി ക്വുർആൻ പരിഭാഷ നിർവ്വഹിക്കുകയും ഭീഷണികൾ നിറഞ്ഞ അന്തരീക്ഷത്തിൽ പ്രയാസത്തിൻെറ ഈ ഉത്തരവാദിത്വം പേറുകയും ചെയ്തത് പണ്ഡിതനും കവിയുമായ ശൈഖ് മുഹ്യുദ്ധീൻ അബ്ദുൽ ക്വാദിർ (മായിൻ കുട്ടി ഇളയാ) ആയിരുന്നു.

അതിനദ്ദേഹം 'തർജ്ജുമത്തു തഫ്സീറിൽ ക്വുർആൻ' എന്ന് നാമകരണം ചെയ്തു. ആറ് വാല്യങ്ങളിലായി മുപ്പത് ഭാഗങ്ങളായിരുന്നു പ്രസ്തുത തർജ്ജമ. ഹിജ്റ വർഷം 1272-ൽ തുടങ്ങി ഹിജ്റ 1287-ൽ ആണ് ശൈഖ് അതിൽ നിന്ന് വിരമിച്ചത്. ശൈഖ് മായിൻകുട്ടിഇളയാ ദീനീവിജ്ഞാനങ്ങളിൽ പൂർവ്വകാല പണ്ഡിതരെപോലെ അഗാധ പണ്ഡി

---

1 ഉമർ മൗലവി, വിശുദ്ധ ക്വുർആൻ പരിഭാഷയുടെ ആമുഖം നോക്കുക.

തനും ഫത്‌വയിലും ഫിഖ്ഹിലും അപൂർവ്വ വ്യക്തിത്വവുമായിരുന്നു.

## പ്രതികൂലികളുടെ പ്രതികരണങ്ങൾ

പ്രസ്തുത പരിഭാഷയുടെ കയ്യെഴുത്തുപ്രതി പുറത്ത് വന്നതോടെ മലബാറിൽ വലിയ ശബ്ദകോലാഹലങ്ങളുണ്ടായി. മറ്റാരും ചെയ്യാത്ത ഈ മഹാകർമ്മത്തിന്നെതിരിൽ എതിരാളികൾ ശത്രുതാപരവും നിഷേധാത്മകവുമായ അക്രമങ്ങൾ അഴിച്ചുവിടാൻ തുടങ്ങി. എത്രത്തോളമെന്നാൽ, പ്രസ്തുത പരിഭാഷയുടെ ഈ പ്രതി അവർ കടലിലേക്ക് എറിയുന്നത് വരെയെത്തി അവരുടെ ധാർഷ്ഠ്യം.[1]

ശൈഖ് മാഹിൻകുട്ടി ഇളയാ കേളികേട്ട കുടുംബത്തിലെ അംഗമാണ്. അദ്ദേഹം വിവാഹം ചെയ്താതകട്ടെ

---

1 ഡോ. മുഹമ്മദ് ബഷീർ, വിശുദ്ധ ക്വുർആൻ പരിഭാഷകളും തഫ്സീറുകളും പേജ് : 78

(ഈ മഹാ പണ്ഡിതനെ അല്ലാഹു തുണച്ചു. വേരുറപ്പുള്ളതും ധന്യവുമായ കുടുംബത്തിൽ ഒരംഗമാകുകയും അദ്ദേഹം രാജകീയ കുടുംബത്തിൽ നിന്ന് വിവാഹം കഴിക്കുകയും ചെയ്തതില്ലായിരുന്നുവെങ്കിൽ അവർ അദ്ദേഹത്തെ കൊല്ലാൻ ശ്രമിച്ചേനെ. വടക്കേ ഇന്ത്യയിൽ ഒരു വിഭാഗം ആളുകൾ, ഹിജ്റ 1176-ൽ ശാ വലിയുല്ല അദ്ദഹ്ലവി വിശുദ്ധ ക്വുർആനിൻെറ ആശയ വിവർത്തനം പേർഷ്യൻ ഭാഷയിലേക്ക് നിർവ്വഹിക്കാൻ തീരുമാനിച്ചപ്പോൾ അദ്ദേഹത്തെ കൊല്ലാൻ ശ്രമിച്ചപോലെ. ഈ വിവരം എന്നോട് ശൈഖ്. ശ്വഫീയു റഹ്മാൻ മുബാറക് ഫൂരി പറഞ്ഞതാണ്. ഗ്രന്ഥകാരൻ )

കണ്ണൂരിലെ പ്രസിദ്ധധനികരായ രാജകുടുംബത്തിൽനിന്നാണ്. കൂടാതെ അദ്ദേഹം അറിയപ്പെട്ട പണ്ഡിതനുമാണ്. ഇതെല്ലാം എതിർപ്പുകാരുടെ പ്രതിലോമപ്രവർത്തനങ്ങളുണ്ടായിട്ടും അവരുടെ പണ്ഡിതസഭ വിവർത്തകന്നെതിരിൽ ഫത്വ പുറപ്പെടീച്ചിട്ടും മുകൾപ്പെറ്റ തർജ്ജമ പുറത്തിറക്കാൻ അദ്ദേഹത്തെ സഹായിച്ചു. എത്രത്തോളമെന്നാൽ ഹിജ്റവർഷം 1286-ൽ അദ്ദേഹത്തിന് കണ്ണൂരിലെ അറക്കലിൽ തന്റെ ഭാര്യയുടെ കൊട്ടാരത്തിനടുത്ത് ഒരു സ്വകാര്യ പ്രിൻറിംഗ് പ്രസ് ആരംഭിക്കാൻവരെ സാധിച്ചു. അങ്ങിനെ ഹിജ്റ 1289-ൽ പ്രസ്തുത പരിഭാഷയുടെ ആദ്യവാള്യം പ്രസാധനം ചെയ്യപ്പെട്ടു. അവിടെനിന്നങ്ങോട്ട് ഇരുപത്തിരണ്ട് വർഷം നീണ്ടുനിന്ന പരിശ്രമത്താൽ മുഴുവൻ വാള്യങ്ങളും പുറത്തിറങ്ങി.

## മായിൻകുട്ടി ഇളയായുടെ തർജ്ജമയിലെ ലിപികൾ

പ്രസ്തുത തർജ്ജമ മലയാളഭാഷയിലാണെങ്കിലും ലിപികൾ എഴുതപ്പെട്ടത് അറബിയിലാണ്. പണ്ട് കാലം മുതലെ മുസ്ലിംകൾക്കുള്ള മലയാള ഭാഷയോടുള്ള എതിർപ്പായി രുന്നു കാരണം. മുസ്ലിംകൾക്ക് മലയാളത്തിൽ വേണ്ടത്ര ഗ്രന്ഥരചനകൾ ഇല്ലാതിരിക്കുകയും ഹൈന്ദവ ഗ്രന്ഥങ്ങളെല്ലാം മലയാളത്തിലാവുകയും ചെയ്തതിനാൽ മുസ്ലിംകൾ അവകളിൽ വശംവദരാകുമോ എന്ന ഭയപ്പാടാണ് ഈ എതിർപ്പിന് പിന്നിലുണ്ടായിരുന്നത്. സംഭവിച്ചേക്കാവുന്ന ഈ അപകടങ്ങളോടുള്ള ഭയവും മലയാളത്തോടുള്ള അകൽച്ചയും ചില മുസ്ലിം പണ്ഡിതരിൽ തീവ്രമായപ്പോൾ തങ്ങൾക്കിടയിൽതന്നെ ആശയവിനിമയത്തിനും അഭിസംബോധനക്കും കത്തിടപാടുകൾക്കും ഒരു ബധൽ സംവിദാനം ഉണ്ടാക്കാൻ അവർ നിർബന്ധിതരായി. അങ്ങിനെയാണ് 'അറബി

മലയാളം' എന്ന നവീന ഭാഷക്ക് ബീജാവാപമുണ്ടാകുന്നത്. അവികസിതവും പഴഞ്ചനുമായിരുന്നു പ്രസ്തുത ഭാഷയുടെ ശൈലി. ശൈഖ് മാഹിൻകുട്ടി ഇളയായുടെ തർജ്ജമ അറബി മലയാളത്തിലായിരുന്നു. ശൈഖ് കെ.എം. മൗലവി എഴുതുന്നു: "പലരും പല കാലങ്ങളിലായി മലയാള ഭാഷയിലൊരു ക്വുർആൻപരിഭാഷ തയ്യാറാക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ വിജയപ്രദമായി പൂർത്തീകരിക്കപ്പെട്ട പ്രഥമപരിഭാഷ മാഹിൻകുട്ടി ഇളയാ തയ്യാറാക്കിയ പരിഭാഷയാണ്. അറബിമലയാളത്തിൽ എഴുതപ്പെട്ടതും മലയാളത്തിൽ പ്രസാധനം ചെയ്യപ്പെട്ടതും ആണത്. ഒരു നൂറ്റാണ്ടിന് മുമ്പായിരുന്നു പ്രസ്തുത പ്രസാധനം.[1]

## പരിഭാഷയും വ്യാഖ്യാനവും

പ്രസ്തുത പരിഭാഷയുടെ ഏടുകൾ വായിക്കുന്നവർക്ക് അവ കേവലം വിശുദ്ധ ക്വുർആനിൻെറ ആശയ വിവർത്തനം മാത്രമല്ല വിവരണം കൂടിയാണത് എന്നാണ് ബോധ്യപ്പെടുക. ഈ കഠിനാദ്ധ്വാനത്തിന് അദ്ദേഹം അവലംഭിച്ചത് തഫ്സീർ ത്വബരി, ജലാലയ്നി എന്നിവയാണ്.

## വഴിമുടക്കി വഴി നീങ്ങുന്നു..

ഈ അനുഗ്രഹീത ഗ്രന്ഥരചന ശൈഖ് സമർപ്പിച്ചതോടെ പന്ത്രണ്ട് നൂറ്റാണ്ട് കാലം എഴുത്തുകാർക്കും ഗവേഷകർക്കും മുമ്പിൽ കൊട്ടിയടക്കപ്പെട്ട വഴി തുറക്കപ്പെട്ടു.

---

[1] കെ.എം. മൗലവി, അൽമുർഷിദ് മാസിക – 1967 – 7 - 5

ഇവിടെ നിന്നങ്ങോട്ട് മലയാളക്കരയിൽ പരിഭാഷ കൾ ഒന്നിന് പിറകെ മറ്റൊന്നെന്ന രീതിയിൽ പുറത്തുവന്നു തുടങ്ങി. വിശ്വാസികൾ അല്ലാഹുവിൻെറ സഹായത്തിൽ സന്തുഷ്ടരായി. അവർക്കായിരുന്നു ഈ മേഖലയിൽ വ്യക്ത മായ വിജയം. തന്നിഷ്ടക്കാർ തങ്ങളുടെ വാദഗതികളുമായി ഊരു ചുറ്റി നടന്നു. കേരളക്കരയിൽ ഇന്നുവരേ പൂർണ്ണമോ ഭാഗീകമോ ആയി പ്രസിദ്ധീകരിക്കപ്പെട്ട പരിഭാഷകളും വ്യാഖ്യാനങ്ങളും അമ്പതോളമാണ്.[1]

ഇവിടെ എടുത്തു പറയേണ്ട മറ്റൊരു കാര്യം പ്രസ് തുത തഫ്സീർ പുരാതനവും വൈജ്ഞാനികവും കനപ്പെട്ട തുമായിട്ടും അത് പഴയ ലൈബ്രറികളിൽ ഒരു പുരാവസ്തു വെന്നോണം ഉപയോഗശൂന്യമായി ഒതുങ്ങിക്കൂടുന്നു. കാര ണം അവ തയ്യാർ ചെയ്യുമ്പോൾ ഉപയോഗിച്ച ഭാഷ തീർ ത്തും പഴയതും പുതിയ തലമുറ നന്നായി അറിയാത്തതുമാ ണ്. അതിലെ പദങ്ങളാകട്ടെ മിക്കതും കാലഹരണപ്പെടുക യും കാൽനൂറ്റാണ്ടുകാലമായി മുസ്ലിംകളാൽ കയ്യൊഴിക്ക പ്പെട്ടതുമാണ്. എത്രത്തോളമെന്നാൽ മുഴു പാഠശാലകളിലേ യും പാഠ്യപദ്ധതികളും പഠനോപാധികളും ഉപയോഗിച്ച് ഇസ്ലാമിക സംസ്കാരവും മലയാള ഭാഷയും പ്രചരിപ്പി ക്കാൻ സാംസ്കാരിക നായകന്മാരും പണ്ഡിതന്മാരും ശ്രമി ച്ചതോടെ 'അറബിമലയാളം' ഇന്ന് തീർത്തും അന്യമായി മാ റി. എന്നാൽ കേരളത്തിൽ അറബി ഭാഷ ഗവണ്മെൻറ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഐച്ഛീക വിഷയമായി പഠിപ്പി

---

[1] അൽ-അൻസാർ മാഗസിൻ, ലക്കം 8, 1961 ഒക്ടോബർ പേജ് 20-23

ക്കപ്പെടുന്നു. സ്വകാര്യ ഇസ്‌ലാമിക പാഠശാലകളിലും കോളേജുകളിലും അടിസ്ഥാന വിഷയമായും അറബി പഠിപ്പിക്കപ്പെടുന്നു.

## ഒരു പുതിയ കാൽവെപ്പ്, സുന്ദരമായ മാതൃകയും.

ഭിന്നവും വിരുദ്ധവുമായ മാർഗ്ഗങ്ങളുള്ള തർജ്ജമകളിലേക്ക് വെളിച്ചം വീശും മുമ്പ് ഇരുപതാം നൂറ്റാണ്ടിൻെറ പകുതിയിൽ പ്രസാധനം ചെയ്യപ്പെട്ട ഒരു മാതൃകാ പരിഭാഷയെ ഇവിടെ അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആദരണീയനായ ശൈഖ് ഉമർ അഹ്മദ് മലബാരി(റ)യുടെ പരിഭാഷയാണത്. ഉപരിസൂചിത അറബീമലയാള തർജ്ജമപോലെയായിരുന്നു ഇതും. മലബാറിൽ തൻെറ കാലഘട്ടത്തിൽ തൗഹീദിൻെറ കാവൽ ഭടനായിരുന്നു അദ്ദേഹം.[1]

വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ പിന്തള്ളപ്പെടുകയും നിരക്ഷരത അടക്കിവാഴുകയും ചെയ്ത മുസ്‌ലിം സമുദായത്തിൻെറ നിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങൾ ഗംഭീരമായി നടക്കുന്ന കാലത്താണ് കേരളക്കരയിലെ സിംഹഭാഗത്തിൻേറയും മാതൃഭാഷയായ മലയാളത്തോട് ഒരു വലിയ വിഭാഗം എതിരാളികളായി നിലകൊണ്ടത്. ഇതരരെക്കാൾ അവരിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അജ്ഞതയും അടക്കിവാണു. വിശുദ്ധ ക്വുർആൻ പാഠമാക്കുക, പഠിക്കുക, പഠിപ്പിക്കുക എന്നിവയിൽനിന്ന് ജനങ്ങളെ

---

[1] ശൈഖ് ഉമർ അഹ്മദ് മലബാരി (ഉമർ മൗലവി) രിയാദിലെ ശരീഅത്ത് കോളേജിൽ നിന്ന് ഹിജ്റ-1387 ൽ ബിരുദം നേടുകയും ഹിജ്റ 1421-ൽ മരണപ്പെടുകയുമുണ്ടായി.

അകറ്റിക്കൊണ്ട് മാലമൗലൂദുകളിലും ഗദ്യപദ്യങ്ങളിലും ഗ്രന്ഥ രചനകൾ വർധിപ്പിച്ചു. അപ്പോഴാണ് ചില തൗഹീദീപണ്ഡി തർ ആ കാലഘട്ടത്തിൽ ധാരാളം മലയാള പരിഭാഷകൾ ഉണ്ടായിട്ടും അറബീ മലയാളത്തിൽ ഒരു തർജ്ജമ പുറത്തിറ ക്കാൻ തീരുമാനിച്ചത്.

അറബീമലയാളത്തെ അതിനെ കൊണ്ട് നടക്കുന്നവർ പൂജി ക്കുകയും യാതൊരു ന്യായവുമില്ലാതെ ഇതര ഭാഷകളെ നിഷേധിക്കുകയും ചെയ്തത് കാരണമാണ് ഉമർ മൗലവി(റ) തൻെറ പരിഭാഷ പ്രസ്തുത അറബീമലയാളത്തിലാക്കിയത്. ഒരു വേള തൗഹീദീ ദഅ്വത്ത് തൻെറ തർജ്ജമയിലൂടെ നിർവ്വഹിക്കാനുള്ള കൊതിയായിരിക്കും എന്നാണ് എനിക്ക് വെളിപ്പെടുന്നത്.

## ഉമർ മൗലവിയുടെ പരിഭാഷ - ഒരു ഹ്രസ്വ വിവരണം:

1955-ൽ ഉമർ മൗലവി അറബി മലയാളത്തിൽ തൻെറ തർജ്ജമ പൂർണമായും ക്രോഡീകരിച്ചു. ശ്ളാഘനീയമായ സേവനമാണ് ഈ തർജ്ജമയിലൂടെ അദ്ദേഹം നിർവ്വഹി ച്ചത്. ആദ്യം പദങ്ങളുടെ വ്യക്തമായ അർത്ഥവും പിന്നീട് തൻെറ പ്രത്യേകശൈലിയിലുള്ള വിവരണവും ഉൾപ്പെടുത്തി ക്കൊണ്ടായിരുന്നു അത്. ത്വബ്രി, ഇബ്നു കഥീർ, ശൗകാ നി എന്നീ അടിസ്ഥാന തഫ്സീറുകളും റാസീ, സമഖ്ശരീ, സുയൂത്വി, തുടങ്ങിയ പ്രമുഖരുടെ തഫ്സീറുകളും അദ്ദേഹം അവലംഭിച്ചു.

പ്രസ്തുത തർജ്ജമയിൽ അദ്ദേഹത്തിൻെറ മുഴു ശ്രദ്ധ യും വിശ്വാസ പ്രശ്നങ്ങളിൽ കേന്ദ്രീകരിച്ചുകൊണ്ടായിരുന്നു. ശിർക്കൻവിശ്വാസക്കാരുടേയും തന്നിഷ്ടങ്ങളെ പിൻപറ്റുന്നവ

രുടേയും നേരെ അദ്ദേഹം ആഞ്ഞടിച്ചു. ശിർക്കിൻെറ മുഴു വൻ ഇനങ്ങളും മലബാറിൽ ഉണ്ടായിരുന്നു എന്നതായിരുന്നു അതിനു കാരണം. മുസ്‌ലിംകൾ ബഹുദൈവവിശ്വാസികളോ ട് കലർന്നുജീവിച്ചതിനാലും വിഗ്രഹപൂജാരികളുടേയും ബഹു ദൈവാരാധകരുടെയും സംസ്കാരങ്ങളുടെ സ്വാധീനത്താലും ചിലരെല്ലാം പുതുമുസ്‌ലിംകളായതിനാലുമായിരുന്നു അത്. കൈവളയങ്ങൾ കണക്കെ ശിർക്കിൻെറ ഊറലുകൾ അവ രെ വലയം ചെയ്തു. തൻെറ പരിഭാഷയിൽ മൗലവി ഈ മേഖല നന്നായി ഉപകാരപ്പെടുത്തി. ബിദ്ഈ പാർട്ടികളുടേ യും തൗഹീദ് വിരോധികളുടേയും രൂക്ഷമായ എതിർപ്പുണ്ടാ യിട്ടും മഹത്തരമായ സേവനമാണ് മൗലവി നിർവ്വഹിച്ചത്.

ആറ് വാള്യങ്ങളായിട്ടാണ് പ്രസ്തുത തർജ്ജമ പുറത്തിറങ്ങിയത്. ഓരോ വാല്യവും വിശുദ്ധ ക്വുർആനിലെ അഞ്ച് ജുസ്ഉകൾ ഉൾകൊള്ളുന്നു. താഴെ വരുംവിധം ക്രമപ്രകാരമായിരുന്നു അവയുടെ പ്രസാധനം.

| | |
|---|---|
| ഒന്നാം വാള്യം | : 1955 |
| രണ്ടാം വാള്യം | : 1958 |
| മൂന്നാം വാള്യം | : 1960 |
| നാലാം വാള്യം | : 1962 |
| അഞ്ചാം വാള്യം | : 1963 |
| ആറാം വാള്യം | : 1965 |

ഓരോ വാള്യങ്ങളിലും 400 പേജുകൾ വീതം ഉണ്ട്.

## അധ്യായം മൂന്ന്.

# നിരൂപണത്തിൻെറ തുലാസിൽ ചില തർജ്ജമകൾ

## 1. ഖാദിയാനീ പരിഭാഷകൾ

ഇന്ന് ഇസ്ലാമിക ഗ്രന്ഥശാലകളിൽ കാണപ്പെടുന്ന വ്യതിചലിച്ച ഏറ്റവും അപകടകാരിയാണ് ഖാദിയാനികളുടെ തർജ്ജമകൾ.

എഡി. 1840ൽ ഇന്ത്യയിലെ ഖാദിയാനിൽ ജനിച്ച് 1908 -ൽ മരിച്ച ഒന്നരനൂറ്റാണ്ട് കാലം മുമ്പ് ഇന്ത്യൻ ഭൂഗണ്ഡ ത്തിൽ പ്രവാചകത്വം വാദിച്ച മിർസാ ഗുലാം അഹമ്മദ് അൽ ഖാദിയാനിയുടെ അനുയായികളാണ് ഖാദിയാനികൾ.[1]

ഉപരിപ്ളവമായി മതത്തിൻെറ മേൽകുപ്പായത്തിലാണെ ങ്കിലും ബ്രിട്ടീഷ് കോളനി വാഴ്ചയുടെ സന്തതിയാണ് ഖാദി യാനീ പ്രസ്ഥാനം.

ഡോ.ഗാലിബ് അൽ അവാജി പറയുന്നതുപോലെ “വി ശുദ്ധക്വുർആനിനെ ഉജ്ജ്വലമായി സ്നേഹിക്കുകകയും അ തിനെ വിശുദ്ധപ്പെടുത്തുകയും അതെ സമയം മുസിലിംകൾ ഏകോപിപ്പിച്ചതിന്നും അറബിഭാഷ താൽപര്യപ്പെടുന്നതിന്നും യോചിക്കാത്ത കാര്യങ്ങളെ അർത്ഥം വെച്ചൊപ്പിച്ചും വ്യാഖ്യാ

---

[1] ഡോ. ഗാലിബ് അൽ അവാജി, ഫിറഖുമുആസിറ 2 :490, 561

നിച്ചും തങ്ങളുടെ നിരർത്ഥകവിശ്വാസങ്ങൾ പ്രചരിപ്പിക്കുന്ന തിന്നും കളവുകൾ പരസ്യമാക്കുന്നതിന്നും വിശുദ്ധ വചനങ്ങ ളെ ഖാദിയാനികൾ ഉപയോഗപ്പെടുത്തുന്നു എന്നതിലാണ് ആ പ്രസ്ഥാനത്തിൻെറ അപകടം പതിയിരിക്കുന്നത്."[1] വിശു ദ്ധ ക്വുർആൻ വിവർത്തനം തുടങ്ങിയ കാലം മുതൽ ഖാദി യാനികൾക്ക് ഈ മേഖലയിൽ ഗണ്യമായ വികാസവും ജീവ സ്സുറ്റ പ്രവർത്തനവുമുണ്ട്. ആ കാലത്ത് തന്നെ ഖാദിയാനീ നേതാവായ മുഹമ്മദ് അലിയുടെ തർജ്ജമ 1918-ൽ ഇംഗ്ളീ ഷിൽ പ്രസാധനം ചെയ്യപ്പെടുകയുണ്ടായി.

1969ൽ മാലിക് ഗുലാം ഫരീദിൻെറ മേൽ നോട്ടത്തിൽ ഇംഗ്ളീഷ് ഭാഷയിൽ വിശുദ്ധ ക്വുർആൻ വിവർത്തനവും വി വരണവും പ്രസിദ്ധം ചെയ്യപ്പെട്ടു. അപ്രകാരം മുൻ പാക്കി സ്ഥാൻ വിദേശകാര്യ മന്ത്രി മുഹമ്മദ് ദഫറുല്ലാഹ് ഖാൻെറ ഇംഗ്ളീഷ് തർജ്ജമയും വിശുദ്ധക്വുർആനിൻെറ ആശയവി വർത്തനമെന്ന പേരിൽ മറ്റൊരു ലഘുപതിപ്പും ഇംഗ്ളീഷിൽ വെളിച്ചം കണ്ടു. ഇതിന്ന് ആമുഖമെഴുതിയത് ഖാദിയാനീവി ശ്വാസ പ്രകാരമുള്ള വാഗ്ദത്ത മസീഹിൻെറ രണ്ടാം ഖലീഫ മിർസാ ബഷീറുദ്ദീനാണ്. പിന്നീടത് 1963-ൽ വലിയ മൂന്ന് വാള്യങ്ങളിലായി മാലിക് ഗുലാം ഫരീദ് പ്രസിദ്ധീകരിക്കുക യുണ്ടായി.[2]

---

[1] ഡോ. ഗാലിബ് അൽ അവാജി, ഫിറഖുമുആസിറ 2 :572

[2] ഡോ. അഹ്മദുൽ മുഹന്ന, ദിറാസത്തുൽ ഹൗല തർജ്ജുമത്തിൽ ക്വുർആൻ. പേജ് 154

ലോകത്തിൻെറ മുഴുമേഖലകളിലും വിശിഷ്യാ യൂറോ-അമേരിക്കൻ നാടുകളിലും ആഫ്രിക്കൻ വൻകരയിലും ഗണ്യവും ശക്തവുമായ പ്രവർത്തനങ്ങളാണ് ഈ പിഴച്ച വിഭാഗത്തിനുള്ളത്. അവരുടെ സാമ്പത്തിക സ്രോതസ്സുകൾ ധന്യവും സമൃദ്ധവുമാണ്. തങ്ങളുടെ നിരർത്ഥക ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന്ന് വിശുദ്ധക്വുർആൻ ലോകഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്നതിലാണ് അവർ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

## ഖാദിയാനീ പ്രസ്ഥാനത്തിൻെറ മലയാള പരിഭാഷ

ഖാദിയാനികളുടെ ഏറ്റവും വലിയ ശ്രമമായിരുന്നു മലയാളത്തിൽ ഒരു തർജ്ജമ പ്രസിദ്ധീകരിക്കുക എന്നത്. മുഹമ്മദ് അബുൽ വഫാ അത് തയ്യാറാക്കുകയും 1991ൽ പ്രസിദ്ധീകരിക്കുകയുമുണ്ടായി.

മുഹമ്മദ് അബുൽവഫാ തൻെറ പരിഭാഷയിൽ അവലംഭിച്ചത് ബഷീർ അലിയുടെ ഇംഗ്ളീഷ് പരിഭാഷയും മീർസാ ബഷീറുദ്ദീൻെറ ഉറുദുതർജ്ജമയും ആയിരുന്നു. പ്രസ്തുത തർജ്ജമ ഇൻറർനാഷനൽ ഇസ്ലാമിക് (ഖാദിയാനി) പബ്ളിഷേഴ്സ് ലിമിറ്റഡ് പിന്നീട് ഇംഗ്ളണ്ടിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ക്വുർആനിൻെറ മുപ്പതാം ജുസ്അ് വിവരണത്തോടൊപ്പം പ്രസ്തുത പരിഭാഷക്ക് 1180 പേജുകളുണ്ടായിരുന്നു.

## വരികൾക്കിടയിലെ വിഷലിപ്ത ചിന്തകൾ

ഖാദിയാനി ചിന്തകളെ കുറിച്ച് വ്യക്തമായ ചിത്രമാണ് ഈ തർജ്ജമ നൽകുന്നത്. അറബിപദത്തിന് നേരെ പദ

ങ്ങളുടെ അർത്ഥം നൽകിയതിനു ശേഷം അടിക്കുറിപ്പു കളിലാണ് വിഷലിപ്ത ചിന്തകളുടെ പേനയുന്തുന്നത്.

مَّا الْمَسِيحُ ابْنُ مَرْيَمَ إِلاَّ رَسُولٌ قَدْ خَلَتْ مِن قَبْلِهِ الرُّسُلُ وَأُمُّـهُ صِـدِّيقَةٌ كَانَـا يَأْكُلاَنِ الطَّعَامَ ... ( سورة المائدة: ٧٥)

"മർയമിൻെറ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പ് ദൂതന്മാർ കഴിഞ്ഞ് പോയിട്ടുണ്ട്. അദ്ദേഹത്തിൻെറ മാതാവ് സത്യവതിയുമാകുന്നു. അവരിരുവരും ഭക്ഷണം കഴിക്കുന്നവരായിരുന്നു......" (വി.ക്വു. 5:75)

എന്ന ആയത്ത് ദുർവ്യാഖ്യാനിക്കുന്നത് അതിൽ ഒന്നു മാത്രം. خَلَتْ എന്ന പദത്തിന് വിവർത്തകൻ എഴുതുന്നു:

خلا എന്നതിൻെറ അർത്ഥം ഒരാൾ മരിച്ചു. അപ്പോൾ ഇതര പ്രവാചകർ മരിച്ചത്പോലെ ഈസാനബിയും മരിച്ചു.

എന്നാൽ ഈ വിവർത്തകൻ സ്വന്തത്തോട് തന്നെ വിരുദ്ധനായി خَلَتْ എന്ന പദത്തിന് സൂറ: ആലു ഇംറാനിലെ

قَدْ خَلَتْ مِـن قَـبْلِكُمْ سُـنَنٌ فَسِـيرُواْ فِي الأَرْضِ فَـانْظُرُواْ كَيْـفَ كَانَ عَاقِبَـةُ الْمُكَذَّبِينَ ( سورة آل عمران : ١٣٧)

"നിങ്ങൾക്ക് മുമ്പ് പല (ദൈവിക) നടപടികളും കഴിഞ്ഞ് പോയിട്ടുണ്ട്......" (വി.ക്വു.3:137) എന്ന ആയത്തിൽ അർത്ഥം നൽകിയപ്പോൾ അവിടെ مضت അഥവാ കഴിഞ്ഞുപോയി എന്നാണ് അർത്ഥം നൽകിയത്.

മീർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ പ്രചാരം നേടിയ കള്ളവാദങ്ങളിൽ പെട്ടതാണ് അയാൾ തനിക്ക് ദിവ്യബോധനം ലഭിക്കുന്നു എന്നു പറഞ്ഞതിന് പിന്നാലെ താൻ വാഗ്ദത്ത മസീഹാണെന്ന് വാദിച്ചത്. 'ദമീമത്തുൽ വ ഹ്യ്' എന്ന തൻെറ ഗ്രന്ഥത്തിൽ അയാൾ എഴുതുന്നു: "തമസ്സിനു ശേഷം സൃഷ്ടികളിൽ അല്ലാഹുവിൽനിന്നുള്ള പൂർണ്ണപ്രഭ ചൊരിയാൻ വേണ്ടി സൂക്ഷ്മജ്ഞനായ അല്ലാഹുവിൻെറ കൽപന പ്രഖ്യാപിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് വന്നെത്തി"[1] ഈ കള്ളവാദങ്ങളും അബുൽവഫായുടെ തർജ്ജമയിൽ പറഞ്ഞ ഇതര നബിമാരെപോലെ ഈസാനബി(ﷺ) യും മരണപ്പെട്ടു എന്ന വിവർത്തനവും എങ്ങിനെ സമരസപ്പെടും ? വല്ലാത്തൊരു വൈരുദ്ധ്യം!

## നുബൂവ്വത്ത് അവസാനിക്കുന്നില്ല!

ഖാദിയാനീ പരിഭാഷകൻ അബുൽവഫാ തൻെറ ശൈഖുമാരെ അനുകരിച്ചുകൊണ്ടും വിശുദ്ധ ക്വുർആനിൻെറ ചില വചനങ്ങളുടെ മറപിടിച്ചും വഹ്യ്ലോകത്ത് തുടരുമെന്നും പ്രവാചകശൃംഖല അറ്റ് പോയിട്ടില്ലെന്നും കാലാകാലങ്ങളിൽ പ്രവാചകർ വരുമെന്നും സ്ഥാപിക്കാൻ ശ്രമിക്കുകയുണ്ടായി. വിശുദ്ധ ക്വുർആനിലെ സുറത്ത് അൽ അഹ്സാബിലെ

---

[1] ദമീമത്തുൽ വഹ്യ് പേജ് : 12 (ഡോ. ഗാലിബ് അൽ അവാജിയുടെ ഫിറഖുമുആസിറ 2 :518 നോക്കുക)

مَّا كَانَ مُحَمَّدٌ أَبَا أَحَدٍ مِّن رِّجَالِكُمْ وَلَكِن رَّسُولَ اللَّهِ وَخَاتَمَ النَّبِيِّينَ وَكَانَ اللَّهُ بِكُلِّ شَيْءٍ عَلِيمًا ( سورة الأحزاب : ٤٠)

“മുഹമ്മദ് നിങ്ങളുടെ പുരുഷന്മാരിൽ ഒരാളുടേയും പിതാവായിട്ടില്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിൻെറ ദൂതനും പ്രവാചകന്മാരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു” (വി.ക്വു. 33 : 40)

എന്ന ആയത്തിനെ ദുർവ്യാഖ്യാനിച്ചുകൊണ്ട് എഴുതുന്നത് നോക്കുക خَاتَم എന്ന പദത്തിന് ശ്രേഷ്ഠൻ, പൂർണ്ണൻ എന്നീ അർത്ഥങ്ങളുണ്ട്. ഉദാഹരണത്തിന് ( خَاتَمُ الشُعَرَاءِ ) ‘ഖാതമുശ്ശുഅറാഅ്’ എന്ന് നാം ആരെ കുറിച്ചെങ്കിലും പറഞ്ഞാൽ കവികളിൽ ശ്രേഷ്ഠൻ എന്നാണ് താൽപര്യം. അതുപോലെ (خَاتَمُ الأَنْبِيَاءِ) ‘ഖാതമുൽ അംബിയാഅ്’ എന്ന് പറഞ്ഞാ -ൽ നബിമാരിൽ ശ്രേഷ്ഠൻ എന്നാണ് താൽപര്യം. ഒരാൾക്ക് ശ്രേഷ്ഠതയുണ്ട് എന്നത് അയാൾ അവസാനത്തേതെന്ന് അറിയിക്കുന്നില്ല. അദ്ദേഹം തന്നെയാണ് മഹാനും പൂർണ്ണ നും, എന്നാൽ അദ്ദേഹം അന്ത്യ പ്രവാചകനല്ല. .[1]

---

[1] ഈ വിവർത്തനം പ്രമാണങ്ങൾക്കും മനുഷ്യബുദ്ധിക്കും ഒരുപോലെ അസ്വീകാര്യമാണ്. കാരണം "خاتم" എന്ന പദം ഒരു വസ്തുവിൻെറ അവസാനം അല്ലെങ്കിൽ പരിസമാപ്തി എന്നാണർത്ഥമാക്കുന്നത്. (അഹ്മദുൽ ഫയ്യൂമിയുടെ അൽ മിസ്ബാഹുൽ മുനീർ 1 : 175 നോക്കുക.)

അപ്രകാരം തന്നെ അബൂൽ വഫാ വിശുദ്ധ ക്വുർആനിലെ

**... يُلْقِي الرُّوحَ مِنْ أَمْرِهِ عَلَى مَن يَشَاء مِنْ عِبَادِهِ ... ( سورة غافر : ١٥ )**

"...തന്റെ ദാസന്മാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവർക്ക് തന്റെ സന്ദേശമാകുന്ന ചൈതന്യം അവൻ നൽകുന്നു......" (വി.ക്വു. 40 : 15)

എന്ന വാക്ക് വ്യാഖ്യാനിച്ചു പറഞ്ഞു: 'നിലക്കാത്ത വഹ്‌യ്'.[1]

സൂറത്ത് സ്വഫിലെ

**... بِرَسُولٍ يَأْتِي مِن بَعْدِي اسْمُهُ أَحْمَدُ ... ( سورة الصف : ٦ )**

"......എനിക്ക് ശേഷം വരുന്ന അഹ്‌മദ് എന്നു പേരുള്ള ഒരു ദൂതനെപ്പറ്റി ......" (വി.ക്വു. 61:6)

എന്ന വാക്ക് വിവർത്തനം ചെയ്തുകൊണ്ട് എഴുതി: അതിന്റെ ഉദ്ദേശം മീർസാഗുലാമാണ്. അദ്ദേഹത്തിന് 'അഹ്‌മദ്' എന്ന് പേരുണ്ട്.

സൂറത്ത് ഹൂദിലെ

**... وَيَتْلُوهُ شَاهِدٌ مِّنْهُ وَمِن قَبْلِهِ ... (سورة هود : ١٧ )**

"...അവങ്കൽ നിന്നുള്ള ഒരു സാക്ഷി (ക്വുർആൻ) അതിനെ തുടർന്നുവരികയും ചെയ്യുന്നു ........" (വി.ക്വു. 11:17)

---

[1] അബൂൽ വഫായുടെ തർജ്ജമയിൽ സൂറത്ത് ഗാഫിർ :15 ന്റെ വിവർത്തനം നോക്കുക

എന്ന വാക്ക് വിവർത്തനം ചെയ്തുകൊണ്ട് എഴുതി: 'ശാഹിദ്' എന്ന പദത്തിൻെറ ഉദ്ദേശം വാഗ്ദത്ത മസീഹാകുന്നു. അതത്രെ മീർസാ ഗുലാം.

സൂറത്തുറഹ്മാനിലെ

يَا مَعْشَرَ الْجِنِّ وَالْإِنسِ ... (سورة الرحمن : ٣٣)

" ജിന്നുകളുടെയും മനുഷ്യരുടെയും സമൂഹമേ,......"

(വി.ക്വു. 55:33)

സൂക്തത്തിൻെറ പരിഭാഷയിൽ ജിന്നിൻെറ വിപക്ഷയായി അദ്ദേഹം പറഞ്ഞത് സ്വേച്ഛാധിപതികളും (Dictators) ഇൻസിൻെറ വിപക്ഷ കമ്മ്യൂണിസ്റ്റുകളുമാണ്.

മുകളിൽപറഞ്ഞ വ്യാഖ്യാനങ്ങളും അല്ലാത്തവയും അബുൽവഫാ തൻെറ പരിഭാഷയിൽ ഉൾപ്പെടുത്തിയത് 'മീർസാ' മഹ്ദിയും വാഗ്ദത്ത മസീഹുമാണെന്നും സ്ഥാപിക്കാൻ വേണ്ടിയാണ്; അദ്ദേഹത്തിന് പ്രവാചകത്വം ലഭിച്ചിട്ടുണ്ടെന്ന് സ്ഥാപിക്കാനാണ്. ഇവയെല്ലാം മീർസായുടേയും അനുയായികളുടേയും പിൻഗാമികളുടേയും കറ്റുകെട്ടലുകൾ മാത്രമാണ്. മതപരിജ്ഞാനമില്ലാത്ത ഒരു അശ്രദ്ധാലുവിനല്ലാതെ അത് സ്വീകാര്യമാകില്ല. ഇസ്ലാമിനെക്കുറിച്ചോ അറബിഭാഷയെക്കുറിച്ചോ യാതൊരു അറിവുമില്ലാത്തവനല്ലാതെ അത് ഉൾക്കൊള്ളാനുമാവില്ല.

മുന്നിലോ പിന്നിലോ യാതൊരു തെറ്റും വരാത്ത വിശുദ്ധ ക്വുർആനിൻെറ പരിഭാഷയിൽ ഇയാൾ കടത്തിക്കൂട്ടിയ എല്ലാ ദുർവ്യാഖ്യാനങ്ങളും ഭേദഗതികളും ഇവിടെ ഉദ്ധരി

ക്കാൻ നമുക്ക് ഉദ്ദേശമില്ല. അബൂൽ വഫായും കൂട്ടുകാരും തങ്ങളുടെ ദേഹേച്ഛ ഓതിക്കൊടുത്തതനുസരിച്ചും കള്ള പ്രവാചകൻ മീർസായുടെ ചിന്തകൾക്കൊത്തും വിശുദ്ധ ക്വുർആനിനെതിരിൽ പൊയ്വെടികളും കല്ലുവെച്ച നുണകളും എഴുതിവിടാൻ കാണിച്ച ധൈര്യം മനസ്സിലാക്കാൻ ഈ ഉദാഹരണങ്ങൾ തന്നെ മാന്യ വായനക്കാരന് മതിയാകും.

കേരളത്തിൽ ഈ പരിഭാഷക്ക് വലിയ പ്രചാരം ലഭിച്ചില്ലായെന്നത് സന്തോഷകരമായ കാര്യമാണ്. കാരണം ഖാദിയാനീ പ്രബോധനം കേരളത്തിലെ മുസ്ലിം അണികളിൽ തീർത്തും ശുഷ്ക്കമാണ്.

അല്ലാഹുവേ നിനക്ക് സ്തുതി.........

നാളിതുവരെയായി ഈ പിഴച്ച പ്രസ്ഥാനത്തിന് ഏറ്റവും കുറഞ്ഞ സ്വാധീനമുണ്ടായ നാടാണ് കേരളം. സത്യവാഹകർ അവർക്കെതിരിൽ ജാഗരൂഗരുമാണ്. അല്ലാഹുവേ നിന്നെകൊണ്ടല്ലാതെ യാതൊരു കഴിവും ശേഷിയുമില്ല.

## 2. അഖ്ലാനി (Intellectual Movement) സ്വാധീനമുള്ള പരിഭാഷകൾ

പ്രമാണ വചനങ്ങൾ പരിഗണിക്കാതെ തങ്ങളുടെ പരിമിതമായ ബുദ്ധിയെ അവലംഭിക്കുന്നവരാണ് അഖ്ലാനികൾ. തങ്ങളുടെ അഭീഷ്ടത്തോട് യോജിക്കുന്നത് സ്വീകരിക്കുകയും മറ്റുള്ളതെല്ലാം തള്ളുകയും ചെയ്യുന്നവരാണ് അവർ.

തീർത്തും ഖേദകരമെന്ന് പറയട്ടെ, മുസ്ലിം അണികളിൽ അറിവും പരിജ്ഞാനവും ഉള്ളവരെന്ന് പറയപ്പെടുന്ന

വർപോലും ഇത്തരം അന്യചിന്തകളുടെ സ്വാധീനത്തിൽ അക പ്പെട്ടിട്ടുണ്ട്.

അൽ അഖ്ലാനിയൂൻ എന്ന ഗ്രന്ഥത്തിൻെറ കർത്താവ് പറയുന്നു: "അഖ്ലാനികളേയും അവരുടെ അനുയായികളേയും ശപിക്കപ്പെട്ട പിശാച് തൻെറ വലയിൽ വീഴ്ത്തിയ ഏറ്റവും വലിയ തന്ത്രം ക്വുർആനിൻേറയും സുന്നത്തിൻേറയും വചനങ്ങളെ – അവ അദൃശ്യങ്ങളുമായോ ആരാധനകളുമായോ മുഅ്ജിസത്തുകളുമായോ ബന്ധപ്പെട്ടതാണെങ്കിൽ പോലും - കേവലമായ ഭൗതിക വീക്ഷണത്തിൻേറയും ചിന്തയുടേയും പരിമിതികളുള്ള മനുഷ്യബുദ്ധികൊണ്ട് എതിരിടുകയെന്നതാണ്..... അങ്ങനെ അവർ വിശുദ്ധക്വുർആനിലും തിരുസുന്നത്തിലും വന്ന നിരവധി അദൃശ്യങ്ങളായ കാര്യങ്ങൾ നിഷേധിക്കുന്നു. കാരണം അവ അവരുടെ കേവല ഭൗതിക ചിന്തയോട് യോചിക്കുന്നില്ല എന്നതുതന്നെ. അതുപോലെ അവർ മുഅ്ജിസത്തുകളെ അസാധുവാക്കുന്നു...... അവരുടെ അഖ്ലാനി മൻഹജിൻെറ അടിസ്ഥാനത്തിൽ മാത്രമാണ് കാര്യങ്ങൾ പുറത്ത് വരുന്നത്. അല്ലാഹുവിൻെറ ഗുണ വിശേഷണങ്ങൾ അവർ ഭേദഗതി വരുത്തുന്നത് അവരുടെ അഖ്ലാനി അനുമാനത്തിൽ നിന്ന് മാത്രമാണ്. അഥവാ അദൃശ്യകാര്യങ്ങളെക്കാൾ ദുർബലമായ ദൃശ്യലോകത്തിന് പ്രാമുഖ്യം കൽപ്പിക്കുന്ന തെറ്റായ അഖ്ലാനി അനുമാനം.[1]

അഖ്ലാനികളുടെ പരിഭാഷക്ക് ഏതാനും ഉദാഹരണങ്ങൾ :

---

[1] അലി ഹസൻ അൽ ഹലബി, അൽ അഖ്ലാനിയൂൻ പേ: 77-78

## സി.എൻ. അഹ്മദ് മൗലവിയുടെ പരിഭാഷ

വൈജ്ഞാനികലോകത്ത് പരിഭാഷകൾക്കുള്ള പച്ച ക്കൊടി കാട്ടിയതോടുകൂടി തർജ്ജമയുടെ ലോകത്ത് വലി യൊരു വിഭാഗമാളുകൾ തങ്ങളുടെ സേവനം സമർപ്പിച്ചു തുടങ്ങി. അവരിൽ നന്മ പകരുകയും നന്നാക്കുകയും ചെയ് തവരുണ്ട്. അല്ലാഹുവിൻെറ ഗ്രന്ഥത്തിനുനേരെ ദോഷക്കൈ പ്രയോഗിക്കുകയും കുഴപ്പത്തിൽ ആപതിക്കുകയും ചെയ്തവ രുണ്ട്. അവരിലൊരാളാണ് സി.എൻ. അഹമ്മദ് മൗലവി. 1953-ൽ അദ്ദേഹത്തിൻെറ തർജ്ജമ വെളിച്ചം കണ്ടു. മല യാള ലിപിയിലെ ആദ്യ സമ്പൂർണ്ണ ക്വൂർആൻ പരിഭാഷയാ ണെന്നതിനാലും, വശ്യമായ ശൈലി കൊണ്ടും സൂക്ഷ്മപ്ര യോഗംകൊണ്ടും ഭാഷയിലുള്ള തനിമ കൊണ്ടും വ്യതിരക്ത മായതിനാലും വായനക്കാരുടെ വൻമുന്നേറ്റംതന്നെ പ്രസ്തു ത തർജ്ജമക്കുണ്ടായി. സി.എൻ ആകട്ടെ പൊതുജനങ്ങൾ ക്കിടയിലും പ്രത്യേകക്കാർക്കിടയിലും ഒരുപോലെ പ്രസിദ്ധനാ യി. തർജ്ജമ പെട്ടെന്ന് പ്രചരിക്കുകയും പരിഭാഷകൻ കേര ള ഗവൺമെൻറിൻെറയടുക്കൽപോലും പ്രസിദ്ധനാകുകയും ചെയ്തു. പ്രസ്തുത തർജ്ജമയുടെ പ്രസാധന പൂർത്തീകര ണത്തിന് ഗവൺമെൻറിൻെറ സാമ്പത്തിക സഹായവും തുട ർന്ന് ഗവൺമെൻറിൻെറ ഒരു വലിയ പുരസ്കാരവും സി. എന്നി.ന് ലഭിച്ചു.

ഒരുവേള മാന്യവായനക്കാരൻ അത്ഭുതപ്പെട്ട് ചോദി ച്ചേക്കാം: എന്തിന് വേണ്ടിയാണ് ഇത്രയും പ്രാധാന്യത്തോ ടുകൂടി ഈ തർജ്ജമ കൈകാര്യം ചെയ്യപ്പെടുന്നത്? വലിയ സാഹിത്യകാരന്മാരും ഗ്രന്ഥകാരന്മാരും നേടുകയോ സ്വപ്നം കാണുകയോ ചെയ്യാത്ത ഈ മേന്മകൾ എങ്ങിനെ സി.എന്നി ന് ലഭിച്ചു ? ഈ പരിഭാഷയുടെ രഹസ്യമെന്ത് ?

വാസ്തവം പറഞ്ഞാൽ കേരളാ സാഹിത്യലോകം ഒരു പ്രത്യേകകോണിലൂടെയാണ് തർജ്ജമയിലേക്ക് നോക്കിയത്. അഥവാ സാഹിത്യത്തിൻേറയും സ്ഫുടതയുടേയും സൂക്ഷ്മ പ്രയോഗത്തിൻേറയും ഒഴുക്കുള്ള ശൈലിയുടേയും കോണിലൂടെ. എന്നാൽ പരിഭാഷകൻ സി.എൻ ആകട്ടെ സാഹിത്യകാരനും ആഖ്യാനത്തിൽ നിപുണനും ഗ്രന്ഥരചനയിലും കോർവയിലും നന്നായി കഴിവുള്ളവനുമായിരുന്നു. പക്ഷേ വിശുദ്ധ ക്വുർആനിൻെറ വിജ്ഞാനീയങ്ങളിലും ഹദീസ് വിഷയങ്ങളിലും അദ്ദേഹം വ്യുൽപ്പത്തി കുറഞ്ഞയാളായിരുന്നു. അതിനാൽ തന്നെ അദ്ദേഹം നന്നായി ഇരുളിൽ തപ്പി.

അതുകൊണ്ട് മറുപക്ഷത്ത് മുസ്ലിം വേദികൾ അദ്ദേഹത്തിന്നെതിരെ ആഞ്ഞടിച്ചു. പണ്ഠിതന്മാർ ഗ്രന്ഥകാരൻെറ ഇച്ഛക്കനുസരണം തർജ്ജമയിൽ നിറച്ച ഉപചാപങ്ങൾക്കും വ്യതിയാനങ്ങൾക്കും മറുപടി പറഞ്ഞു.

## സി.എൻ. അഹ്മദ് മൗലവിയുടെ പരിഭാഷയിലെ പ്രധാന ന്യൂനതകൾ

1. പ്രവാചകന്മാരുടെ മുഅ്ജിസത്തുകൾ നിഷേധിച്ചു.
2. പത്ത് തവണയിലധികം അല്ലാഹു വിശുദ്ധ ക്വുർആനിൽ എടുത്തു പറഞ്ഞ അല്ലാഹുവിൻെറ 'അർശ്' (മഹിത സിംഹാസനം)നെ നിഷേധിച്ചു.
3. ജിന്നുവർഗ്ഗത്തെ നിഷേധിച്ചു. അവർ മനുഷ്യരിൽ പെട്ട ഒരു വർഗ്ഗമാണെന്ന് അദ്ദേഹം ജൽപിച്ചു.

## ദുർവ്യാഖ്യാനത്തിൻെറ ചില മാതൃകകൾ

### 1. സി.എൻ. മൗലവിയും മുഅ്ജിസത്തും.

അല്ലാഹു പറഞ്ഞു:

وَإِذْ قَالَ إِبْرَاهِيمُ رَبِّ أَرِنِي كَيْفَ تُحْيِـي الْمَوْتَى قَالَ أَوَلَمْ تُؤْمِن قَالَ بَلَى وَلَـكِن لِّيَطْمَئِنَّ قَلْبِي قَالَ فَخُذْ أَرْبَعَةً مِّنَ الطَّيْرِ فَصُرْهُنَّ إِلَيْكَ ثُمَّ اجْعَلْ عَلَى كُلِّ جَبَـلٍ مِّنْهُنَّ جُزْءًا ثُمَّ ادْعُهُنَّ يَأْتِينَـكَ سَـعْيًا وَاعْلَـمْ أَنَّ اللّهَ عَزِيـزٌ حَكِـيمٌ (سـورة البقرة : ٢٦٠)

" എൻെറ നാഥാ! മരണപ്പെട്ടവരെ നീ എങ്ങനെ ജീവിപ്പിക്കുന്നുവെന്ന് എനിക്ക് നീ കാണിച്ചു തരേണമേ എന്ന് ഇബ്രാഹീം പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു.) അല്ലാഹു ചോദിച്ചു: നീ വിശ്വസിച്ചിട്ടില്ലേ? ഇബ്രാഹീം പറഞ്ഞു: അതെ. പക്ഷെ, എൻെറ മനസ്സിന് സമാധാനം ലഭിക്കാൻ വേണ്ടിയാകുന്നു. അല്ലാഹു പറഞ്ഞു: എന്നാൽ നീ നാലു പക്ഷികളെ പിടികൂടുകയും അവയെ നിന്നിലേക്ക് അടുപ്പിക്കുകയും (അവയെ കഷ്ണിച്ചിട്ട്) അവയുടെ ഓരോ അംശം ഓരോ മലയിലും വെക്കുകയും ചെയ്യുക. എന്നിട്ടവയെ നീ വിളിക്കുക. അവ നിൻെറ അടുക്കൽ ഓടി വരുന്നതാണ്. അല്ലാഹു പ്രതാപവാനും യുക്തിമാനുമാണ് എന്ന് നീ മനസ്സിലാക്കുകയും ചെയ്യുക" (വി.ക്യു. 2 : 260)

പ്രസ്തുത ആയത്തിലെ( .........فَصُرْهُنَّ إِلَيْكَ) എന്നതിന്

സി.എൻ., "നാല് പക്ഷികളെ പിടിച്ച് അവയെ നീയുമായി നല്ലപോലെ ഇണക്കുക; പിന്നീട്, അവയിൽ ഓരോ വിഭാഗത്തേയും (അൽപം അകലെയുള്ള) ഓരോ മലകളിൽ കൊണ്ടുപോയി വെക്കുക; എന്നിട്ട് അവയെ വിളിക്കുക, എന്നാൽ, അവ നിൻെറയടുക്കലേക്ക് ഓടി വരും." ഇതാണ്

ആയത്തിന് നൽകിയ അർത്ഥം. എന്നാൽ അടിക്കുറിപ്പിൽ തൻെറ വിവർത്തനത്തെ ശക്തിപ്പെടുത്തി വിവരിക്കുന്നത് ഇപ്രകാരമാണ്: മൃതപ്രായരായ മനുഷ്യരെ ഉദ്ധരിക്കുവാൻ എത്രയോ കൊല്ലം വിവിധ തന്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇബ്രാഹീം നബി പാടുപെട്ടു. ഒന്നും ഫലിച്ചില്ല. അന്നേരം ആ മനുഷ്യരെ ഉദ്ദേശിച്ച് അല്ലാഹുവോട് അദ്ദേഹം ചോദിച്ചു: അല്ലാഹു വേ, മരിച്ചു കിടക്കുന്ന ഈ മനുഷ്യരെ എങ്ങനെയാണു നീ ജീവിപ്പിക്കുക എന്ന് എനിക്കൊന്ന് കാണിച്ചു തരേണമേ? അല്ലാഹു ഇബ്രാഹീം നബിയോട് നാല് പക്ഷികളെപിടിച്ച് ശരിക്ക് ഇണക്കാൻ കൽപ്പിച്ചു. ഇണക്കിക്കഴിഞ്ഞപ്പോൾ അവ യെ അടുത്തുള്ള കുന്നുകളിന്മേൽ കൊണ്ടുപോയി വെച്ച് പേ രെടുത്ത് വിളിക്കാൻ ഉപദേശിച്ചു. വിളിച്ചപ്പോൾ ഓരോന്നും അതാ ഓടി വരുന്നു. ബുദ്ധിയില്ലാത്ത കാട്ടുപക്ഷികളെ ഇങ്ങ നെ ഇണക്കാൻ കഴിയുമെങ്കിൽ മനുഷ്യരെ ഇണക്കുക എന്തുകൊണ്ട് സാധ്യമല്ല? ഇതായിരുന്നു അല്ലാഹുവിൻെറ മറുപടി. അല്ലാഹു മികച്ച തന്ത്രജ്ഞനാണെന്ന് പറഞ്ഞത് ഈ അവസരത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.[1]

മുഅ്ജിസത്തുകൾ നിഷേധിക്കുക എന്ന തൻെറ ഉദ്ദി ഷ്ട ലക്ഷ്യത്തിലെത്താൻ ഇച്ഛക്കൊത്ത് അല്ലാഹുവിൻെറ വചനങ്ങളെ വ്യാഖ്യാനിക്കുന്നതിൽ തൻെറ വിഷലിപ്ത വരി കൾ സി.എൻ. തിരുകികയറ്റി. യഥാർത്ഥത്തിൽ സഹീഹുൽ

---

[1] സി.എൻ. അഹ്മദ് മൗലവി, പരിശുദ്ധ ക്വുർആൻ പരിഭാഷയും വ്യാഖ്യാനവും. സൂറത്തുൽ ബഖറയിലെ 260 -ാം ആയത്തിൻെറ പരിഭാഷ നോക്കുക.

ബുഖാരിയിൽ( ........فَصُرْهُنَّ إِلَيْكَ ) എന്ന ആയത്തിനർത്ഥം ( أَيْ قَطِّعْهُنَّ ) അഥവാ നിങ്ങൾ അവയെ കഷ്ണിക്കുകയെന്ന് വന്നിട്ടുണ്ട്.[1]

സി.എൻ. എഴുതിയപോലെയാണ് അർത്ഥമെങ്കിൽ പ്രസ്തുത ആയത്തിലെ വിഷയത്തിന് അത്ഭുതവും വൈചിത്രിയവും ദ്യോതിപ്പിക്കുന്ന യാതൊരു അർത്ഥതലവുമുണ്ടാവുകയില്ലെന്ന് മാത്രമല്ല ആ കഥ അവിടെ കൊണ്ടു വരുന്നതിൻെറ ആവശ്യം തന്നെയുണ്ടാവില്ല.

ഇപ്രകാരം സി.എൻ. മൗലവി വിശുദ്ധ ക്വുർആനിൻെറ ഏതൊരു സ്ഥലത്താണോ ഒരു നബിയുടെ മുഅ്ജിസത്ത് പറയപ്പെട്ടത് അവിടെയെല്ലാം അല്ലാഹുവിൻെറ വചനത്തെ വ്യാഖ്യാനിപ്പിച്ചൊപ്പിക്കാനാണ് ശ്രമിച്ചത്.

## 2. സി.എൻ. മൗലവിയും ജിന്നും.

മുസ്ലിംകളുടെ വിശ്വാസകാര്യങ്ങളിൽ പെട്ടതാണ് അദൃശ്യങ്ങളിലും അല്ലാഹുവും അവൻെറ തിരുദൂതരും പറ

---

[1] സ്വഹീഹുൽ ബുഖാരി : 4537 ഇമാം ഹാഫിള് ബ്നു ഹജർ പറയുന്നു : ഇബ്നു അബ്ബാസിൽ നിന്നുള്ള മറ്റൊരു റിപ്പോർട്ടിൽ فَصُرْهُنَّ എന്നതിന്ന് അവയെ നിങ്ങൾ ബന്ധിക്കുക എന്നിട്ട് അറുക്കുക എന്നും വന്നിട്ടുണ്ട്. (ഫത്ഹുൽ ബാരി 8 : 49)

ഞ്ഞ മറ്റെല്ലാകാര്യങ്ങളിലും വിശ്വസിക്കുകയെന്നത്. അത് മനുഷ്യ ബുദ്ധിക്ക് യോജിച്ചാലും ഇല്ലെങ്കിലും!

അവയിൽപ്പെട്ടതത്രെ, അദൃശ്യങ്ങളായ അല്ലാഹുവിൻെറ സൃഷ്ടികൾ ഉണ്ടെന്ന വിശ്വാസം. സാധാരണ അവസ്ഥകളിൽ നമുക്കവയെ കാണുവാനോ നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്ക് സംവദിച്ചെടുക്കാനോ സാധ്യമല്ലാത്ത സൃഷ്ടികൾ. അവയത്രെ ജിന്നുകൾ.

വ്യാഖ്യാനത്തിനോ സംശയത്തിനോ ഒരു പഴുതും നൽകാത്ത ഖണ്ഡിതമായ രൂപത്തിൽ അല്ലാഹു ജിന്നുകളുടെ ആസ്തിക്യത്തെ കുറിച്ച് നമ്മെ ഉണർത്തിപ്പറഞ്ഞിട്ടുണ്ട്. അല്ലാഹു പറഞ്ഞു:

وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا لِيَعْبُدُونِ (سورة الذاريات : ٥٦٠)

" ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല." (വി.ക്വു. 51 : 56)

വിശുദ്ധ ക്വുർആനിൽ ഒരു അദ്ധ്യായം തന്നെ 'ജിന്ന്' എന്ന നാമകരണത്തിലാണ്. പ്രസ്തുത സൂറത്ത് അവരെ കുറിച്ചാണ് സംസാരിക്കുന്നത്. ജിന്നുകൾ സംഘമായി പ്രവാചകൻ(സ) യെ സന്ദർശിച്ച ഒട്ടനവധി സംഭവങ്ങൾ സ്വഹീഹായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.[1]

ഈ പരമ യാഥാർത്ഥ്യം ഒരാൾ നിഷേധിച്ചാൽ അത് സത്യസന്ധമായ ഒരു വാർത്തയെ കളവാക്കലാണ്. എന്തെ

---

[1] ബുഖാരി 4921

ന്നാൽ വിശുദ്ധ ക്വുർആൻ പത്ത് അധ്യായങ്ങളിലായി നാൽപ തോളം വചനങ്ങളിൽ ജിന്നുകളെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്.

പക്ഷേ പൗരാണിക തത്വചിന്തകരും അവരുടെ ചുവടു പിടിച്ച ചില ആധുനികരും ഒരു ചർച്ചയോ മറുപടിയോ അർഹിക്കാത്ത ബാലിശമായ തെളിവുകൾകൊണ്ട് ജിന്നുകൾ എന്ന സൃഷ്ടിയെ പാടെ നിഷേധിച്ചു.

സി.എൻ. മൗലവി ഈ തത്വചിന്തകരുടെ ചുവടു പിടിച്ചാണ് നടന്നത്. സൂറത്തുൽ അഹ്ഖാഫിലെ

وَإِذْ صَرَفْنَا إِلَيْكَ نَفَرًا مِّنَ الْجِنِّ يَسْتَمِعُونَ الْقُرْآنَ فَلَمَّا حَضَرُوهُ قَالُوا أَنصِتُوا
فَلَمَّا قُضِيَ وَلَّوْا إِلَى قَوْمِهِم مُّنذِرِينَ (سورة الأحقاف : ٢٩)

"ജിന്നുകളിൽ ഒരു സംഘത്തെ നാം നിന്റെ അടുത്തേക്ക് ക്വുർആൻ ശ്രദ്ധിച്ചു കേൾക്കുവാനായി തിരിച്ചുവിട്ട സന്ദർഭം (ശ്രദ്ധേയമാണ്.) അങ്ങനെ അവർ അതിന് സന്നിഹിതരായ പ്പോൾ അവർ അന്യോന്യം പറഞ്ഞു: നിങ്ങൾ നിശ്ശബ്ദരായി രിക്കൂ. അങ്ങനെ അത് കഴിഞ്ഞപ്പോൾ അവർ തങ്ങളുടെ സ മുദായത്തിലേക്ക് താക്കീതുകാരായി ക്കൊണ്ട് തിരിച്ചുപോയി"

" (വി.ക്യു 46:29)

ആയത്തിന് അർത്ഥം നൽകവെ അടിക്കുറിപ്പിൽ ജിന്നു കളെ കുറിച്ച് തന്റെ വ്യതിചലിച്ച ചിന്തകൾ പത്തോളം പേജുകളിൽ നിറക്കുകയുണ്ടായി.

അദ്ദേഹം പറഞ്ഞു: "തീർച്ചയായും ജിന്നുകളെക്കുറിച്ച് മുസ്ലിംകളിൽ പ്രചാരത്തിലുള്ള ധാരണ ജിന്നുകളിൽ മനു ഷ്യരല്ലാത്ത, മനുഷ്യ പഞ്ചേന്ദ്രിയങ്ങൾക്ക് ഗോചരമല്ലാത്ത ഒരു പ്രത്യേക വർഗ്ഗമെന്നാണ്. ഇത് പിഴച്ചതും അല്ലാഹു

വിൻെറ വചനത്തിന് എതിരുമാണ്. കാരണം അല്ലാഹു മക്കയിലെ അവിശ്വാസികൾക്ക് മറുപടി നൽകവെ പറഞ്ഞു:

قُل لَّوْ كَانَ فِي الأَرْضِ مَلآئِكَةٌ يَمْشُونَ مُطْمَئِنِّينَ لَنَزَّلْنَا عَلَيْهِم مِّنَ السَّمَاء مَلَكًا رَّسُولاً (سورة الإسراء : ٩٥)

"(നബിയേ,) പറയുക: ഭൂമിയിലുള്ളത് ശാന്തരായി നടന്ന് പോകുന്ന മലക്കുകളായിരുന്നെങ്കിൽ അവരിലേക്ക് ആകാശ ത്തുനിന്ന് ഒരു മലക്കിനെത്തന്നെ നാം ദൂതനായി ഇറക്കുമാ യിരുന്നു. " (വി.ക്വു. 17 : 95)

അതിനാൽ മലക്കുകളിലേക്ക് നിയോഗിതനായ ദൂതൻ മലക്കെന്നപോലെ മനുഷ്യരിലേക്ക് നിയോഗിതനായ ദൂതൻ മനുഷ്യനാണ്. പിന്നെ ജിന്നുകൾ മനുഷ്യരിൽ പെട്ടവർ അ ല്ലെങ്കിൽ എങ്ങിനെയാണ് മനുഷ്യരിലേക്കും ജിന്നുകളിലേ ക്കും ഒരു മനുഷ്യനെ ദുതനായി നിയോഗിക്കുക?[1]

ഇവിടെ അദ്ദേഹം തെളിവ് പിടിച്ച രീതി തീർത്തും തെറ്റാ ണ്. കാരണം വിശുദ്ധവചനം ഒരിക്കലും ഭൂമിയിൽ നിർഭയ രായി സഞ്ചരിക്കുന്ന ജിന്നുകൾ പോലുള്ള ഒരു സൃഷ്ടിയുടെ ഉൺമ നിഷേധിച്ചിട്ടില്ല. പ്രത്യുത ഭൂമിയിൽ ഈ വിശേഷണ ങ്ങളോടെ സഞ്ചരിക്കുന്ന മലക്കുകളെയാണ് ആയത്ത് നിഷേ ധിക്കുന്നത്. മാത്രവുമല്ല മലക്കുകൾ മനുഷ്യരുമായി ഒരു സാദൃശ്യവുമില്ലാത്ത സൃഷ്ടികളാണ്. എന്നാൽ ജിന്നുകളും മനുഷ്യരും തമ്മിൽ വലിയ സാദൃശ്യമുണ്ടുതാനും. കാരണം

---

[1] സി. എൻ. അഹ്മദ് മൗലവിയുടെ പരിഭാഷയിൽ സൂ: അഹ്ഖ ാഫ് 29-ൻെറ പരിഭാഷ നോക്കുക.

അവർക്ക് മനുഷ്യരെപ്പോലെ ബുദ്ധിയുണ്ട്, വികാരമുണ്ട്. അവർ തിന്നുകയും കുടിക്കുകയും ഉറങ്ങുകയും വിവാഹം കഴിക്കുകയും ചെയ്യും. എന്നാൽ മലക്കുകൾ ഈ വിശേഷണങ്ങളൊന്നുമില്ലാത്തവയും മനുഷ്യരോടും ജിന്നുകളോടും തീർത്തും വ്യത്യാസം പുലർത്തുന്നതുമായ ഒരു വിഭാഗമാണ്.

ജിന്നുകളോടൊപ്പം പ്രവാചകൻ (ﷺ)നടത്തിയ അഭിമുഖങ്ങളെക്കുറിച്ച് സി.എൻ. എഴുതുന്നു:- പ്രസ്തുത സംഗമങ്ങളെല്ലാം ആൾക്കൂട്ടങ്ങളിൽനിന്ന് അകന്ന് മക്കക്ക് പുറത്തായിരുന്നു. ഒന്നും മക്കക്കകത്തായിരുന്നില്ല. അപ്പോൾ ഒരു യാഥാർത്ഥ്യം അതിൽ നിന്നും വ്യക്തമാകുന്നു. ഇവർ മനുഷ്യന്മാരും അന്യദേശക്കാരുമായിരുന്നു. അല്ലാതെ ചിലർ വിശ്വസിക്കുന്നതുപോലെ മനുഷ്യർക്ക് തങ്ങളുടെ പഞ്ചേന്ദ്രിയങ്ങൾക്ക് കണ്ടുപിടിക്കാനാകാത്ത മറ്റൊരു വർഗ്ഗമല്ല. മക്കക്കാരുടെ ഉപദ്രവം ഭയന്നാണ് പട്ടണത്തിൻെറ പുറത്ത് വന്നുനിന്ന് രാത്രി സമയത്ത് നബിയെ അങ്ങോട്ട് ക്ഷണിച്ചത്. ഖുറൈശികൾക്ക് കാണാനോ തൊടാനോ കഴിയാത്ത സൃഷ്ടികളാണവരെങ്കിൽ മക്കക്കകത്തു തന്നെ അവരുമായി നബിക്ക് അഭിമുഖം നടത്താമായിരുന്നു[1]

(സി.എൻ. പരിഭാഷ).

ഈ സന്ദേഹങ്ങളും ന്യായവാദം നിരത്തലുമെല്ലാം നിരർത്ഥകം തന്നെയാണ്. കാരണം വിശുദ്ധ ക്വുർആൻ പറയുന്നത് ജിന്നുകൾ ശരീഅത്തിൻെറ വിധിവിലക്കുകൾ ബാധകമാകു

---

[1] സി. എൻ. അഹ്മദ് മൗലവിയുടെ പരിഭാഷയിൽ സൂ: അഹ്ഖാഫ് 29-ൻെറ പരിഭാഷ നോക്കുക.

ന്നതിൽ മനുഷ്യരോട് യോചിക്കുന്നു. എന്നാൽ അവർ തിന്നുക, കുടിക്കുക, വസിക്കുക തുടങ്ങിയ വിഷയങ്ങളിൽ തീർത്തും മനുഷ്യരോട് ഭിന്നതയും വ്യത്യസ്ഥ തപുലർത്തുക യും ചെയ്യുന്നവരാണ്. ആൾക്കൂട്ടങ്ങളിൽ മനുഷ്യരോടൊപ്പം സംഗമിക്കലും ജിന്നുകൾക്ക് ഏറെ പ്രയാസമുള്ളകാര്യമാണ്.

വിശുദ്ധ ക്വുർആൻ ഒട്ടനവധി ആയത്തുകളിൽ ജിന്നു കളുടെ ഉണ്മയെക്കുറിച്ച് പ്രതിപാദിക്കുകയും പ്രവാചക വചനങ്ങൾ അദ്ദേഹം മക്കക്ക് പുറത്ത് ജിന്നുകളിലേക്ക് പോവുകയും ചെയ്തു എന്ന് വ്യക്തമാക്കുകയും ചെയ് തിരിക്കെ പ്രവാചകൻ(ﷺ) ജിന്നുകളിലേക്ക് പുറപ്പെട്ടതിൻെറ കാരണം അറിയേണ്ട ആവശ്യം സത്യത്തിൻെറ വക്താ ക്കൾക്കില്ല.

സി. എൻ. തൻെറ തർജ്ജമയിൽ ജിന്നുകളെക്കുറി ച്ചുള്ള സൂക്തങ്ങളുടെ വിവരണത്തിൽ അതിൻെറ ഏടുകൾ കറുപ്പിച്ചു നിറച്ച ഏതാനും വിതണ്ഡങ്ങളാണ് ഉപരിസൂചി തമായത്.

## സി.എൻ. മൗലവിയും വിശ്വാസപരമായ സ്ഖലിതങ്ങളും

സി.എൻ മൗലവി ഒന്നാന്തരം അശ്അരീ ചിന്താഗതി ക്കാരനാണ്. അദ്ദേഹം അഹ്ലുസുന്നയുടെ മാർഗ്ഗത്തിൽ നിന്ന് തെറ്റിയും മോശവുമായ രീതിയിൽ അല്ലാഹുവിൻെറ സ്വിഫാത്തുകളെ വ്യാഖ്യാനിച്ചു. സലഫികളല്ലാത്ത മലയാള കരയിലെ പരിഭാഷകരുടെയും സൂഫി പരിഭാഷകരുടെയും കാര്യം തന്നെയാണ് അദ്ദേഹത്തിൻേറതും.

"സിംഹാസനസ്ഥനായ നാഥൻ " എന്ന മഹൽ വിശേഷണത്തെ വ്യാഖ്യാനിച്ച്കൊണ്ട് സി.എൻ. ഒരു പടികൂടി അവരേക്കാൾ മുന്നോട്ട് പോയി. സൂറത്ത് അഅ്റാഫിലെ

... ثُمَّ اسْتَوَى عَلَى الْعَرْشِ ... (سورة الأعراف : ٥٤)

" .....എന്നിട്ടവൻ സിംഹാസനസ്തനായിരിക്കുന്നു......"

(വി.ക്വു. 7 : 54)

എന്ന വചനത്തെ തർജ്ജമ ചെയ്ത് സി.എൻ. പറഞ്ഞു – അഥവാ അങ്ങനെ (സൃഷ്ടിച്ച) ശേഷം അവൻ (തൻെറ) സിംഹാസനത്തിൽ ഇരുന്നു.

തുടർന്ന് അടിക്കുറിപ്പിലെത്തിയപ്പോൾ സി. എൻ. പറയുന്നു: "ബ്രിട്ടീഷ് സിംഹാസനം ആടിത്തുടങ്ങി," അല്ലെങ്കിൽ " ആ സിംഹാസനത്തിൻെറ അടിയിളകി" എന്നെല്ലാം പറയുമ്പോൾ സിഹാസനത്തെയല്ല, അവരുടെ ആധിപത്യത്തെയാണ് നാം ഉദ്ദേശിക്കാറുള്ളത്. ഒരു രാജാവ് ഒരു രാഷ്ട്രത്തിൻെറ ആധിപത്യം ഏറ്റെടുത്താൽ അദ്ദേഹം സിംഹാസനത്തിലിരുന്നു എന്ന് നാം പറയാറുണ്ട്. യഥാർത്ഥ സിഹാസനത്തിലിരുന്നിട്ടില്ലെങ്കിലും ആ വാക്ക് ഉപയോഗിക്കുക പതിവാണ്... ഒരു രാജാവിൻെറ ആധിപത്യം തകർന്നു പോയാൽ അവൻെറ സിംഹാസനം തകർക്കപ്പെട്ടു എന്ന് പറയാറുണ്ട്. അവിടെ ഉദ്ദേശം ആധിപത്യമാണ്. സിംഹാസനമല്ല....... അതായത് അർശിന് അല്ലാഹുവിൻെറ ആധിപത്യം എന്നർത്ഥം........... അതായത് അല്ലാഹുവിന്ന് ഒരു സിംഹാസനമുണ്ട്, അവൻ അതിന്മേൽ ഇരിക്കുകയാണ് എന്ന ധാരണ തത്വജ്ഞാനി

കൾക്ക് ഉണ്ടായിരിക്കുവാൻ ന്യായമില്ല. പാമര ജനങ്ങൾ മാത്രമേ അത്തരം ധാരണകൾ വെച്ചുകൊണ്ടിരിക്കുകയുള്ളു.[1]

വിചിത്രം എന്ന് പറയട്ടെ, സി.എൻ. മൗലവി അല്ലാഹുവിൻെറ മഹിതസിംഹാസനത്തെ പാടെ നിഷേധിക്കുകയാണ് ചെയ്തത്. അശ്അരികളെപ്പോലെ വ്യാഖ്യാനത്തിൽ മാത്രം ഒതുങ്ങുകയായിരുന്നു സി.എൻ. ചെയ്തതെങ്കിൽ അദ്ദേഹം കേവലം ഒരു അശ്അരി ചിന്താഗതിക്കാരൻ എന്ന് പറഞ്ഞ് നമുക്കൊഴിയാമായിരുന്നു. പക്ഷെ അദ്ദേഹം തൻെറ വഴികേടിലും അരുതാത്തത് പറയുന്നതിലും അഭംഗുരം തുടർന്നു. അവർ പറയുന്നതിൽ നിന്നെല്ലാം അല്ലാഹു പരമ പരിശുദ്ധനത്രെ !

വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും സ്ഥിരപ്പെട്ട 'മഹത്തായ സിംഹാസന'ത്തെ എങ്ങിനെ ഒരു മുസ്ലിം മനസ്സിന്ന് നിഷേധിക്കാനാവും ?

അല്ലാഹു പറയുന്നു :-

﴿ لَا إِلَٰهَ إِلَّا هُوَ رَبُّ الْعَرْشِ الْكَرِيمِ ﴾

"അവനല്ലാതെ യാതൊരുആരാധ്യനുമില്ല. മഹത്തായ സിംഹാസനത്തിൻെറ നാഥനത്രെ അവൻ. " ( വി.ക്വു. 23:116)

---

[1] സി. എൻ. അഹ്മദ് മൗലവിയുടെ പരിഭാഷയിൽ സൂ: അഅ്റാഫ് 54-ൻെറ പരിഭാഷ നോക്കുക.

وَالْمَلَكُ عَلَى أَرْجَائِهَا وَيَحْمِلُ عَرْشَ رَبِّكَ فَوْقَهُمْ يَوْمَئِذٍ ثَمَانِيَةٌ (سورة الحاقة : ١٧)

"നിന്റെ രക്ഷിതാവിന്റെ സിംഹാസനത്തെ അവരുടെ മീതെ അന്ന് എട്ടുകൂട്ടർ വഹിക്കുന്നതാണ്. " (വി.ക്യു. 69:17)

ذُو الْعَرْشِ الْمَجِيدُ (سورة البروج : ١٥)

" സിംഹാസനത്തിന്റെ ഉടമയും, മഹത്വമുള്ളവനും "
(വി.ക്യു. 85: 15)

സി.എൻ. ജൽപിക്കുന്നത് പോലെ

... ثُمَّ اسْتَوَى عَلَى الْعَرْشِ ... (سورة الأعراف : ٥٤)

"പിന്നീട് അവൻ (അല്ലാഹു) സിംഹാസനസ്ഥനായി" എന്ന ആയത്തിനെ അതിന്റെ ബാഹ്യം അറിയിക്കുന്നത് എടുക്കാതെ വ്യാഖ്യാനിക്കാം എന്ന് സങ്കൽപിച്ചാൽ തന്നെ അല്ലാഹുവിന്റെ മഹിതസിംഹാസനം സ്ഥാപിക്കുന്ന മുമ്പുണർത്തിയ വിശുദ്ധ വാക്യങ്ങളുടെ അർത്ഥമെന്താണ്?[1]

---

[1] മലയാള പരിഭാഷകളിൽ അശ്അരീ മദ്ഹബിന്റെ സ്വാധീനം എന്ന വിഷയത്തിൽ ഈ ഭാഗം നാം വിശദമായി പരാമർശിക്കുന്നുണ്ട്.

# 3. സുന്നി വിഭാഗത്തി[1]ൻെറ പരിഭാഷകൾ

കേരളക്കരയിൽ സുന്നി എന്ന് പറയുന്ന ഒരു വിഭാഗമുണ്ട്. അവർ വഴിതെറ്റിയ സൂഫിസത്തോട് അടുത്ത് കിടക്കുന്നവരാണ്. പണ്ട് മുതലെ അവരിലെ മിക്ക പണ്ഡിതരും ഏത് രീതിയിലും ഭാഷയിലും വിശുദ്ധ ക്വുർആൻ പരിഭാഷ ഒരുക്കുന്നതിന് എതിര് നിന്നവരാണ്. ഖുർആൻ ആശയ വിവർത്തനത്തിനെതിരിൽ സമൂഹത്തിന്ന് മുന്നറിയിപ്പ് നൽകുകയും 'തഹ്ദീറുൽഇഖ്വാൻ മിൻ തർജ്ജമത്തിക്വുർആൻ' പോലുള്ള ഗ്രന്ഥരചന നടത്തുകയും ചെയ്ത ചിലർ അവരിലുണ്ട്. പ്രസ്തുത ഗ്രന്ഥകർത്താവ് വായനക്കാർക്ക് തൻെറ പിഴച്ച വാദങ്ങൾ സംക്ഷിപ്തമായി നൽകിയത് ഇപ്രകാരം ഗ്രഹിക്കാം: ക്വുർആനിൽനിന്ന് ഒരായത്തിൻേറയും അർത്ഥം പഠിക്കൽ പൊതുജനങ്ങൾക്ക് നിർബന്ധമില്ല. ഓതൽ നിർബന്ധമായത് ഫാതിഹ മാത്രമാണ്. അതും അർത്ഥം പഠിക്കൽ നിർബന്ധമില്ല. പ്രത്യേക സുന്നത്തുമില്ല.[2]

സുന്നികളിൽ തന്നെയുള്ള കെ.വി. മുഹമ്മദ് മുസ്ലിയാരുടെ വിശുദ്ധ ക്വുർആൻ പരിഭാഷക്ക് എതിരായിട്ടാണ് പ്രസ്തുത ഗ്രന്ഥം പുറത്തിറങ്ങിയത് - കെ.വി.യുടെ പരിഭാഷയെക്കുറിച്ച് പിന്നീട് നാം സംസാരിക്കുന്നുണ്ട് - കെ. വി. മുഹമ്മദ്

---

[1] ഇന്ത്യയിലും പാകിസ്ഥാനിലുമുള്ള ഒരു ബിദഈ പാർട്ടിയാണ് അവർ. അവർ തങ്ങൾക്ക് സുന്നികൾ എന്ന് നാമകരണം ചെയ്തിരിക്കുന്നു. (അൽ ലജ്നത്തുൽ ഇൽമിയ്യ)

[2] ഇ.കെ ഹസൻ മുസ്ലിയാർ, തഹ്ദീറുൽ ഇഖ്വാൻ പേ: 16

മുസ്‌ലിയാർ പരിഭാഷ നിർവ്വഹിക്കാമെന്നതിന് ചില തെളിവുകളെ കൂട്ടു പിടിക്കുന്നത് ഇപ്രകാരമാണ്.: പണ്ഡിതന്മാർ ക്വുർആൻ വ്യാഖ്യാനിക്കുകയും അവരുടെ ദർസുകളിലും വഅ്ളുകളിലും പൊതുജനങ്ങൾക്ക് മുമ്പിൽ അതിൻെറ ആശയങ്ങൾ വിവർത്തനം ചെയ്യുകയും ചെയ്തിരിക്കെ പ്രസ്തുത പരിഭാഷകൾ ഗ്രന്ഥങ്ങളിൽ എഴുതുകയും ജനങ്ങൾക്ക് ഉപകാരപ്പെടുമാറ് പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതിന് എന്താണ് തടസ്സം ?

'തഹ്ദീറുൽ ഇഖ്‌വാൻ'ൻെറ രചയിതാവ് ഇ.കെ. അദ്ദേഹത്തിന് മറുപടി പറയുന്നു: വരമൊഴി (എഴുത്ത്) അങ്ങനെയല്ല. അത് സ്ഥിരപ്പെടുകയും പ്രചരിക്കുകയും ചെയ്യുന്നു. അപ്പോൾ പരിഭാഷയെഴുതിയാൽ ആ തെറ്റ് സ്ഥിരപ്പെടുന്നു എന്നതിനാലും അത് പ്രചരിക്കുന്നു എന്നതിനാലും എതിർക്കുന്നു. വാമൊഴി (സംസാരം) അങ്ങനെയല്ല അത് എതിർത്തില്ലെങ്കിലും ഉടൻ തേഞ്ഞ്മാഞ്ഞ്പോകും, മാത്രമോ എതിർക്കാൻ കഴിവുള്ളവർ കേട്ടില്ലെന്നും വരാം. എതിർത്താൽ തന്നെ നിഷേധിക്കുകയും ചെയ്യാം. ഈ കാര്യം മനസ്സിലാക്കാൻ കഴിയാത്തതിനാലാണ് 'പറയുന്നത് എന്തുകൊണ്ട് എഴുതിക്കൂടാ' എന്ന് കെ.വി. ചോദിക്കുന്നത്. 'പറയുന്നത്' എതിർക്കാത്തവർ എഴുത്ത് എതിർക്കുന്നത് എന്ത് എന്ന ചോദ്യം വിഢിത്തമല്ലേ ? [1]

ഇക്കൂട്ടർ വിശുദ്ധ ക്വുർആൻ പരിഭാഷകൾ എല്ലാ വിഭാഗങ്ങളിൽ നിന്നും വിശിഷ്യാ തൗഹീദീ പ്രബോധകരായ

---

[1] ഇ.കെ ഹസൻ മുസ്‌ലിയാർ, തഹ്ദീറുൽ ഇഖ്‌വാൻ പേ: 36

സലഫികളിൽ നിന്നും ഇറങ്ങുന്നത് കണ്ടപ്പോൾ, തങ്ങളുടെ അഭിപ്രായങ്ങൾ മാറ്റുകയും മുമ്പൊരിക്കലും മറ്റൊരു ഗ്രന്ഥ കാരനോ പരിഭാഷകനോ ചെയ്യാത്ത തീവ്രമായ വ്യതിയാന ങ്ങൾ പരിഭാഷയായി പ്രസിദ്ധീകരിക്കാനും തുടങ്ങി. – അവ കൾ പിന്നീട് നാം വിശദീകരിക്കുന്നുണ്ട് -

സുന്നികളിൽ തന്നെയുള്ള തർജ്ജമയെ അനുകൂലിക്കു ന്നവരും പ്രതികൂലിക്കുന്നവരും പരിഭാഷകൾ തയ്യാറാക്കിത്തു ടങ്ങി. ഇസ്‌ലാമിന് അന്യമായതും സലഫുസ്വലിഹീങ്ങൾ പറയാത്തതുമായ പുതിയതും വിചിത്രവുമായ വാദമുഖങ്ങൾ അവർ കൈകാര്യം ചെയ്തു. പ്രമാണങ്ങൾ അവർ മാറ്റി മറിക്കുകയും അവ തിരുത്തി എഴുതുകയും വിശുദ്ധ ക്വുർ ആൻ വചനങ്ങളിൽ തെളിവന്വേഷിക്കുന്നതിലും തെളിവ് മെനഞ്ഞെടുക്കുന്നതിലും സന്ദേഹങ്ങൾ ഇളക്കിവിടുകയും ചെയ്തു. വഹ്ദതു ശ്ശുഹൂദ്, (ജഗത്തായ ജഗത്തിലെല്ലാം അല്ലാഹു ഉണ്ട്) കശ്ഫ്(വെളിപാട്), ക്വുത്വുബ്(അച്ചുതണ്ട്), ഗൗഥ്(സഹായി) തുടങ്ങിയ, സൂഫികൾ വ്യാജമായി നിർമ്മിച്ച തും അപകടകരവുമായ ചിന്തകൾ സുന്നികളിലും അറിയ പ്പെടുകയും അംഗീകരിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്തുതുടങ്ങി. ഇവിടെയാണ് സുന്നികളിലും സൂഫികളി ലും വലിയ സാദൃശ്യത നാം ദർശിക്കുന്നത്. കാരണം ഈ രണ്ട് കൂട്ടരും അല്ലാഹു അല്ലാത്തവരോട് സഹായാർത്ഥന നടത്തലും, അല്ലാഹുവിലേക്ക് ഔലിയാക്കളേയോ സ്വാലിഹീ ങ്ങളേയോ തവസ്സുലാക്കലും, അല്ലാഹു അല്ലാത്തവർക്ക് നേർച്ചയാക്കലും അറുക്കലും പ്രശ്നലേശമെന്യേ അനു വദനീയമായി കാണുന്നവരാണ്.

തീർത്തും ഖേദകരമെന്ന് പറയട്ടെ, ഭൂരിപക്ഷ മുസ്‌ലിംകളും സത്യദീനിലും വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലുമുള്ള

അജ്ഞത നിമിത്തം ഇത്തരക്കാരുടെ വാദഗതികളാൽ വഞ്ചിതരായി.
അല്ലാഹുവേ നിൻെറ കാവൽ .....

## സുന്നീ വിഭാഗത്തിൻെറ പരിഭാഷകൾക്ക് ഏതാനും ഉദാഹരണങ്ങൾ

### കെ.വി. കൂറ്റനാട് മുസ്‌ലിയാരുടെ പരിഭാഷ

'ഫത്ഹുർവ്വഹ്മാൻ ഫീ തഫ്സീറിൽ ഖുർആൻ' എന്ന കെ.വി. മുഹമ്മദ് കൂറ്റനാട് മുസ്‌ലിയാരുടെ പരിഭാഷ സുന്നികളുടെ ഏറ്റവും ആദ്യത്തെ പരിഭാഷയാണ്. 1972 – 1980 കാലയളവിൽ നാല് വാള്യങ്ങളിലായാണ് കൂറ്റനാട് തൻെറ പരിഭാഷ പൂർത്തീകരിച്ചത്.

മലയാളക്കരയിൽ സുന്നികളുടെ പ്രഥമ പരിഭാഷയായിട്ടാണ് ഇത് എണ്ണപ്പെടുന്നത്. പരിഭാഷയുടെ വണ്ണവും വലിപ്പവും അത് കേവലം ഒരു പരിഭാഷ മാത്രമല്ല പ്രത്യുത വിവരണം കൂടിയാണെന്ന് വിളിച്ചറിയിക്കുന്നു.

പരിഭാഷകളിൽ കെ.വി. തൻെറ വിശദീകരണത്തിലും അടിക്കുറുപ്പുകളിലും പ്രമാണങ്ങളുടെ പിൻബലമില്ലാത്ത ബിദഈ ചിന്തകൾ വാരിവിതറാൻ ശ്രമിച്ചു.

ഇവിടെ സൂചിപ്പിക്കേണ്ടുന്ന പ്രധാന വിഷയം കെ.വി. വളരെ വിരളമായെ പരിഭാഷയിൽ വല്ല കൃത്രിമവും കോട്ടിമാട്ടലും നടത്തിയിട്ടുള്ളൂ. എന്നാൽ അടിക്കുറിപ്പിൽ വിഷലിപ്തമായ തൻെറ വ്യതിചലിച്ച ചിന്തകളിലേക്ക് നേരിയ സൂചനകൾ നൽകുന്നത് കാണാം.

ഉദാഹരണമായി സൂറത്ത് ഫാത്വിറിലെ 14-ാം നമ്പർ ആയത്ത്
إِن تَدْعُوهُمْ لَا يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ وَيَوْمَ الْقِيَامَةِ
يَكْفُرُونَ بِشِرْكِكُمْ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ (سورة فاطر : ١٤)
" നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുകയില്ല. ഉയിർത്തെഴുന്നേൽപ്പിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല. (വി.ക്വു 35 : 14)

പരിഭാഷകൻ പറയുന്നു: മുസ്‌ലിമീങ്ങൾ മഹാന്മാരോട് സഹായത്തിന് അപേക്ഷിക്കുന്നത് അവർക്ക് ഇബാദത്ത് ചെയ്യൽ അല്ല. കാരണം അവർ ഇലാഹുകളാണെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നില്ല. ഇവിടെ വഹാബി നേതാക്കളായ എ. അലവി മൗലവി, മുഹമ്മദ് അമാനി മൗലവി എന്നിവർ എഴുതിയ ക്വുർആൻ പരിഭാഷയിൽ വായനക്കാരെ തെറ്റിദ്ധരിപ്പിക്കുന്ന ചില പരാമർശങ്ങൾ അടങ്ങിയിട്ടുണ്ട്. അതു കണ്ട് ആരും വഞ്ചിതരാവരുത്.[1]

ഇത് സത്യപ്രബോധകർക്കെതിരിലും തൗഹീദിന്റെ കാവലാളുകൾക്കെതിരിലുമുള്ള ശൈലിയാണ്. കെ.വി. തന്റെ പരിഭാഷയുടെ ആമുഖക്കുറിപ്പിൽ ഈ പൊതുമുന്നറിയിപ്പ് രേഖപ്പെടുത്തിയതിന്റെ ആശയച്ചുരുക്കം ഇപ്രകാരമാണ്: യുവാ

[1] കെ.വി. മുഹമ്മദ് മുസ്‌ലിയാരുടെ പരിഭാഷയിൽ സൂ: ഫാത്വിർ 14-ന്റെ പരിഭാഷ നോക്കുക.

ക്കൾ അറബിമലയാളം ഭാഷ ഉപയോഗിക്കുന്നതിൽനിന്നും തുടർന്ന് പ്രസ്തുത ഭാഷയിൽ രചിക്കപ്പെട്ട തങ്ങളുടെ രചനകളിൽനിന്നും അകലുകയും മാതൃഭാഷയായ മലയാളത്തിലേക്കവർ ചായുകയും ചെയ്തപ്പോൾ തങ്ങളുടെ ചൊൽപടിയിലുള്ള യുവാക്കൾ പുത്തൻവാദികൾ എന്ന് തങ്ങൾ വിശേഷിപ്പിക്കുന്ന സത്യത്തിൻെറ വാക്താക്കൾ (സലഫികൾ) നിർവ്വഹിച്ച വിശുദ്ധ ക്വുർആൻ പരിഭാഷകളിലും തങ്ങളുടെ വിശ്വാസാചാരങ്ങൾക്കെതിരിലുള്ള പ്രസിദ്ധീകരണങ്ങളിലും വശംവദരാകുമോ എന്ന് കെ.വി. ഭയപ്പെട്ടു. ആയതിനാലാണ് കെ.വി. തങ്ങളുടെ യുവാക്കളെ രക്ഷപ്പെടുത്തുവാൻ ഒരു വിശുദ്ധ ക്വുർആൻ പരിഭാഷ തയ്യാറാക്കാൻ തിരക്കു കൂട്ടിയത്. ഈ ഭാഷ്യം തൻെറ പരിഭാഷയുടെ ഒന്നിലധികം സ്ഥലങ്ങളിൽ കെ.വി. ആവർത്തിച്ചിട്ടുണ്ട്. സംഘടനയോടുള്ള കൂറും തൻെറ കരാറും പരിഭാഷയിലുടനീളം കെ.വി. നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. അവസരം ലഭിക്കുമ്പോഴെല്ലാം അദ്ദേഹം സത്യത്തിൻെറ വാക്താക്കളെ കൈകാര്യം ചെയ്യുകയും സൂഫികളിലും മുബ്തദിഉകളിലും പെട്ട ദേഹേച്ഛയുടെ വാക്താക്കളെ ന്യായീകരിച്ച് പ്രതിരോധിക്കുകയും ചെയ്തിട്ടുണ്ട്.[1]

## ടി.കെ. അബ്ദുല്ല മുസ്‌ലിയാരുടെ പരിഭാഷ

1977-ൽ മരണപ്പെട്ട സുന്നികേരളത്തിൻെറ പ്രമുഖൻ ടി.കെ. അബ്ദുല്ല മുസ്‌ലിയാരുടെ വിശുദ്ധ ക്വുർആൻ പരിഭാ

[1] കെ.വി. യുടെ പരിഭാഷയുടെ ആമുഖം നോക്കുക.

ഷ വിവർത്തനത്തോടൊപ്പം ജലാലൈനി തഫ്സീറിൻെറ പരിഭാഷ കൂടിയാണ്.

ടി.കെ.യുടെ പരിഭാഷയും കെ.വി.യുടെ പരിഭാഷയും ഏകദേശം സമകാലീനമാണ്. മുൻ പരിഭാഷയെപ്പോലെ പ്രസ്തുത പരിഭാഷയും കേരളക്കരയിൽ വലിയ കോളിള ക്കം സൃഷ്ടിച്ചു. സലഫി പണ്ഡിതരിൽ നിന്നും സുന്നികളി ൽനിന്ന് പോലും തീവ്രമായ നിരൂപണമാണ് ടി.കെ. അബ്ദു ല്ലാ മുസ്ലിയാർക്ക് നേരെയുണ്ടായത്.

സുന്നികൾ അദ്ദേഹത്തെ എതിർക്കാനിടയായ കാരണം സുന്നികൾക്ക് നിഷിദ്ധവും അനനുവദനീയവുമായ പരിഭാഷ ക്ക് അദ്ദേഹം മുതിർന്നു എന്നതും പ്രസ്തുത വിവർത്തനം അമുസ്ലിംകൾ കൈയിലെടുക്കുകയും പാരായണം നടത്തു കയും ചെയ്യുന്നതോടെ വിശുദ്ധ ക്വുർആൻെറ സ്ഥാനവും പാവനത്ത്വവും കളഞ്ഞു കുളിക്കാൻ അയാൾ കാരണക്കാര നായി എന്നതുമായിരുന്നു. എന്നാൽ ടി.കെ. തൻെറ പാർട്ടി ക്കാർ തന്നെ തനിക്കെതിരിൽ തിരിയുമെന്ന് കണക്ക്കൂട്ടിയി രുന്നു. അദ്ദേഹം തൻെറ പരിഭാഷയുടെ ആമുഖക്കുറിപ്പിൽ 'താനീ പരിഭാഷ ഇറക്കുന്നത് മുസ്ലീംകൾക്ക് മാത്രമാണ്, ഒരിക്കലും അമുസ്ലിംകൾക്ക് വേണ്ടിയല്ല' എന്നെഴുതിയത് വിളിച്ചറിയിക്കുന്നത് പ്രസ്തുത കണക്ക് കൂട്ടലിനെയാണ്.

എന്നാൽ സലഫി പണ്ഡിതർ അദ്ദേഹത്തെ നിരൂപിക്കാനു ണ്ടായ കാരണം ടി.കെ. ധാരാളം വിശുദ്ധ വാക്യങ്ങളെ ജലാ ലൈനി തഫ്സീറിനെതിരായി തൻെറ വിവർത്തനത്തിൽ സ്വോച്ഛാനുസാരം വ്യാഖ്യാനിച്ചു എന്നതാണ്.

**ചില ഉദാഹരണങ്ങൾ :-**

ഒന്ന് - സൂറത്തുൽ ബഖറയിലെ

وَمِنَ النَّاسِ مَن يَتَّخِذُ مِن دُونِ اللّٰه أَنـدَاداً يُحِبُّـونَهُمْ كَحُـبِّ اللّٰه ... (سـورة البقرة : ١٦٥)

" അല്ലാഹുവിന് പുറമെയുള്ളവരെ അവന്ന് സമന്മാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നത് പോലെ ഈ ആളുകൾ അവരേയും സ്നേഹിക്കുന്നു......"

(വി.ക്വു. 2 : 165)

ആയത്ത് പരിഭാഷപ്പെടുത്തി അടിക്കുറിപ്പിൽ ടി.കെ. പറയുന്നു: അപ്പോൾ സത്യവിശ്വാസികൾ മാത്രമാണ് അല്ലാഹുവിനെ യഥാർത്ഥമായി സ്നേഹിക്കുന്നവർ. എന്നാൽ അമ്പിയാ, ഔലിയാ പോലുള്ളവരെ സ്നേഹിക്കൽ അല്ലാഹുവിനെ സ്നേഹിക്കൽ തന്നെയാണ്. അങ്ങിനെയാണെങ്കിൽ അവിശ്വാസികളും തങ്ങളുടെ ആരാധ്യവസ്തുക്കളെ അല്ലാഹുവിങ്കൽ അടുപ്പിക്കുന്നതിനായി സ്നേഹിക്കുന്നുണ്ടല്ലോ? അപ്പോൾ അത് അല്ലാഹു വിനോടുള്ള സ്നേഹമാകണ്ടെ? എന്നതിന്നു മറുപടി: അവർ അവയെ സ്നേഹിക്കൽ കൊണ്ട് മാത്രമല്ല അവിശ്വാസികളായത് അവയെ ആരാധിക്കൽ കൊണ്ടാണ്. അപ്പോൾ ആരാധനയും സ്നേഹവും തമ്മിൽ അന്തരമുണ്ട്. അല്ലാഹുവിന്നല്ലാതെ മറ്റാർക്കും ആരാധനപാടില്ല. സ്നേഹം അങ്ങിനെയല്ല. അമ്പിയാ ഔലിയാ തുടങ്ങിയവർ അല്ലാഹുവിൻെറ

സ്നേഹം നേടിയവരാകയാൽ അവരെ സ്നേഹിക്കേണ്ടതാണ്.[1]

സലഫുസ്സ്വലിഹീങ്ങളിൽപെട്ട പ്രാമാണികരായ മുഫസ്സിറുകൾ കടന്ന്പോയ വരികൾക്ക് എതിരാണ് പ്രസ്തുത വിവരണം. കാരണം, വിശുദ്ധ വചനത്തിലെ 'അൻദാദ്' എന്ന പദം കൊണ്ടർത്ഥമാക്കുന്നത് "അല്ലാഹുവോടൊപ്പം ആരാധിക്കപ്പെടുകയും അല്ലാഹുവിനെപ്പോലെ സ്നേഹിക്കപ്പെടുകയും ചെയ്യുന്ന തുല്യന്മാർ, സമന്മാർ" എന്നാണ്. ഇതാണ് ഇമാം ഇബ്നു കഥീർ(റ)യെ പോലുള്ളവർ പറയുന്നത്. അതിൽ ബിംബങ്ങളും അവയല്ലാത്തവയും ഉൾപ്പെടും. ഇബാദത്തുമായി ബന്ധപ്പെട്ട സ്നേഹവും സഹായാർത്ഥനയും നേർച്ചയും ആഗ്രഹതേട്ടവും ഭയവും ഭരമേൽപ്പിക്കലും എല്ലാം അല്ലാഹു; അവനൊരുവന്നുമാത്രം. മുകൾപെറ്റ വ്യക്തമായ ആയത്ത് കൊണ്ട് തെളിയുന്നത് ആരെങ്കിലും അല്ലാഹു അല്ലാത്തവരെ അല്ലാഹുവോടുള്ള സ്നേഹത്തെപ്പോലെ സ്നേഹിക്കുന്നുവെങ്കിൽ അവർ അല്ലാഹുവിൽ പങ്ക് ചേർക്കുകയാണ്; സ്നേഹിക്കപ്പെടുന്നവർ ബിംബങ്ങളായാലും അല്ലാഹുവിൻെറ ദാസന്മാരാണെങ്കിലും. ഈ ആയത്തിലും ഇതുപോലുള്ള ഇതര ആയത്തുകളിലും ബിംബങ്ങൾ മാത്രമാണെന്ന് സച്ചരിതരായ മുൻഗാമികൾ ആരും പറഞ്ഞിട്ടില്ല.

ഇമാം ഇബ്നുകഥീർ വീണ്ടും പറയുന്നു:

---

[1] ടി.കെ. അബ്ദുല്ല മുസ്‌ലിയാരുടെ പരിഭാഷയിൽ സൂ: ബഖറ 165-ൻെറ പരിഭാഷ നോക്കുക.

... وَالَّذِينَ آمَنُواْ أَشَدُّ حُبًّا لِّلّه ... (سورة البقرة : ١٦٥)

"എന്നാൽ സത്യ വിശ്വാസികൾ അല്ലാഹുവോട് അതി ശക്തമായ സ്നേഹമുള്ളവരത്രെ...... (വി.ക്വ. 2 : 165)

അല്ലാഹുവിനെ അവർ സ്നേഹിക്കുന്നതിനാലും പരിപൂർണ്ണമായി അറിയുന്നതിനാലും ആദരിക്കുന്നതിനാലും ഏകപ്പെടുത്തുന്നതിനാലും അവർ അവനിൽ യാതൊന്നിനെയും പങ്കുചേർക്കുന്നില്ല. പ്രത്യുത അവർ അവനെ മാത്രം ആരാധിക്കുകയും അവനിൽ ഭരമേൽപിക്കുകയും അവരുടെ മുഴുവൻ കാര്യങ്ങളിലും അവനിൽ അഭയം തേടുകയും ചെയ്യുന്നു.[1]

രണ്ട് :

وَإِذَا ذُكِرَ اللَّهُ وَحْدَهُ ... (سورة الزمر : ٤٥)

"അല്ലാഹുവെപ്പറ്റി മാത്രം പ്രസ്താവിക്കപ്പെട്ടാൽ......" എന്ന സൂറത്ത് സുമറിലെ 45-ാം വചനത്തിന് പരിഭാഷ തയ്യാറാക്കവെ അടിക്കുറിപ്പിൽ ടി.കെ. എഴുതുന്നു. :

ഇവിടെ പരലോകത്തിൽ വിശ്വസിക്കാത്ത ബിംബാരാധകർ സന്തോഷിക്കുന്നതിനെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. അത് 'നേർച്ചക്കാരെകൂട്ടി പറഞ്ഞാൽ സന്തോഷിക്കുകയും ചെയ്യുന്നവർ യഥാർത്ഥ മുഅ്മിനുകളല്ല' എന്ന് ചില പരിഭാഷകന്മാർ ദുർവ്യാഖ്യാനം ചെയ്തത് മനഃപൂർവ്വം മുസ്ലിംകളെ

---

[1] തഫ്സീർ ഇബ്നു കഥീർ 1:202

മുശ്‌രിക്കുകളാക്കലാണ്. അങ്ങനെ സന്തോഷിക്കുന്നവർ മുസ്‌ലിംകളിൽ ഉണ്ടായിരിക്കയില്ല.[1]
ഇത് ടി.കെ. യുടെ വിശദീകരണത്തിൻെറ രത്നചുരുക്കവും അടിക്കുറിപ്പിൽ രേഖപ്പെടുത്തിയതുമാണ്.
മുകളിൽ ഉദ്ദരിച്ച രണ്ട് ഉദാഹരണങ്ങളിൽ നിന്ന് ടി.കെ.യുടെ തൗഹീദിനെക്കുറിച്ചുള്ള ഗ്രാഹ്യതയും, മഹല്ലിയും സുയൂത്വിയും(റ) ഒരിക്കലും തങ്ങളുടെ തഫ്സീറിൽ കൈകാര്യം ചെയ്തിട്ടില്ലാത്ത വ്യതിചലിച്ച ചിന്തകൾ പ്രചരിപ്പിക്കുന്നതിലുള്ള ശ്രദ്ധയും നമുക്ക് മനസ്സിലാക്കാം.

ഇതെല്ലാം താൻ പ്രതിനിധാനം ചെയ്യുന്ന ഗ്രൂപ്പിനെ തൃപ്തിപ്പെടുത്താനുള്ള തൻെറ മികവുറ്റ ശ്രദ്ധയിൽനിന്ന് ഉടലെടുത്തതാണ്.

അക്വീദയുമായി ബന്ധപ്പെട്ട മിക്ക ആയത്തുകളുടെയും തർജ്ജമയിൽ ഇത് നന്നായി പ്രകടമാകുന്നുണ്ട്. അത്പോലെ അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുന്നതിനെ അതികഠിന

---

[1] ടി.കെ. അബ്ദുല്ല മുസ്‌ലിയാരുടെ പരിഭാഷയിൽ സൂ: സുമർ 45-ൻെറ പരിഭാഷ നോക്കുക.

(വിശ്വാസവുമായി ബന്ധപ്പെട്ട വചനങ്ങൾക്ക് ടി.കെ.യുടെ അവലംബം ഈജിപ്ഷ്യൻ പണ്ഡിതൻ അഹമ്മദ് സ്വാവി എഴുതിയ തഫ്സീർ ജലാലൈനിക്കുള്ള അടിക്കുറുപ്പുകളാണ്. സ്വാവിയാകട്ടെ ശൈഖ്മുഹമ്മദ്ബ്നു അബ്ദുൽ വഹാബിൻെറ സമകാലീനനാണ്. പ്രസ്തുത അടിക്കുറിപ്പിൽ തൗഹീദി ദഅ്‌വത്തിനെതിരിൽ ശക്തമായ ആക്രമണമാണ് സ്വാവി അഴിച്ചുവിട്ടത്. ടി.കെ.യാകട്ടെ അതെല്ലാം അക്ഷരംപ്രതി പരിഭാഷയിൽ എടുത്ത് ഉദ്ധരിക്കുകയുണ്ടായി. അഹ്മദ് സ്വാവി 1421 ൽ മരണപ്പെട്ടു).

മായി എതിർക്കുന്ന വചനങ്ങളുടെ പരിഭാഷകളിലും. ഇത്തരം വചനങ്ങൾ ടി.കെ. ക്വുർആൻ സ്ഥാപിച്ചതിനെ തകർക്കുന്നത് കാണാം. പ്രസ്തുത വചനങ്ങളുടെ പരിഭാഷയിൽ ടി.കെ. പറയുന്നു:-

നിശ്ചയം ഇവിടെ ഉദ്ദേശം ഇബാദത്ത് ആണ്. ദുആഅ് ഇബാദത്തിൽ പെട്ടതല്ല. ഇത്പോലെ ഔലിയാക്കളോടും സ്വാലിഹീങ്ങളോടുമുള്ള സഹായാർത്ഥനയും നേർച്ചയും ഇബാദത്തിൽ പെട്ടതല്ല. ഇപ്രകാരം ആരെങ്കിലും ക്വുർആൻ വ്യാഖ്യാനിക്കുന്നപക്ഷം അവൻ ക്വുർആൻ ഗ്രഹിച്ചിട്ടില്ല, തഫ്സീർ മനസ്സിലാക്കിയിട്ടുമില്ല.

അല്ലാഹുവിൻെറ ഏകത്വവും അക്വീദയുമായി ബന്ധപ്പെട്ട വിശുദ്ധ വചനങ്ങൾക്കുള്ള അടിക്കുറിപ്പുകളിലെല്ലാം വിവർത്തകൻ ആവർത്തിക്കുന്നത് ഇതാണ്. ഉദാഹരണത്തിന് ഏതാനും ആയത്തുകൾ :

1. സൂറത്ത് സുഖ്റുഫിലെ 40-ാം ആയത്ത്
2. സൂറത്ത് സുമറിലെ 45-ാം ആയത്ത്
3. സൂറത്ത് അഹ്ഖാഫിലെ 4-ാം ആയത്ത്
4. സൂറത്ത് ശൂറായിലെ 8-ാം ആയത്ത്

അഹമ്മദ് സ്വാവിയുടെ ഒരു വാക്യം അടിക്കുറിപ്പിൽ ടി.കെ. കൊടുക്കുന്നത് കാണുക: "അല്ലാഹു അല്ലാത്തവരെ കൊണ്ട് ഇടതേടുന്നവരേയും സഹായാർത്ഥന നടത്തുന്നവരേയും കാഫിറാക്കുന്നവർ ഖവാരിജുകളാണ്. അവരെ സൂക്ഷിക്കുക".

സൂറത്ത് അൽ ഫത്ഹ്ലെ പത്താം വചനത്തിൽ

إِنَّ الَّذِينَ يُبَايِعُونَكَ... (سورة الفتح : ١٠)

"നിശ്ചയം നിന്നോട് പ്രതിജ്ഞ ചെയ്യുന്നവർ..." എന്ന വചനം വിവർത്തനം ചെയ്യവെ സ്വാവിയുടെ വരി ടി.കെ. ഉദ്ധരിക്കുന്നത് കാണുക: "നമ്മുടെ ഇക്കാലത്ത് സൂഫി ത്വരീഖത്തിൻെറ ശൈഖുമാർക്ക് അവരുടെ മുരീദുകൾ നൽകുന്ന ബൈഅത്ത് ഈ ഗണത്തിൽ പെട്ടതാണ്. അതിനാലാണ് സൂഫിയാക്കൾ ബൈഅത്ത് ചെയ്യുമ്പോൾ ഈ ആയത്ത് പാരായണം ചെയ്യുന്നതായി നാം കാണുന്നത്."

## മുസ്ത്വഫൽ ഫൈസിയുടെ പരിഭാഷ:

സുന്നീ വിഭാഗത്തിൽ വിശുദ്ധ ക്വുർആൻ വിവർത്തനം വികാസം പൂണ്ടു. അതോടെ അട്ടിമറി വിവർത്തനത്തിൻെറ മർമ്മത്തിൽ തന്നെയായി. മുൻമാതൃകയില്ലാത്തവിധം മാറ്റത്തിരുത്തലിൽ വിവർത്തകർ മറുകണ്ടം ചാടിത്തുടങ്ങി. സുന്നികളിൽ അറിയപ്പെട്ട എഴുത്തുകാരൻ മുസ്തഫാ ഫൈസി ഈയിടെ ഒരു അപകടകാരിയായ തർജജമ പുറത്തിറക്കിയിരിക്കുന്നു. മനുഷ്യരെ വിറകൊള്ളിക്കുന്നതാണ് പ്രസ്തുത പരിഭാഷ. അതിൽ സൂറത്തുൽ ഫാതിഹയുടെ പരിഭാഷ മാത്രമാണ് ഞാൻ നോക്കിയത്. അതുതന്നെ മതിയായി. അല്ലാഹുവേ നിൻെറ കാവൽ ......

അയാൾ അല്ലാഹുവിൽ പങ്ക് ചേർക്കുന്നവർക്ക്, എതിരാളികളെ തൃണവൽഗണിച്ച് തൻെറ തർജജമയിലൂടെ നിർലോപം രംഗം വിശാലമാക്കിക്കൊടുക്കുകയും വാതിൽ മലർക്കെതുറന്ന് കൊടുക്കുകയും ചെയ്തു.

﴿إِيَّاكَ نَعْبُدُ﴾ എന്ന ആയത്തിന്റെ വിവർത്തനത്തിൽ “നിന്നെ ഞാൻ ആരാധിക്കുന്നു”. ﴿وإِيَّاكَ نَسْتَعِينُ﴾ “നന്മ ഞങ്ങൾ നിന്നോട് ആവശ്യപ്പെടുന്നു” എന്ന് വിശുദ്ധ വാക്യങ്ങളിൽ അന്തർലീനമായ ‘മാത്രം’ എന്ന ആശയം കളഞ്ഞ് അയാൾ എഴുതി. ഇന്നുവരെ വിശ്വാസയോഗ്യരായ ഒരു മുസ്‌ലിം പണ്ഢിതനും ഇങ്ങനെ പറഞ്ഞിട്ടില്ല; തന്നിഷ്ടങ്ങൾക്കൊത്ത് ചലിച്ചവരൊഴികെ.

അല്ലാഹുവേ നിന്നെകൊണ്ടല്ലാതെ യാതൊരു കഴിവും ശേഷിയുമില്ല.

തീർത്തും വിചിത്രമായ ഈ തർജ്ജമക്ക് മുസ്തഫൽ ഫൈസി ന്യായവാദമെന്നോണം പറഞ്ഞു: “ഔലിയാക്കളോടും സ്വാലിഹീങ്ങളോടും സഹായം തേടൽ അല്ലാഹു നമ്മോട് കൽപിച്ച കാര്യമാണ്. അതും ഇബാദത്ത് ആണ്”. അഥവാ ഫൈസിയുടെ വാദപ്രകാരം "മാത്രം" എന്ന ആശയം ഉണ്ടായാലും ഇല്ലെങ്കിലും ആയത്തിന്റെ വിവക്ഷ 'നിന്നോടും നീ അല്ലാത്തവരോടും ഞങ്ങൾ ദുആ ഇരക്കുന്നു, എല്ലാം നിനക്കുള്ള ദുആയാണ്' എന്നാണ്.

﴿وإِيَّاكَ نَسْتَعِينُ﴾ എന്ന ആയത്തിന്റെ വിവർത്തനത്തിൽ ഫൈസി പറയുന്നു : 'നിന്നോട് ഞങ്ങൾ നന്മ തേടുന്നു. കാരണം നന്മകൾ മുഴുവൻ നിന്നിൽനിന്നാണ്. എന്നാൽ സഹായം അത് അല്ലാഹുവിൽ നിന്നും, നബിമാർ ഔലിയാക്കൾ പോലുള്ള അല്ലാഹു അല്ലാത്തവരിൽ നിന്നും

തേടാവുന്നതാണ്. അടിസ്ഥാനപരമായി അതും അല്ലാഹുവിൽനിന്നുള്ള സഹായം തേടൽ തന്നെയാണ്.'

ഈ രീതിയിൽ ശിർക്ക് സ്ഥാപിക്കുവാനും തൗഹീദ് തകർക്കുവാനും തൻെറ മനസ്സ് വിവർത്തകന് പ്രേരണയേകി. പക്ഷെ അല്ലാഹു സത്യം സ്ഥാപിക്കും. അസത്യം ഫലശൂന്യമാക്കും. ബഹുദൈവവിശ്വാസികൾ വെറുത്താലും.

## പ്രാമാണികരുടെ വിശദീകരണങ്ങൾ

മുസ്ലിംകൾ പൊതുവായും കേരള മുസ്ലിംകൾ വിശേഷിച്ചും പ്രശ്നത്തിൻെറ യാഥാർത്ഥ്യം മനസ്സിലാകുന്നതിനു വേണ്ടി, ഇവ്വിഷയകമായി പ്രാമാണികരായ പണ്ഡിതന്മാരിൽനിന്ന് ഉദ്ധരിക്കപ്പെട്ട വചനങ്ങളിൽ ചിലത് ഇവിടെ ഉദ്ധരിക്കുന്നത് നന്നായിരിക്കും. അത് ഇപ്രകാരമാണ് :

“മനുഷ്യൻ ചെയ്യുന്ന ഏതൊരു പ്രവർത്തനത്തിൻെറയും ഫലവും വിജയവും നിലകൊള്ളുന്നത് അതിലേക്ക് നയിക്കുന്ന നിമിത്തങ്ങളായി ദൈവയുക്തി നിശ്ചയിച്ചിട്ടുള്ള കാര്യങ്ങൾ ഉണ്ടാകുന്നതിനാലാണ്; അതിന് വിഘാതം സൃഷ്ടിക്കുന്ന തടസ്സങ്ങളായി ദൈവയുക്തി നിശ്ഛയിച്ചിട്ടുള്ള കാര്യങ്ങൾ ഇല്ലാതാകുന്നതിലുമാണ്. അല്ലാഹു മനുഷ്യന് നൽകിയ അറിവും കഴിവും കൊണ്ട് അത്തരം തടസ്സങ്ങളിൽ ചിലത് നീക്കാനും, അത്തരം നിമിത്തങ്ങളിൽ ചിലത് നേടാനും അവന് സൗകര്യം ചെയ്ത് കൊടുത്തിരിക്കുന്നു. അവയിൽ മറ്റു ചിലത് അവന് നിഷേധിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ അവയിൽ നിന്ന് നമുക്ക് കഴിയുന്നത് നിർവ്വഹിക്കാൻ നാം ബാധ്യസ്ഥരാണ്. നമ്മുടെ കർമ്മങ്ങൾ കഴിയുന്നത്ര

ഭദ്രമാക്കുന്നതിനു വേണ്ടി പരമാവധി ശക്തിയും കഴിവും നാം വിനിയോഗിക്കേണ്ടതാണ്, നാം പരസ്പരം സഹകരി ക്കേണ്ടതാണ്, പരസ്പരം സഹായിക്കേണ്ടതാണ്. നമ്മുടെ കഴിവനപ്പുറമുള്ള കാര്യങ്ങൾ എല്ലാറ്റിനും കഴിയുന്ന അല്ലാ ഹുവിനെ ഏൽപിക്കേണ്ടതാണ്. നാം അഭയം തേടേണ്ടത് അല്ലാഹുവിനോട് മാത്രമാണ്, നമ്മുടെ കർമ്മങ്ങളുടെ ഫല പ്രാപ്തിക്കും പരിസമാപ്തിക്കും വേണ്ട സഹായം തേടേണ്ട ത് അവനോട് മാത്രമാണ്; മറ്റാരോടും ആയിക്കൂട. കാരണം, എല്ലാ മനുഷ്യർക്കും ഒരുപോലെ നൽകപ്പെട്ട കാര്യകാരണ ങ്ങൾക്കപ്പുറമുള്ളത് സാധിപ്പിക്കാൻ കാര്യകാരണങ്ങൾ നിശ്ചയിച്ച, ഉടമകളുടെ ഉടമസ്ഥനായ അല്ലാഹുവിനല്ലാതെ മറ്റാർക്കും കഴിയില്ല.

“നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു” എന്ന വച നം “നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു” എന്ന വചന ത്തിൻെറ ആശയം പൂർത്തിയാക്കുന്നു. കാരണം إستعانة എ ന്നാൽ ഹൃദയത്തിൽനിന്ന് അല്ലാഹുവിലേക്ക് പോകുന്ന ഭയ പ്പാടാണ്, ആത്മാവിന് അവനോടുള്ള ബന്ധമാണ്, അത് ആരാധനയുടെ മജ്ജയാണ്. ഒരു അടിമ അതുമായി അല്ലാ ഹു അല്ലാത്തവരിലേക്ക് തിരിഞ്ഞാൽ ആ നടപടി ക്വുർആനി ൻെറ അവതരണകാലത്തും അതിൻെറ മുമ്പും പ്രാചാരത്തി ലുണ്ടായിരുന്ന വിഗ്രഹാരാധനയുടെ ഒരിനമായിത്തീരും. ഇ ക്കാര്യം പ്രത്യേകമായി പറഞ്ഞത്, അല്ലാഹുവിന് പുറമെ ഔലിയാക്കളെ സ്വീകരിച്ച് അവരോട് സഹായം തേടുന്നതും ആർക്കും ചെയ്യാൻ സാധിക്കാത്ത കാര്യകാരണബന്ധങ്ങൾ ക്കപ്പുറമുള്ള വിഷയങ്ങളിൽ അവരോട് സഹായമർത്ഥിക്കുന്ന തും കാര്യകാരണങ്ങളുടെ അടിസ്ഥാനത്തിൽ സാധാരണ

ജനങ്ങളോട് സഹായം ചോദിക്കുന്നതുപോലെയാണെന്ന് വിവരദോഷികൾ തെറ്റിദ്ധരിക്കാതിരിക്കാനാണ്. ഈ സംശയം അല്ലാഹു തൻെറ അടിയാറുകൾക്ക് ദൂരികരിച്ചുകൊടുക്കാൻ ഉദ്ദേശിച്ചു. മനുഷ്യരുടെ കഴിവിൽ പെട്ട കാര്യങ്ങളിൽ സഹായം ചോദിക്കുന്നത് അല്ലാഹു നിശ്ചയിച്ച നടപടിക്രമങ്ങൾ ഉപയോഗപ്പെടുത്തുന്ന ഒരു രീതി മാത്രമാണ്. യന്ത്രസാമഗ്രികൾക്ക് എന്ത് സ്ഥാനമാണോ ഉള്ളത് അതേ സ്ഥാനം തന്നെയായിരിക്കും അതിനുമുള്ളത്. എന്നാൽ, അവർക്ക് ദാനമായി നൽകപ്പെട്ട കഴിവുകൾക്കും തോതുകൾക്കും അപ്പുറമുള്ള കാര്യങ്ങളിൽ സഹായം തേടുന്നത് അങ്ങനെയല്ല. രോഗശമനത്തിനായി ഔഷധങ്ങൾ, പ്രതിവിധികൾ എന്നിവക്ക് അപ്പുറമുള്ള കാര്യങ്ങളിൽ സഹായം തേടുക, ശത്രുവിനെ പരാജയപ്പെടുത്താൻ ആൾബലം, യുദ്ധസന്നാഹം എന്നിവക്ക് അപ്പുറമുള്ള കാര്യങ്ങളിൽ സഹായം തേടുക ഇങ്ങനെയുള്ള കാര്യങ്ങളിലെല്ലാം അല്ലാഹു അല്ലാത്തവരിലേക്ക് തിരിയുന്നതും ഭയപ്പാടോടുകൂടി അവരെ സമീപിക്കുന്നതും അനുവദിക്കപ്പെടാത്തതാകുന്നു.[1]

( إِذَا سَأَلْتَ فَاسْأَلِ اللهَ وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللهِ )

(നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക, നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക)[2] എന്ന നബി വചനത്തിൻെറ വ്യാഖ്യാനത്തിൽ ഇമാം നവവി(റ) പറഞ്ഞു "അടിയാൻ തൻെറ മനസ്സ് അല്ലാ

---

1 സയ്യിദ് റശീദ് രിളാ, തഫ്സീറുൽ മനാർ 1: 58-59

2 ഇമാം നവവി, ശറഹുൽ അർബഊൻ അന്നവവിയ്യ. പേജ് 32

ഹു അല്ലാത്തവരിൽ ബന്ധിച്ചിടാൻ പാടില്ല എന്ന് ഇതിൽ സൂചനയുണ്ട്. മറിച്ച് തൻെറ എല്ലാ കാര്യങ്ങളും അല്ലാഹുവിൽ ഭരമേൽപിക്കണം. ഹിദായത്ത്, പാണ്ഡിത്യം, ഖുർആനിലും സുന്നത്തിലുമുള്ള അറിവ്, രോഗശമനം, ഇഹത്തിലും പരത്തിലും ഉണ്ടായേക്കാവുന്ന പരീക്ഷണങ്ങളിൽനിന്നും ശിക്ഷകളിൽനിന്നും ഉള്ള കാവൽ പോലെ താൻ തേടുന്ന കാര്യങ്ങൾ സാധാരണ നിലയിൽ സൃഷ്ടികളുടെ കൈക്ക് നടക്കുന്നതല്ലെങ്കിൽ അത് അല്ലാഹുവിനോട് മാത്രം ചോദിക്കുക. കരകൗശല വിദ്യകളും ജോലിവേലകളും ചെയ്യുന്നവർ ഭരണകർത്താക്കൾ എന്നിവരുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ പോലെ സാധാരണനിലയിൽ സൃഷ്ടികളുടെ കൈക്ക് അല്ലാഹു നടത്തുന്ന കാര്യങ്ങളാണ് താൻ തേടുന്നതെങ്കിൽ അവരുടെ ഹൃദയങ്ങളിൽ തന്നോടുള്ള അനുകമ്പ ജനിപ്പിക്കാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കണം." അങ്ങനെ അദ്ദേഹം ഇത്രവരെ പറഞ്ഞു :"സൃഷ്ടികളോട് ചോദിക്കുന്നതും അവരെ അവലംബിക്കുന്നതും അധിക്ഷേപാർഹമായ നടപടിയാണ്. വേദങ്ങളിൽ അല്ലാഹുവിനെ ഉദ്ധരിച്ചുകൊണ്ട് ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: അവൻ തൻെറ ഹൃദയവികാരങ്ങളുമായി അവരവരുടെ കവാടങ്ങൾ മുട്ടുകയാണോ, എൻെറ കവാടങ്ങൾ മലർക്കെ തുറന്നു കിടന്നിട്ടും? ഞാൻ എല്ലാറ്റിനും കഴിവുറ്റ രാജാധി രാജനായിരിക്കെ വിപൽഘട്ടങ്ങളിൽ മറ്റുള്ളവരിലാണോ അവൻ പ്രതീക്ഷയർപ്പിക്കുന്നത്, ഇതരരിൽ പ്രതീക്ഷയർപ്പിച്ചവനെ ഞാൻ നിന്ദ്യതയുടെ മേലാടയണിക്കും ; തീർച്ച ! "

## 4. സൂഫീ വിഭാഗത്തിൻെറ പരിഭാഷകൾ

തൊട്ട് മുമ്പ് നാം സൂചിപ്പിച്ചപോലെ ദൂഷ്യങ്ങളായ തർജ്ജമകൾ വിശുദ്ധ ക്വുർആനിനെ വേട്ടയാടുകയായിരുന്നു. പിഴച്ച കക്ഷികളെല്ലാം ആശയവിവർത്തനത്തിലൂടെ തങ്ങളുടെ ചിന്തകളും വിഷങ്ങളും ചീറ്റുവാനുള്ള ഫലഭൂയിഷ്ഠമായ വേദിയായി വിശുദ്ധ ക്വുർആനിനെ കണ്ടു.

ഹിജ്റയുടെ നാലാം നൂറ്റാണ്ടിൽ വ്യാപനമാരംഭിച്ച സൂഫീചിന്തകൾ ഇറാഖ്, പേർഷ്യ, ഇന്ത്യ എന്നീ നാടുകളിലൂടെ അതിൻെറ പ്രയാണം തുടങ്ങി, വളരേ മുമ്പ് തന്നെ മുഗുളർ, ഗസ്നവികൾ തുടങ്ങിയ ജേതാക്കളിലൂടെ കേരളത്തിലും പ്രവേശിച്ചിട്ടുണ്ട്. എത്രത്തോളമെന്നാൽ സൂഫീചിന്തയുടെ കാരണവന്മാരിലൊരാളായ, ഹിജ്റ: 309ൽ മരണപ്പെട്ട, ഹുസൈൻ മൻസൂർ അൽ ഹല്ലാജ് ഇന്ത്യയെ ലക്ഷ്യമിടുകയും അവിടെ ജനങ്ങളെ സൂഫിസത്തിലേക്ക് ദഅ്വത്ത് നടത്തുകയും ചെയ്തിട്ടുണ്ട്.[1]

അജ്ഞത അടക്കി വാഴുകയും വിശുദ്ധ ക്വുർആനിലും സുന്നത്തിലും പണ്ഡിതന്മാർക്ക് വിവരം നഷ്ടപ്പെടുകയും ചെയ്ത നാടുകളിലെല്ലാം സൂഫി ചിന്തകൾക്ക് വലിയ സ്വാധീനമുണ്ടായിട്ടുണ്ട്. എന്നാൽ മലബാറാകട്ടെ കഴിഞ്ഞ നൂറ്റാണ്ടുകളിൽ പിഴച്ച സൂഫീ ചിന്തകളുടെ വളരെ കുറഞ്ഞ സ്വാധീനമുള്ള നാടുകളിൽ ഒന്നാണ്. പക്ഷെ, സലഫുസ്വാലിഹീങ്ങളുടെ മാർഗ്ഗമവംലംഭിച്ച് ഹദീഥ് വിജ്ഞാനത്തിൽ വ്യാപൃതരായിരുന്ന പണ്ഡിതരുടെ അഭാവം പിൽകാലത്ത് മുസ്‌ലിം അണികളിൽ വലിയ വിടവും ച്യുതിയും ഉണ്ടാക്കി. തന്നി

---

[1] ഇമാം ഹാഫിളു ദഹബി.,സിയറു അഅ്ലാമിന്നുബലാഅ്. 14:315

ഷ്ടക്കാരായ സൂഫികൾ ഈ അവസരം നന്നായി മുതലെടുത്തു. അവരുടെ തരംതാന്ന അഭിപ്രായങ്ങളും ന്യൂനമായ ചിന്തകളും അവർ വ്യാപിപ്പിച്ചു. സുന്നീ വിഭാഗത്തിൽപെട്ട ചിലർ അവരിൽ ആകൃഷ്ടരായിവുകയും അവരുടെ അധ്യായനത്തിൽ പഠിച്ചു വളരുകയും ചെയ്തു.

പരിഭാഷകളുടെ ലോകം വികസിക്കുകയും എല്ലാവരും തങ്ങളാലാവുന്നത് നിർവ്വഹിക്കുകയും ചെയ്തപ്പോൾ സൂഫീ കലാലയങ്ങളിൽ പഠിതാക്കളായ ചിലർ ഇബ്നു അറബിയെ പോലുള്ള സൂഫീശൈഖുമാരുടെ ഗ്രന്ഥങ്ങളിൽ ചടഞ്ഞുകൂടി. സുന്നീ വിഭാഗത്തിൽ നിന്നും ഈ കെണിയിൽ കൂപ്പുകുത്തിയ എഴുത്തുകാരനാണ് കെ.വി.എം. പന്താവൂർ. സൂഫീ ഗ്രന്ഥങ്ങളെ പഠിച്ച് ഗ്രസിച്ച ഒരു കവിയായിരുന്നു അയാൾ. വിശുദ്ധക്വുർആനിലും സുന്നത്തിലും വേണ്ടത്ര വിവരം അയാൾക്കുണ്ടായിരുന്നില്ലെന്നാണ് മനസ്സിലാകുന്നത്. സൂഫീ ചിന്തകൾ പ്രചരിപ്പിക്കുന്നതിൽ സ്വാതന്ത്രമായ ഒരു പരിഭാഷ എന്ന നിലക്ക് കേരളക്കരയിലെ ആ ഇനത്തിൽപ്പെട്ട പ്രഥമ പരിഭാഷയായിട്ടാണ് അയാളുടെ തർജ്ജമ ഗണിക്കപ്പെടുന്നത്. തനി സൂഫിസം നിറഞ്ഞ തൻെറ പരിഭാഷയിറക്കാൻ നല്ലശ്രമങ്ങൾ കെ.വി.എം. ചിലവഴിച്ചിട്ടുണ്ട്. തൻെറ പരിഭാഷക്ക് 'അത്തഫ്സീറുൽ ബാത്വിനി ലിൽ ക്വുർആനിൽ കരീം' എന്ന് പേരിടുകയും 1991-ൽ അതിൻെറ ഒന്നും രണ്ടും വാല്യങ്ങൾ പുറത്തിറക്കുകയും ചെയ്തു. തൻെറ പരിഭാഷയിലൂടെ വിശുദ്ധ ക്വുർആനിന് ആന്തരികവും (ബാത്വിൻ) ബാഹ്യവുമായ (ളാഹിർ) രണ്ട് വശമുണ്ടെന്ന് അയാൾ ജൽപിച്ചു. വിശുദ്ധ ക്വുർആനിൻെറ ഓരോ അക്ഷരവും ചില രഹസ്യങ്ങളും നിഘൂഢതകളും ഉൾക്കൊള്ളുന്നു, അത് സൂഫികൾക്കേ മനസ്സിലാകൂ എന്ന നികൃഷ്ടവാദവും അയാളുടെ ജൽ

പനങ്ങളിലുണ്ടായിരുന്നു. പത്ത് വർഷങ്ങൾക്കുള്ളിൽ സൂഫീ ശൈഖായ ഇബ്നു അറബിയുടെ 'അത്തഫ്സീറുൽ കബീർ' എന്ന വിശുദ്ധ ക്വുർആൻ വിവരണം ഇരുപതു വാല്യങ്ങളിലായി പരിഭാഷപ്പെടുത്തണം എന്നതായിരുന്നു അയാളുടെ തീരുമാനം. പക്ഷേ അയാൾക്കതിന്ന് സാധിച്ചില്ല.

അല്ലാഹുവേ നിനക്ക് സ്തുതി.

പ്രസ്തുത പരിഭാഷക്ക് 148 പേജുകളുള്ള ഒരു ആമുഖം കെ.വി.എം. പന്താവൂർ തയ്യാറാക്കി. സൂഫി ശൈഖുൽ അക്ബർ ഇബ്നു അറബി[1] യുടെ ജീവിതം അതിൽ വിവരിക്കുകയും സൂഫിയത്തിൻെറ പുത്തൻ നിർമ്മിത സാങ്കേതിക പദങ്ങൾ അതിൽ വിശദീകരിക്കുകയും ചെയ്തു.

പ്രസ്തുത പരിഭാഷയുടെ ഒന്നാംവാല്യം സൂറത്തുൽ ഫാത്വിഹയുടെയും, സൂറത്തുൽ ബഖറയുടെ ഏതാനും ഭാഗങ്ങളുടെയും ആശയവിവർത്തനം ഉൾകൊള്ളുന്നു. രണ്ടാം വാല്യമാകട്ടെ അൽബഖറയുടെ ബാക്കി ഭാഗത്തിൻേറയും സൂറത്ത് ആലു ഇംറാൻെറയും തർജ്ജമ ഉൾകൊള്ളുന്നു.

---

[1] ഇബ്നു അറബി എന്ന പേരിലറിയപ്പെട്ട അയാളുടെ പേര് മുഹമ്മദ് ഇബ്നു അലി അത്ത്വാഈ എന്നാണ്. അദ്ദേഹത്തെക്കുറിച്ച് ശൈഖ് ഇസ്സ് ഇബ്നു അബ്ദുൽ സലാം പറഞ്ഞു: ഇബ്നു അറബി തിന്മയുടെ പുരോഹിതനാണ്, പെരുംകള്ളനാണ്. ഹാഫിളു ദഹബി പറഞ്ഞു: ഇബ്നു അറബിയുടെ ഏറ്റവും നികൃഷ്ട കൃതി കിതാബുൽ ഫുസൂസ്ന്ന ആണ്; അതിൽ കുഫ്റില്ലെങ്കിൽ ദുൻയാവിൽ വേറെ കുഫ്റില്ല. ഇബ്നു അറബി ഹിജ്റ 638-ൽ മരണപ്പെട്ടു. (സിയറു അഅ്ലാമിന്നുബലാഅ്. 23: 48 )

1992-ൽ പ്രസ്തുത തർജ്ജമയുടെ മൂന്നും നാലും വാള്യങ്ങൾ പുറത്തിറങ്ങി. എല്ലാ വാള്യങ്ങളിലും 500 പേജുകൾ വീതമുണ്ട്.

മറ്റു വാള്യങ്ങൾ പുറത്തിറക്കുന്നത് കെ.വി.എം. പന്താവൂർ നിറുത്തിവെച്ചു; സൂഫീ പ്രസ്ഥാനത്തിൻെറ അണികളിൽപ്പെട്ട സിംഹരും അദ്ദേഹത്തിനെതിരിൽ രൂക്ഷമായ നിരൂപണം അഴിച്ചു വിട്ടു എന്നതിനാലായിരുന്നു അത്. കാരണം സൂഫീ ചിന്തകളും അവ വഹിക്കുന്ന, ഉലൂമ്(ജ്ഞാനങ്ങൾ), മുകാശഫാത്(വെളിപാടുകൾ) അസ്റാർ (രഹസ്യങ്ങൾ) തുടങ്ങിയ ഗൂഢമായ ആശയങ്ങളും, പണ്ഡിതന്മാരുടെയും പാമരന്മാരുടെയും മുമ്പിൽ ഒരുപോലെ വിവരിക്കാൻ സാധ്യമല്ലാത്തതാണ്. കാരണം അവ മിക്കതും സൂഫി ശൈഖുമാർക്ക് മാത്രം ഗ്രാഹ്യമായവയാണ്. കൂടാതെ വിവരണവും വിവർത്തനവും സൂഫി ചിന്തകളെ വികൃതമാക്കുകയും ചെയ്യും.[1] പന്താവൂരിൻെറ വാക്കുകൾ കടമെടുത്തു പറഞ്ഞാൽ, പ്രസ്തുത പരിഭാഷ നിർത്തിവെക്കാനുള്ള കാരണം സൂഫി ചിന്തകളുടെ വിശുദ്ധിക്ക് പോറലേൽക്കുമോ എന്ന ഭയപ്പാടായിരുന്നു. അല്ലാതെ, വിശുദ്ധ ക്വുർആനിൻെറ വിശുദ്ധിയെ തൻെറ പിഴച്ച, തലതിരിഞ്ഞചിന്തകൾകൊണ്ട് മലീമസമാക്കാൻ താൻ ഉദ്ദേശിച്ചുവല്ലോ എന്ന ഭയപ്പാടായിരുന്നില്ല.

ഹൃദയങ്ങളേയും ചിന്തകളേയും മാറ്റി മറിക്കുന്നവനായ അല്ലാഹുവേ നീ പരമ പരിശുദ്ധൻ. മുന്നിലോ പിന്നിലോ യാതൊരു തെറ്റും വരാത്ത വിശുദ്ധ ക്വുർആൻ അവതരിപ്പിച്ച

---

[1] പ്രസ്തുത ന്യായവാദം പന്താവൂരിൽ നിന്നിറങ്ങുന്ന നുസ്റത്തുൽ അനാം മാഗസിൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അല്ലാഹുവേ നീയാകുന്നു വിശുദ്ധൻ. സ്തുത്യർഹനും തത്വജ്ഞനുമായവനിൽ നിന്നവതീർണ്ണമായതാകുന്നു വിശുദ്ധ ക്വുർആൻ.

## മലയാള പരിഭാഷകളിൽ അശ്അരീ ത്വരീക്വത്തിൻെറ സ്വാധീനം

വിവിധ നൂറ്റാണ്ടുകളിൽ ശാഫിഈ മദ്ഹബുകരായ അറബികളിലെ ഹദ്റമികൾ കേരളത്തിലേക്ക് വന്ന കാലം മുതൽ അശ്അരിയത്ത് കേരളത്തിൽ പ്രസിദ്ധമായി. അവിടെ അശ്അരികളായ ഭൂരിപക്ഷം മുസ്ലിംകളെയും നയിച്ച ചിന്ത ഇമാം അബുൽഹസൻ അൽ അശ്അരി[1] യുടെ മദ്ഹബ് അല്ലാഹുവിൻെറ നാമവിശേഷണങ്ങളെ വ്യാഖ്യാനിക്കാം എന്നതായിരുന്നു. അതിനാൽ ഗ്രന്ഥ രചനകൾ പൊതുവിലും വിശുദ്ധ ക്വുർആൻ വിവരണങ്ങൾ വിശേഷിച്ചും ആക്ഷേപാർഹമായ വ്യാഖ്യാനങ്ങൾകൊണ്ടായിരുന്നു. സുന്നീ വിഭാഗത്തിൻെറ തർജ്ജമകളാണ് ഈ രംഗത്ത് മറ്റുള്ളവയെക്കാൾ മികച്ചു നിന്നത്.

ഇവിടെ അശ്അരി വിഭാഗത്തിലേക്ക് ചേർത്ത് പറയപ്പെടുന്ന പലർക്കും അറിയാതെ പോയ ഒരു യാഥാർത്ഥ്യത്തിലേക്ക് വെളിച്ചം വീശാൻ ഞാൻ ആഗ്രഹിക്കുന്നു. അഥവാ ഇമാം

---

[1] പ്രമുഖ സ്വഹാബി അബൂ മൂസൽ അശ്അരി സന്താന പരമ്പരയിൽ പെട്ടവരാണ് അബുൽ ഹസൻ അലിയ്യ് ബ്നു ഇസ്മായീൽ അൽ അശ്അരി. അദ്ദേഹം ഹിജ്റ 324-ൽ മരണപ്പെട്ടു. (ഖതീബ് ബഗ്ദാദി, താരീഖ് ബഗ്ദാദ് 11:347, ഇമാം ദഹബി സിയറു അഅ്ലാമിന്നുബലാഅ് 15 : 85)

അബുൽ ഹസൻ അൽ അശ്അരി (റ) താൻ കൊണ്ടു നടന്ന മുഅ്തസലിയത്തിൻേറയും, മുഅത്വിലയുടേയും മറ്റും ബിദ്ഈ ചിന്തകളിൽനിന്ന് പശ്ചാതപിച്ച് മടങ്ങുകയും പ്രസ്തുത തൗബ തൻെറ 'അൽ ഇബാന അൻ ഉസൂലിദ്ദിയാന' എന്ന ഗ്രന്ഥത്തിൽ വിളംബരം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇമാം ഹാഫിദ് ഇബ്നുൽ അസാകിർ തൻെറ 'തബ്യീനു കദ്ബിൽ മുഫ്തരീ.. ..' എന്ന ഗ്രന്ഥത്തിൽ ഈ യാഥാർത്ഥ്യം വ്യക്തമാക്കുന്നുണ്ട്. അതുപോലെ, അല്ലാഹുവിൻെറ നാമവിശേഷണങ്ങളിലുള്ള അബുൽ ഹസൻ അൽ അശ്അരി(റ)യുടെ വീക്ഷണം സലഫുസ്വാലിഹീങ്ങളുടേയും പ്രമാണിക പണ്ഡിതരുടേയും വീക്ഷണത്തോട് യോജിച്ചതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അഥവാ അല്ലാഹുവും നബി(സ)യും അല്ലാഹുവിന്ന് എന്തെല്ലാം നാമങ്ങളും വിശേഷണങ്ങളും സ്ഥിതീകരിച്ചുവോ അത് നിഷേധിക്കാതെ രൂപപ്പെടുത്താതെ സാദൃശ്യപ്പെടുത്താതെ അല്ലാഹുവിന്ന് സ്ഥിതീകരിക്കുക എന്ന മാർഗ്ഗം. അതാണല്ലോ അല്ലാഹു വിശുദ്ധ ക്വുർആനിൽ പറഞ്ഞതും.

لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ البَصِيرُ (سورة الشورى : ١١)

"അവന്ന് തുല്യമായി യാതൊന്നുമില്ല. അവനെല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു." (വി.ക്വു. 42 :11)[1]

[1] ഇബ്നു അസാകിർ,തബ്യീനുകദിബിൽ മുഫ്തരി പേ:152,163

അഹ്‌ലുസുന്നത്തി വൽ ജമാഅ:യുടെ അഥവാ സലഫികളു ടെ പരിഭാഷകളൊഴിച്ച് ബാക്കി മിക്ക കക്ഷികളുടേയും പരിഭാഷകളിലെല്ലാം

﴿ الرَّحْمَنُ عَلَى الْعَرْشِ اسْتَوَى ﴾ (سورة طه -٠٥ )

(പരമ കാരുണികൻ സിംഹാസനസ്ഥനായിരിക്കുന്നു. (വി.ക്വു. 20 :05)[1]

) എന്ന സൂക്തത്തിലെ استواء (സിംഹാസനസ്ഥനായ) എന്ന വിശേഷ ണത്തെ വ്യാഖ്യാനിച്ചിട്ടുണ്ട്.

ഇത്തരം വചനങ്ങളിൽ സലഫുസ്വാലിഹീങ്ങളുടെ മാർഗ്ഗത്തെ യാണ് അബുൽ ഹസനുൽ അശ്അരി(റ)യും മാർഗ്ഗമായി സ്വീകരിച്ചതെന്ന് ഇക്കൂട്ടർ അറിഞ്ഞിരുന്നുവെങ്കിൽ യഥാർത്ഥ വഴിയിലേക്കവർ മടങ്ങുമായിരുന്നു. ഇമാം അബുൽ ഹസൻ അൽ അശ്അരി(റ) പറയുന്നു: ഒരാൾ استواء (സിംഹാസന സ്ഥനാവുക) എന്നതിനെകുറിച്ച് നിങ്ങൾ എന്തു പറയുന്നു എന്നു ചോദിച്ചാൽ, ഞാൻ അവരോടു പറയും: 'നിശ്ചയം അല്ലാഹു അവൻെറ സിംഹാസനത്തിൽ ഉപവിഷ്ഠനാണ്; അല്ലാഹു പറഞ്ഞപോലെ:

﴿ الرَّحْمَنُ عَلَى الْعَرْشِ اسْتَوَى ﴾

(പരമ കാരുണികൻ സിംഹാസനസ്ഥനായിരിക്കുന്നു.)

---

1 ഇബ്നു അസാകിർ,തബ്‌യീനുകദിബിൽ മുഫ്തരി പേ:152,163

ഇമാം മാലിക്(റ)യുടെ വാക്കും ഈ വിഷയത്തിൽ പ്രസിദ്ധ മാണ്. ഒരാൾ അദ്ദേഹത്തോട് അല്ലാഹു സിംഹാസനസ്ഥ നായി എന്നതിനെ കുറിച്ച് ചോദിച്ചപ്പോൾ ഇമാം മാലിക്(റ) പറഞ്ഞു: "സിംഹാസനസ്ഥനായി എന്നത് (ക്വുർആനിലൂടെ യും ഹദീസിലൂടെയും) അറിയപ്പെട്ട കാര്യമാണ്. എങ്ങിനെ യെന്നത് അജ്ഞമാണ്. അത് വിശ്വസിക്കൽ നിർബന്ധ മാണ്. ചോദ്യം ചെയ്യൽ ബിദ്അത്താണ്. നിൻെറ തട്ടിക്ക യറിയുള്ള ഈ ചോദ്യത്തിലൂടെ നീയൊരു പിഴച്ചവനായി ട്ടാണ് ഞാൻ കരുതുന്നത്". താർക്കികനായതിനാൽ പിന്നീട് അയാളെ ഇമാമിൻെറ കൽപന പ്രകാരം പുറത്താക്കുകയാ ണുണ്ടായത്.[1]

## 5. വിവർത്തന രംഗത്ത് ജമാഅത്തെ ഇസ്‌ലാമി യുടെ പങ്ക്

മലയാള ഭാഷയിൽ വിശുദ്ധ ക്വുർആനിന് പരിപൂർണമായ ആശയവിവർത്തനം ജമാഅത്തെ ഇസ്‌ലാമിക്ക് ഉള്ളതായി ഞാനറിഞ്ഞിട്ടില്ല. ഒരു സംഘം നിപുണരായ എഴുത്തുകാർ ശൈഖ് അബുൽ അഅ്‌ലാ മൗദൂദിയുടെ 'തഫ്ഹീമുൽ ക്വുർ ആൻ' പരിഭാഷ ഉറുദുവിൽനിന്ന് മലയാളത്തിലേക്ക് 'ഖുർആ ൻ ഭാഷ്യം' എന്ന പേരിൽ ഭാഷാന്തരം നടത്തുകയാണ് ചെ യ്തത്. അതിനാൽ പ്രസ്തുത പരിഭാഷ അറബിയിൽനിന്ന് നേരിട്ടുള്ളതല്ല, പ്രത്യുത പരിഭാഷയുടെ പരിഭാഷയാണ്. അ മാനുഷികമായ അല്ലാഹുവിൻെറ വചനങ്ങൾ പ്രഥമവിവർത്ത

---

[1] ഹാഫിളുൽ ഹകമി, മആരിജുൽ ഖബൂൽ ബി ശറഹി സുല്ലമിൽ വുസൂൽ 1 : 144

നത്തിന് വിധേയമാകുമ്പോൾ തന്നെ അതിൻെറ സ്വാധീനം നേർത്തുപോകുമെന്നത് സുവിദിതമാണല്ലോ. എന്നാൽ പരിഭാഷതന്നെ വീണ്ടുമൊരു ഭാഷാന്തരത്തിന് വിധേയമായാൽ ഉദ്ദിഷ്ട ആശയനിർവ്വഹണത്തിൽ അത് തീർത്തും ദുർബലമാകും.

'ഖുർആൻ ഭാഷ്യം' ആറ് വാള്യങ്ങളിൽ 1972 – 1998 കാലയളവിൽ പ്രസാധനം ചെയ്യപ്പെട്ടു.

## ടി.കെ. ഉബൈദ് സാഹിബിൻെറ പരിഭാഷ

സയ്യിദ് അബുൽ അഅ്ലാ മൗദൂദിയുടെ 'തഫ്ഹീമുൽ ക്വുർആൻ' എന്ന ഉറുദു പരിഭാഷയുടെ ഉള്ളടക്കം രത്നച്ചുരുക്കമാക്കി രചിക്കുകയാണ് ടി.കെ. ഉബൈദ് സാഹിബ് ചെയ്തത്. അദ്ദേഹം പ്രസ്തുത സംഗ്രഹം ഒരു വാള്യത്തിലാക്കി ചുരുക്കി.

ആമുഖ കുറിപ്പിൽ ടി.കെ. ഉബൈദ് സാഹിബ് പറയുന്നു: തൻെറ പരിഭാഷ ഒരിക്കലും വിശുദ്ധ ക്വുർആനിൻെറ പദാനുപദ വിവർത്തനമല്ല. പ്രത്യുത മൗദൂദി സാഹിബിൻെറ 'തഫ്ഹീമുൽ ഖുർആനിൽ' വന്ന ചിന്തകൾ കൂട്ടി വെക്കുകയും സാഹിത്യ സൗന്ദര്യത്തോടെ അതിനെ വാർത്തെടുക്കുകയും പ്രസ്താവനാ രൂപത്തിൽ ഓരോ സംഘം ആയത്തുകൾക്ക് താഴെ അവ ചേർക്കുകയും ചെയ്തതാണ്. ചിലപ്പോഴെല്ലാം പത്ത് ആയത്തുകളുടെ ഉള്ളടക്കം ഒരിടത്ത് തന്നെ ആയത്ത് നമ്പറോ ഇന്ന ആയത്തിൻെറ അർത്ഥമെന്നോ നിർണ്ണയിക്കാതെ നൽകപ്പെട്ടിട്ടുണ്ട്.

ഈ പരിഭാഷയും മറ്റു പരിഭാഷകളെപോലെ നേരിട്ട് വിശുദ്ധ ക്വുർആനിന്റെ ആശയ വിവർത്തനമല്ല പ്രത്യുത ഉറുദുവിലേക്ക് ഭാഷാന്തരം ചെയ്യപ്പെട്ട പരിഭാഷയുടെ നവീനശൈലിയിലുള്ള പരിഭാഷയാണ്.

ഭാഷയിലും കോർവയിലും പരിഭാഷകൻ നിപുണനായിട്ടുകൂടി വായനക്കാരൻ ഒരു ആയത്തിന്റെ അർത്ഥം തിരഞ്ഞ് പിടിച്ച് പഠിക്കാൻ നോക്കിയാൽ പ്രയാസം നേരിടും.

പ്രസ്തുത പരിഭാഷ 1988-ൽ പ്രസാധനം ചെയ്യപ്പെട്ടു.

## ക്വുർആനിന്റെ തണലിൽ

ജമാഅത്തെ ഇസ്ലാമിയിലേക്ക് ചേർത്ത് പറയപ്പെടുന്ന ശൈഖ് വി.എസ്. സലീമും ശൈഖ് കുഞ്ഞിമുഹമ്മദ് സാഹിബും സയ്യിദ് ക്വുതുബിന്റെ 'ഫീ ളിലാലിൽ ക്വുർആൻ' എന്ന വിശുദ്ധ ക്വുർആൻ വിവരണം 'ഖുർആനിന്റെ തണലിൽ' എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. 1995-ൽ പ്രസ്തുത പരിഭാഷയുടെ നാല് വാള്യങ്ങൾ പുറത്തിറങ്ങി.

ഈ പരിഭാഷകൾ എല്ലാം തന്നെ നമ്മുടെ പഠനവൃത്തത്തിൽനിന്ന് പുറത്താണ്. കാരണം അവയൊന്നും വിശുദ്ധ ക്വുർആനിന്റെ നേരിട്ടുള്ള ആശയവിവർത്തനത്തിൽ ശ്രദ്ധയൂന്നിയിട്ടില്ല. അതിനാൽ തന്നെ അവയിൽ കൂലംകുശമായ ഒരു വിശകലനത്തിന് മുതിരാതെ സൂചനയിൽ മാത്രം ഒതുക്കിയത്, വിശുദ്ധ ക്വുർആൻ മലയാളത്തിലേക്കുള്ള ഭാഷാന്തരീകരണ രംഗത്തെ വികാസം വിവരിക്കാൻ മാത്രമാണ്.

വിശുദ്ധ കുർആൻ വിവർത്തന രംഗത്ത് പങ്കാളിത്തം വഹിച്ചവരിൽ നാം മുമ്പ് സൂചിപ്പിച്ച പ്രൊ. ടി. കെ. ഉബൈദ്

സ്വാഹിബിൻെറ "ക്വുർആൻ ബോധനം" എന്ന വിശുദ്ധ ക്വുർആൻ പരിഭാഷയുടെ ഒന്നാം വാള്യം ഈയിടയായി എനിക്ക് ലഭിച്ചു. ജമാഅത്തെ ഇസ്‌ലാമിയിലേക്ക് ചേർത്ത് വിളിക്കപ്പെടുന്നവരിൽ നിന്നുള്ള സമ്പൂർണ ക്വുർആൻ പരിഭാഷയുടെ പ്രഥമഘട്ടമാണെന്നതിനാൽ അത് നമ്മുടെ ഈ പഠനത്തിൻെറ ഭാഗമാണ്.

ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി തങ്ങളുടേതായി മാത്രം പണിതതും പ്രബോധനം നടത്തുകയും ചെയ്യുന്ന ചിന്തകളേയും അഭിപ്രായങ്ങളേയും വ്യക്തമാക്കാൻ കേരളക്കരയിൽ ജമാഅത്തിൻെറ ശ്രമങ്ങളിൽ പെട്ടതാണ് പ്രസ്തുത തർജ്ജമ. അത് മലയാള ഭാഷയിലുള്ള ജമാഅത്തിൻെറ സ്വതന്ത്രവും പ്രഥമവുമായ പരിഭാഷയാണ്.

പ്രസ്തുത പരിഭാഷയുടെ ഒന്നാം വാള്യത്തിലൂടെ ഒരു മിന്നൽ പരിശോധന നടത്തിയപ്പോൾ ; വിവർത്തകൻ ടി.കെ. ഉബൈദ് സ്വാഹിബ് തൻെറ തർജ്ജുമയിൽ സരളമായ ശൈലി നൽകിയിട്ടും വ്യാഖ്യാതാക്കളുടെ അഭിപ്രായങ്ങൾ വ്യാപകമായി പ്രതിപാദിച്ചിട്ടും അറബീ മൂലപദങ്ങൾക്ക് സംക്ഷിപ്തവും വിശദവുമായ അർത്ഥകൽപന നൽകിയിട്ടും ഇതരവിവർത്തകർക്ക് സംഭവിച്ചത് പോലെ അദ്ദേഹത്തിനും വീഴ്ച വന്നു. അഥവാ അഖ്‌ലാനി (Intellectual Movement) കളുടെയും തത്വചിന്തകരുടേയും ചിന്തകളിൽ അദ്ദേഹം ആകൃഷ്ടനാവുകയും തനിക്കിഷ്ടപ്പെട്ട അഭിപ്രായം അവയാണെന്ന് വരുത്തിതീർക്കുംവിധം മിക്കപ്പോഴും മുഖ്യ പരിഗണന അത്തരം അഭിപ്രായങ്ങൾക്ക് നൽകുകയും ചെയ്തു.

നമുക്ക് വ്യക്തമായിടത്തോളം വീഴ്ചയുടെ കാരണം; അദ്ദേഹം പൂർവ്വികരുടെ അഭിപ്രായങ്ങളും ഗ്രന്ഥങ്ങളും നോക്കാതെ സമകാലീനരായ വിവർത്തകരുടെ പരിഭാഷ

കളെ അവലംഭിക്കാൻ തുനിഞ്ഞു എന്നതാണ്. (അല്ലാഹു അഅ്ലം) ഇമാം ഇബ്നുജരീർ, ഇമാം ഇബ്നു അബീ ഹാതിം, ഇമാം ബഗവി, ഇമാം ഇബ്നു കഥീർ തുടങ്ങിയ പൂർവ്വ സൂരികളുടെ അവലംബയോഗ്യമായ ഗ്രന്ഥങ്ങളിലേക്ക് മടങ്ങലും അവയെ അവലംഭമാക്കലും അനിവാര്യമാണെങ്കിൽമാത്രം പിൽകാലക്കാരുടെ വിവരണങ്ങളിൽനിന്ന് വിവരമെടുക്കുകയും ചെയ്യലാണ് ഉചിതമായത്; വിശ്വാസപരവും ചിന്താപരവുമായ വ്യതിയാനങ്ങളിൽ നിന്ന് രക്ഷപ്പെടാൻ കരണീയവും.

## 6. വിവർത്തന രംഗത്ത് അമുസ്ലിംകളുടെ പങ്ക്

കേരളക്കരയിൽ ചില അമുസ്ലിംകൾ, ബാഹ്യസമ്മർദ്ദങ്ങളൊന്നുമില്ലാതെ സ്വയമേവ വിശുദ്ധ ക്വുർആൻ പഠിക്കുവാനും ഗ്രഹിക്കുവാനും മുന്നോട്ടു വന്നത് വിശുദ്ധക്വുർആൻ പരിഭാഷകളിൽ ഒരു പുതിയ പരിണാമമായിരുന്നു. അതിനെത്തുടർന്ന് അവർ അവരുടെ മതത്തിൽ കാലൂന്നിക്കൊണ്ടു തന്നെ വിശുദ്ധ ക്വുർആനിന്ന് വിവർത്തനം തയ്യാറാക്കുന്നതിൽ പങ്കാളികളായി. ഇസ്ലാമിക വിജ്ഞാനീയങ്ങളിൽ പൊതുവിലും ഹദീഥിലും ചരിത്രത്തിലും ഓറിയൻറലിസ്റ്റുകളുടെ പങ്കാളിത്തം അറിയുന്ന ഏവർക്കും അതിൽ യാതൊരു വൈചിത്ര്യവും തോന്നാനിടയില്ല.

ഈ രംഗത്ത് തങ്ങളുടെ പങ്കാളിത്തം തെളിയിച്ചവർ:

### കോന്നിയൂർ രാഘവൻ നായർ

ഹിന്ദുമത വിശ്വാസിയും കവിയും സാഹിത്യകാരനുമാണ് കോന്നിയൂർ രാഘവൻ നായർ. നിലവിലുള്ള ഇംഗ്ളീഷിലും

മലയാളത്തിലുമുള്ള ചില പരിഭാഷകൾ ആവോളം പഠിച്ചു. വിശുദ്ധ വചനങ്ങളിലും അവയുൾകൊള്ളുന്ന അതിമാനുഷി കമായ സാഹിത്യം, വാചാടോപം, വശ്യസുന്ദരശൈലി എന്നി വയിലും നന്നായി ആകൃഷ്ടനായ അദ്ദേഹം താനകപ്പെട്ട മാസ്മരിക വലയത്തിൽ നിന്നുകൊണ്ട് മലയാള സാഹിത്യ ത്തിൽ വിശുദ്ധ ക്വുർആനിനൊരു കാവ്യരൂപം തയ്യാറാക്കാൻ തീരുമാനിച്ചു.

അങ്ങിനെയാണ് വിശുദ്ധ ക്വുർആനിൻെറ ആശയവി വർത്തനം ആകർഷണീയമായ കാവ്യരൂപത്തിലും ഉയർന്ന സാഹിത്യ പദപ്രയോഗങ്ങളിലൂടെയും പുറത്ത് വന്നത്. സാ മാന്യം വിദ്യഭ്യാസമുള്ള സാഹിതീയന്മാർക്കല്ലാതെ സാധാര ണക്കാർക്ക് ഗ്രഹിക്കാൻ പ്രയാസകരമാണ് പ്രസ്തുത സാഹി ത്യഭംഗി.

വിശുദ്ധ വചനങ്ങൾ വിഷയാധിഷ്ഠിതമായി വിഭജിച്ച് ഓരോ വിഷയങ്ങൾക്കും പ്രാസവും വൃത്തവും അലങ്കാരവും നൽകു കയാണ് അദ്ദേഹം ചെയ്തത്. വിവർത്തകൻ ഹിന്ദുമത വിശ്വാസിയായിട്ട്കൂടി തൻെറ ദർശനം ഒരിക്കലും വിവർത്ത നത്തേയോ രചനയേയോ സ്വാധീനിച്ചില്ലാ എന്നത് ഇവിടെ പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. അപ്രകാരം തന്നെ അ ദ്ദേഹവും- നാം അറിഞ്ഞേടത്തോളം -വിശുദ്ധ ക്വർആനിനാൽ സ്വാധീനിക്കപ്പെട്ട് സ്വരക്ഷക്ക് വേണ്ടി മുസ്ലിമായിട്ടുമില്ല.[1]

പ്രസ്തുത കാവ്യ പരിഭാഷ സുന്നീ വിഭാഗത്തിൻെറ ക്രോധത്തെ ആളിക്കത്തിച്ചു. അവർ പ്രസിദ്ധീകരിക്കപ്പെട്ട

---

1 ഡോ. മുഹമ്മദ് ബശീർ, ദിറാസത്തുൻ നഖ്ദിയ്യ അനിത്തർ ജ്ജമാത്തിൽ ക്വുർആനിയ്യ. പേ : 143 - 144

പ്രസ്തുത തർജ്ജമയുടെ കോപ്പികൾ നശിപ്പിക്കുകയും ചുടുകയും ചെയ്തു. സംഘടിതമായിതന്നെ അത് നശിപ്പിക്കാൻ അവർ ഒരുമ്പെടുകയുണ്ടായി. 1977-ലായിരുന്നു പ്രസ്തുത സംഭവം. കോന്നിയൂർ രാഘവൻ നായരുടെ തർജ്ജമ 960 പേജുകൾ ഉൾക്കൊള്ളുന്നു.

ഈ അത്ഭുത കാവ്യപരിഭാഷ, ശബാബ് ബുക്ക് ഹൗസ് 'ദിവ്യദീപ്തി' എന്ന പേരിൽ 2000-ത്തിൽ പുനപ്രസിദ്ധീകരണം ചെയ്ത വാർത്ത നമുക്ക് പിന്നീട് ലഭിച്ചു.

## രാഘവൻ നായരുടെ പരിഭാഷ

കേരളക്കരയിൽ 1911-ൽ ഒരു ഹിന്ദു കുടുംബത്തിലാണ് രാഘവൻ നായർ ജനിച്ചത്. സാഹിത്യങ്ങൾ, ഏതുതരം ചിന്തകൾ പേറുന്നതായാലും എല്ലാം അറിയണമെന്ന അന്വേഷണ തൃഷ്ണയുള്ള സാഹിത്യപടുവാണ് അദ്ദേഹം.

ഗവേഷകന്മാർ പറയുന്നു: രാഘവൻ നായർ ആദ്യമായി ബൈബിൾ പഠനത്തിനാണ് ചടഞ്ഞിരുന്നത്. അതിനെ തുടർന്ന് 'ക്രൈസ്തവ ദർശനം' രചിക്കുകയും 1972-ൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. പിന്നീട് വിശുദ്ധ ക്വുർആൻ പരിഭാഷയുടെ ഒരു കോപ്പി തന്റെ ലൈബ്രറിയിലേക്ക് കൊണ്ടുവരികയും അതിമാനുഷികമായ വിശുദ്ധ വചനങ്ങളുടെ വൈജ്ഞാനികവും സാഹിതീയവും ഭാഷാപരവുമായ അമാനുഷികതകളിലും സാഹിത്യഭംഗിയിലും ആകൃഷ്ടനാവുകയും ചെയ്തു. ഈ മഹൽ ഗ്രന്ഥത്തിന് തന്നാലാവുന്ന സേവനം ചെയ്യാൻ തന്നെ അദ്ദേഹം തീരുമാനിച്ചു.

തുടക്കത്തിൽ ചില വിഭാഗങ്ങളെ അൽപം പേടിയുണ്ടായിരുന്നു. അതിനാൽ തന്റെ ശ്രമം രഹസ്യമായി തുട

ങ്ങി. പിന്നീട് വാർത്തകൾ പരക്കുകയും അതോടെ ഈ എഴുത്തുകാരന്റെ മികവുറ്റ കഴിവിൽ അത്ഭുതംകൂറുന്ന, സാഹിത്യരംഗത്തും ചിന്താമേഘലകളിലും കാരണവന്മാരായ ആളുകളെ, തന്നെ തുണക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നവരായി അദ്ദേഹം കണ്ടെത്തി. അവർ അദ്ദേഹത്തെ തന്റെ പ്രവർത്തനം പൂർത്തീകരിക്കാനും പുറത്തിറക്കാനും സഹായിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്തു. അങ്ങിനെ തന്റെ വശ്യസുന്ദരമായ സാഹിത്യശൈലിയിൽ വിശുദ്ധ ക്വുർആൻ വിവർത്തനകാവ്യരൂപം തയ്യാറാക്കി. മറ്റൊരു ഹൈന്ദവ സാഹിത്യകാരൻ പി.കെ. നാരായണപിള്ള അത് പരിശോധന നടത്തി. തുടക്കത്തിൽ പ്രസ്തുത കാവ്യ പരിഭാഷ പ്രസിദ്ധീകരിക്കുന്നതിൽ പ്രയാസം കണ്ടെങ്കിലും പിന്നീട് കോഴിക്കോട്ടെ ഇസ്ലാമിക് പബ്ളിഷിംഗ് ഹൗസിന്റെ സമ്മതത്തോടെ പ്രസാധനം നടക്കുകയുണ്ടായി. കാവ്യ വിവർത്തനത്തിൽ നിന്നുള്ള വിരാമം 1983-ൽ ആയിരുന്നു.

രാഘവൻ നായരുടെ ഈ പരിഭാഷയും മുമ്പ് വിവരിച്ച കോന്നിയൂരിന്റെ പരിഭാഷയെപ്പോലെതന്നെ സാഹിതീയ ഭാഷയിലാണ് രചിക്കപ്പെട്ടത്. പരിഭാഷകൻ ഇതുവരേയും ഹിന്ദുമതവിശ്വാസിയായി തുടരുകയാണ്. പരിഭാഷപ്പെടുത്തുന്ന കാലയളവിൽ വിശുദ്ധ ക്വുർആനിന്റെ ചൈതന്യവും പരിശുദ്ധിയും അദ്ദേഹം കാത്തുസൂക്ഷിച്ചിട്ടുണ്ട്. പല മുസ്ലിം നാമധാരികളായ പരിഭാഷകരും ചെയ്തതുപോലെ അദ്ദേഹവും കോന്നിയൂരും എന്തെങ്കിലും വ്യാഖ്യാന കസർത്തോ കോട്ടിമാട്ടലുകളോ നടത്താൻ ധൈര്യപെട്ടിട്ടില്ല.

ഉപരിസൂചിത രണ്ടു കാവ്യപരിഭാഷകളെക്കുറിച്ചും അതിന്റെ ശരിയെത്ര? വായനായോഗ്യമാണോ? ഉപകാരപ്രദമാണോ? എന്നിത്യാദി പ്രശ്നങ്ങൾക്ക് വിധി പറയാൻ ഞാൻ നേരിട്ട്

അത് കണ്ടിട്ടില്ല. അവയെക്കുറിച്ചുള്ള എൻെറ പഠനം ചില വിശ്വസ്തരായ മുസ്‌ലിം ഗവേഷകർ നടത്തിയ പഠനത്തിൽ അധിഷ്ഠിതമാണ്. ഡോക്ടർ മുഹമ്മദ് ബഷീർ മലബാരിയും അദ്ദേഹത്തിൻെറ പഠനവും അതിൽപ്പെട്ടതാണ്.[1]

## 7. സലഫികളുടെ പരിഭാഷകൾ

സലഫികൾ[2]ക്ക് കേരളക്കരയിൽ ധാരാളം പരിഭാഷകളുണ്ട്. സലഫികൾ തങ്ങളുടെ പരിഭാഷകളിൽ സലഫുകളുടെ മാർഗ്ഗം അവലംഭിക്കുകയും ശിർക്കിൻേറയും ബിദ്അത്തിൻേറയും വഴികേടിൻേറയും തന്നിഷ്ടം പിൻപ്പറ്റുന്നതിൻേറയും വാക്താക്കളോട് സന്ധിയില്ലാസമരം ചെയ്യുകയും ചെയ്യുന്നു.

കേരളത്തിൽ അങ്ങോളമിങ്ങോളം സലഫീ ദഅ്‌വത്തിന് വലിയ സ്വാധീനവും ശക്തമായ ആവേശവുമുണ്ട്. സൗദിയിലെ വിവിധ സർവ്വകലാശാലകളിൽനിന്ന് ഇസ്‌ലാമിക

---

[1] ഡോ. മുഹമ്മദ് ബശീർ, ദിറാസത്തുൻ നഖ്ദിയ്യതുൻ അനി തർജ്ജമാത്തിൽ ക്വുർആനിയ്യ. പേ : 144 - 145

[2] സലഫികൾ ഇസ്‌ലാമിൻെറ അഖീദയിലേക്കും അഖീദയുടെ തെളിഞ്ഞ അടിസ്ഥാനങ്ങളിലേക്കും തിരിച്ചു പോകാൻ ദഅ്‌വത്ത് നടത്തുന്നവരാണ്. ശിർക്കിൻെറ നാനോന്മുഖങ്ങൾ അള്ളിപ്പിടിച്ച തൗഹീദിനെ കുറിച്ചുള്ള ധാരണ നന്നാക്കാൻ അക്ഷീണ അവിശ്രമ പരിശ്രമം നടത്തുന്നവരാണ് അവർ. വിശുദ്ധ ക്വുർആനും തിരുസുന്നത്തും മുറുകെപ്പിടിക്കാനും അവർ ആളുകളെ ക്ഷണിക്കുന്നു. (മാനിഉൽ ജുഹനി, അൽ മൗസൂഅ അൽ മുയസ്സറ 1 :164)

വിജ്ഞാനങ്ങൾ നേടുകയും ഉപരിപഠന സർട്ടിഫിക്കറ്റുകൾ കരഗതമാക്കുകയും ചെയ്ത പ്രമുഖരും കേരളത്തിലെ സലഫീ സംഘടനയിൽപ്പെട്ട നിപുണരായ പണ്ഡിതരാണ്. ശൈഖ് ഉമർ മൗലവി(റ), സഅദുദ്ദീൻ അഹമ്മദ് മൗലവി(റ), ശൈഖ് അബ്ദുസ്സമദ് അൽകാതിബ് പോലുള്ളവർ അവരിൽ ചിലരാണ്.

മലയാള ഭാഷയിലേക്കുള്ള ഭാഷാന്തരീകരണത്തിലൂടെ പരിഭാഷകൾ തയ്യാറാക്കിയത് സലഫീ പണ്ഡിതരുടെ സേവനങ്ങളിൽ പെട്ടതാണ്. ഈ ഗവേഷണ പഠനത്തിന്റെ ആരംഭത്തിൽ ഉമർ അഹ്മദ് മൗലവിയുടെ പരിഭാഷയെ കുറിച്ച് ഞാൻ സൂചിപ്പിച്ചിരുന്നു. ഈ പഠനം ഞാൻ അവസാനിപ്പിക്കുന്നത് സലഫുകളുടെ മാർഗ്ഗമവലംഭിച്ച്, അഹ്ലുസുന്നത്തിന്റെ വഴിയേ ചലിച്ച് നിലവിലെ ഏറ്റവും നല്ല പരിഭാഷയും വിവരണവും തെരെഞ്ഞെടുത്താണ്.

## ഒരു മാതൃകാവിവർത്തനം, വിവരണവും

തർജ്ജമക്കുള്ള കവാടം തുറക്കപ്പെടുകയും വിധ്വംസക ചിന്തകൾ പേറുന്നവർ പരിഭാഷകളിലൂടെ തങ്ങളുടെ വിഷയം ബീജം കുത്തിവെക്കുകയും ചിന്തകൾ ചിതറുകയും, സംഹാരാത്മക പ്രത്യയ ശാസ്ത്രങ്ങൾ ആൺ-പെൺ ഭേദമന്യേ മുസ്ലിം അണികളിലും മനസ്സുകളിലും നുഴഞ്ഞ് കയറുകയും ചെയ്തപ്പോൾ കേരളക്കരയിലെ ഒരു സംഘം സത്യത്തിന്റെ നെടുംതൂണുകൾ വിവരണത്തോടൊപ്പം ഒരു വിശുദ്ധക്വുർആൻ അശയ വിവർത്തനത്തിന് ഉൺമ പകരുന്നതിന്റെ അനിവാര്യത കണ്ടറിഞ്ഞു. പ്രമാണങ്ങൾകൊണ്ടും ലക്ഷ്യങ്ങൾകൊണ്ടും സത്യത്തിന്റെ വാക്താക്കളുടെ മാർഗ്ഗം തുറന്ന് കാട്ടുകയും വ്യതിചലിച്ചവരുടേയും കുഴപ്പക്കാരു

ടേയും മാർഗ്ഗത്തിന്നെതിരിൽ മുന്നറിയിപ്പ് നൽകുകയും ചെയ്യുകവഴി, സത്യത്തിനും അസത്യത്തിനും ഇടയിൽ ഒരു വിധികർത്താവിൻെറ സ്ഥാനമലങ്കരിക്കുന്നതിനുവേണ്ടിയായിരുന്നു പ്രസ്തുത തർജ്ജമ.

പ്രസ്തുത സുരക്ഷിത ചിന്തകളുടെ സാരഥികൾ:

1. ശൈഖ് മുഹമ്മദുൽ കാത്വിബ് (കെ.എം. മൗലവി)
2. ശൈഖ് അലവി മൗലവി (എ. അലവി മൗലവി എടവണ്ണ)
3. ശൈഖ് മൂസ മൗലവി
4. ശൈഖ് മുഹമ്മദ് അമാനി മൗലവി

കെ.എം. മൗലവി(റ) മദീനാ ഇസ്ലാമിക് യൂണിവേഴ്സിറ്റിയിൽനിന്ന് പെൻഷനായി സ്ഥാനമൊഴിഞ്ഞ അബ്ദുസ്സമദ് മൗലവിയുടെ പിതാവാണ്.

പരിഭാഷകരെ പ്രോത്സാഹിപ്പിച്ചും അവർക്കൊപ്പം നിന്നും അവർക്കാവശ്യമായ ഗ്രന്ഥങ്ങളും നിർല്ലോഭസഹായങ്ങളുമെത്തിച്ചും തൻെറ വിലപ്പെട്ട ഉപദേശ നിർദ്ദേശങ്ങൾ നൽകിയും ഈ പരിഭാഷയൊരുക്കുന്നതിൽ കെ.എം. മൗലവി നിർമ്മാണാത്മക പങ്ക് നിർവ്വഹിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ മേൽനോട്ടത്തിൽ പരിഭാഷകർ വിശുദ്ധ ക്വുർആനിൻെറ രണ്ടാം പകുതിയുടെ തർജ്ജമ 1962 ഡിസംബർ മാസത്തിൽ ആറ് വാള്യങ്ങളിലായി പൂർത്തിയാക്കുകയും ചെയ്തു.

അല്ലാഹുവേ സ്തുതികൾ അഖിലവും നിനക്ക് മാത്രം.

പരിഭാഷ പണിപ്പുരയിലായിരിക്കെ ശൈഖ് മൂസാ മൗലവി(റ) രോഗഗ്രസ്തനാവുകയും മറ്റുള്ളവരോടൊപ്പം തുട

രാനാവാതെ ഒഴികഴിവ് പറഞ്ഞ് ഒഴിഞ്ഞു നിൽക്കയും ചെയ്തു. കെ.എം. മൗലവി(റ) 1964-ലും അലവി മൗലവി(റ) 1976-ലും മരണപ്പെടുകയുമുണ്ടായി.

തർജ്ജമ പൂർത്തിയാക്കാൻ പിന്നീട് അവശേഷിച്ചത് ശൈഖ് മുഹമ്മദ് അമാനി മൗലവി(റ) മാത്രമായിരുന്നു. തങ്ങൾ തുടങ്ങിവെച്ച മാർഗ്ഗേണ അദ്ദേഹം തൻെറ പ്രയാണം തുടരുകയും വിശുദ്ധ ക്വുർആനിൻെറ ഒന്നാം പകുതിയുടെ വിവർത്തനം 1979ൽ തുടങ്ങി 1985-ൽ പൂർത്തീകരിക്കുകയും ചെയ്തു. അതോടെ ഇരുപത്തിയഞ്ച് വർഷക്കാലം കൊണ്ട് ഈ മഹൽ സംരംഭം പൂർത്തീകരിക്കപ്പെട്ടു. ഉപരിയിൽനിന്നുള്ള ഔദാര്യം അതൊന്നു മാത്രമാണ് കെട്ടിലും മട്ടിലും മഹത്തായ ഇത്തരമൊരു പരിഭാഷ പുറത്തിറങ്ങാനുള്ള സ്രോതസ്സ്. പിന്നെ ശൈഖ് മുഹമ്മദ് അമാനി മൗലവി (റ) യുടെ മഹിമയാർന്ന ശ്രേഷ്ടതയും. ഇത്തരമൊരു പരിഭാഷക്ക് കേരളക്കര ഇന്നേവരെ സാക്ഷ്യം വഹിച്ചിട്ടില്ല. പ്രസ്തുത തർജ്ജമ അമാനി മൗലവിയുടെ പരിഭാഷ എന്ന പേരിലാണ് പിന്നീട് പ്രസിദ്ധമായത്.

## വ്യതിരക്തമായ വിവർത്തനം, ഫലപ്രദമായ വിവരണവും.

അമാനി മൗലവിയുടെ തർജ്ജമയിൽ ഇതര പരിഭാഷകൾ ഉൾകൊള്ളാത്ത ധാരാളം മേന്മകൾ അല്ലാഹുവിൻെറ അനുഗ്രഹത്താൽ ഉൾകൊണ്ടിട്ടുണ്ട്. അവ താഴെ സാംക്ഷീകരിക്കാം.

1. എല്ലാ സൂറത്തുകളുടെ തുടക്കത്തിലും ആ സൂറത്തുകളുടെ ഉള്ളടക്കം ചുരുക്കി നൽകപ്പെട്ടിട്ടുണ്ട്.

2. സൂറത്തുകൾക്ക് വല്ല ശ്രേഷ്ടതയും ഹദീഥുകളിൽ വന്നിട്ടുണ്ടെങ്കിൽ അവ എടുത്തുദ്ധരിക്കപ്പെട്ടിട്ടുണ്ട്.
3. സസൂക്ഷ്മവും സരളവുമായ വിവർത്തനം.
4. ഒറ്റവാക്കുകളുടെ ആശയാർത്ഥങ്ങൾ അടിക്കുറിപ്പുകളിൽ നൽകപ്പെട്ടിട്ടുണ്ട്.
5. അവലംഭയോഗ്യമായ തഫ്സീറുകൾ ഉദ്ധരിച്ച് വിശദമായ വ്യാഖ്യാനം.
6. ആയത്തുകളുമായി ബന്ധമുള്ളതും അവയെ വിശദീകരിക്കുന്നതുമായ ഹദീഥുകൾ നൽകപ്പെട്ടിട്ടുണ്ട്.
7. ആയത്തുകൾ വല്ല ചരിത്രസംഭവങ്ങളിലേക്കും വിരൽ ചൂണ്ടുന്നുവെങ്കിൽ അത് പൂർണ്ണമായും അവലംഭയോഗ്യമായ ഗ്രന്ഥങ്ങളിൽനിന്ന് ഉദ്ധരിച്ചിട്ടുണ്ട്.
8. ബൈബിൾ കെട്ടുകഥകളിൽനിന്നും ദുർബല ഹദീഥുകളിൽനിന്നും തഫ്സീറിനെ മുക്തമാക്കാനുള്ള തികഞ്ഞ ശ്രദ്ധ.
9. വായനക്കാരന് സൗകര്യപ്രദമാകുംവിധം വിശദമായ വിഷയ സൂചിക എല്ലാ വാള്യങ്ങൾക്കും നൽകപ്പെട്ടിട്ടുണ്ട്.
10. അവതരണ പശ്ചാത്തല സംഭവം, നാസിഖും മൻസൂഖും (മുമ്പ് സ്ഥിരപ്പെട്ട വിധിയെ പിന്നീട് ദുർബലപ്പെടുത്തുമ്പോൾ ദുർബലപ്പെടുത്തിയ വചനവും ദുർബലപ്പെടുത്തപ്പെട്ട വചനവും) കർമ്മശാസ്ത്ര വീക്ഷണങ്ങളും എടുത്തുദ്ധരിക്കുന്നതിലുള്ള മുഴുശ്രദ്ധ.

**വ്യതിചലിച്ച അഭിപ്രായങ്ങളോടുള്ള ഈ പരിഭാഷയുടെ നിലപാട്.**

അധിക്ഷേപാർഹമായ വ്യാഖ്യാനങ്ങളും വ്യതിചലിച്ച ചിന്തകളും നിറഞ്ഞ കേരളത്തിലെ ചില തർജ്ജമകളെക്കുറിച്ച് നാം സൂചിപ്പിച്ചു കഴിഞ്ഞു. പ്രസ്തുത പരിഭാഷകൾ വ്യക്തികളിലേക്കോ സംഘടനകളിലേക്കോ ചേർക്കപ്പെടട്ടേ; അമാനി മൗലവിയുടെ പരിഭാഷ ഇത്തരം പിഴച്ച ചിന്തകൾക്ക് ചുട്ട മറുപടി നൽകുന്നതിൽ ധീരമായ നിലപാടാണ് സ്വീകരിച്ചത്. ഒപ്പം വിശുദ്ധ ക്വുർആനിലും സുന്നത്തിലും സ്ഥിരപ്പെട്ട തെളിവുകളും പ്രമാണങ്ങളും സ്ഥാപിച്ചുകൊണ്ട് സത്യം പുലർത്തിക്കാണിക്കാനും അസത്യം അസാധുവാക്കാനും മഹാപരിശ്രമമാണ് നടത്തിയത്. അപ്രകാരം തന്നെ ശൈഖ് മുഹമ്മദ് അമാനി മൗലവിയും കൂട്ടുകാരും അഖ്ലാനികൾക്കും ഖാദിയാനികൾക്കും അഹ്ലുൽ ക്വുർആനി[1]ന്റെ ആളുകൾക്കും, അവർ തങ്ങളുടെ വിഷബീജങ്ങൾ കുത്തിവെക്കാനും പിഴച്ച ചിന്തകൾ പ്രചരിപ്പിക്കാനും ശ്രമിച്ച സ്ഥലങ്ങളിലെല്ലാം അവർക്കു മറുപടി നൽകാൻ പരിഭാഷയിൽ ശ്രദ്ധിച്ചിട്ടുണ്ട്. അതിനാൽ പ്രസ്തുത തർജ്ജമ കേവലമൊരു പരിഭാഷ മാത്രമല്ല, പ്രത്യുത നിവേദകശാസ്ത്രവും

---

[1] തീർത്തും സുന്നത്ത് നിഷേധികളാണ് "അഹ്ലുൽ ക്വുർആനി" ന്റെ ആളുകൾ. ക്വുർആനിൽ നിന്ന് എന്താണോ തങ്ങൾക്ക് ഗ്രാഹ്യമായത് അതുകൊണ്ട് മാത്രം അവർ അല്ലാഹുവിനെ ആരാധിക്കുന്നു. ഇന്ത്യയിലും പാകിസ്ഥാനിലും ഒന്നര നൂറ്റാണ്ട് കാലമായി വ്യാപിച്ചു കിടക്കുന്നു അവർ. അവർക്ക് ബ്രിട്ടനിലും സ്വാധീനമുണ്ട്. (ഡോ. മഹ്മൂദ് മസ്റൂഅ, ശുബ്ഹാത്തുൽ ക്വുർആനിയ്യീൻ പേജ് : 45 )

വൈജ്ഞാനികനിരൂപണവുമടങ്ങിയ ഒരു വിവരണ ഗ്രന്ഥം കൂടിയാണ്.

ഈ സത്വര വിഹാരത്തിന് ശേഷം ഇതത്രെ ഏറ്റവും നല്ല തർജ്ജമ എന്ന് നമുക്ക് വിധി പറയാനാകും. മാത്ര മല്ല ഇന്നേവരെ മലയാളത്തിലേക്ക് ഭാഷാന്തരീകരണം നിർവ്വഹിക്കപ്പെട്ട ഏറ്റവും നല്ല വിശുദ്ധ ക്വുർആൻ വിവരണവുമാണിത്. വിശിഷ്യാ, അക്വീദയുടെ വീക്ഷണകോണിലൂടെ നാം അതിലേക്ക് നോക്കിയാലും വീക്ഷണങ്ങളും മാർഗ്ഗവും സുരക്ഷിതമാകാനുള്ള അതിൻെറ മുഴുശ്രദ്ധയുടെ കോണിലൂടെ നോക്കിയാലും.

ഈ തർജ്ജമ തയ്യാറാക്കുന്നതിൽ വിവർത്തകർ തഫ്സീർ ത്വബ്രി, തഫ്സീർ ഇബ്നു കഥീർ, ക്വുർത്വുബി പോലുള്ള അവലംഭയോഗ്യമായ തഫ്സീറുകളെയാണ് ആശ്രയിച്ചിരിക്കുന്നത്. കൂടാതെ സ്വഹീഹുൽ ബുഖാരി, സ്വഹീഹ് മുസ്ലിം, സുനനു അബീദാവൂദ്, സുനനുന്നിസാഇ, സുനനുത്തിർമിദി, സുനനു ഇബ്നി മാജ, മുസ്നദുൽ ഇമാം അഹ്മദ്, ഇമാം മാലിക്കിൻെറ മുവത്വ,, സുനനുദ്ദാരിമി തുടങ്ങിയ അവലംഭയോഗ്യമായ ഹദീഥ് ഗ്രന്ഥങ്ങളേയുമാണ് അവർ ആശ്രയിച്ചിരിക്കുന്നത്.

യഥാർത്ഥത്തിൽ മലയാളികളുടെ ഇസ്ലാമിക ഗ്രന്ഥ ശേഖരത്തിൽ ഒരു വലിയ വിടവ് ഈ തർജ്ജമ നികത്തി, അതിലൊട്ടും അതിശയോക്തിയില്ല. പ്രസ്തുത തർജ്ജമക്കുപയോഗിച്ച ഭാഷയാകട്ടെ തീർത്തും കാലികവും സുഗമവും ലളിതവുമാണെന്നത് ഇതോടൊപ്പം കൂട്ടി വായിക്കേണ്ടതുണ്ട്.

## തർജ്ജമയുടെ രംഗത്ത് വിസ്മയകരമായൊരു വികാസം

യു.എ.ഇ ഇന്ത്യൻ ഇസ്വ്ലാഹീ സെൻറർ ഓഡിയോ കാസറ്റുകളിലൂടെ വിശുദ്ധ ക്വുർആൻ സമ്പൂർണ്ണ ആശയ വിവർത്തനത്തിന് ശബ്ദം നൽകാൻ തീരുമാനിച്ചതോടെ വിവർത്തന രംഗത്ത് വിസ്മൃതവും വിശാലവുമായ വികാസമാണ് സംഭവിച്ചത്. ഇസ്വ്ലാഹീ സെൻറർ പ്രവർത്തകർ കേരള സലഫി പണ്ഡിതരോട് വിഷയങ്ങൾ കൂടിയാലോചിക്കുകയും ഈ മഹൽകർമ്മത്തിന്, മുകളിൽ നാം വിവരിച്ച ശൈഖ് അമാനി മൗലവിയുടെ പരിഭാഷയാവണം അവലംഭിക്കേണ്ടതെന്ന നിബന്ധനയോടെ പണ്ഢിതർ അതിന് സമ്മതം മൂളുകയും ചെയ്തു. അതോടെ പണ്ഡിതരായ ശൈഖ് ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയും ശൈഖ് കുഞ്ഞി മുഹമ്മദ് പറപ്പൂർ മദനിയും അമാനി മൗലവിയുടെ വിശുദ്ധ ക്വുർആൻ വിവരണത്തെ സാംക്ഷീകരിക്കാനും അതിലൂടെ ഒരു വിവർത്തന സംഗ്രഹം തയ്യാറാക്കാനും ഏൽപിക്കപ്പെട്ടു. യു.എ.ഇ. ഇസ്വ്ലാഹീ സെൻറർ ക്യാസറ്റുകളിലേക്ക് റിക്കോർഡാക്കുന്നതിനു വേണ്ടിയും, അതോടെ മലയാളികളുടെ ഓഡിയോ ലൈബ്രറികളിൽ മലയാള ഭാഷയിൽ വിശുദ്ധ ക്വുർആൻ സമ്പൂർണ്ണ ആശയവിവർത്തനത്തിൻെറ ഏക ഓഡിയോകാസറ്റ് സെറ്റ് സ്ഥാനം നേടാനുമായിരുന്നു പ്രസ്തുത സംക്ഷേപം. അല്ലാഹുവിൻെറ അനുഗ്രഹത്താൽ അവർ ഈ ഉദ്യമത്തിൽ പ്രകടമായ വിജയമാണ് നേടിയത്. കാരണം പ്രസ്തുത തർജ്ജമയുടെ പരശ്ശതം കോപ്പികളാണ് സൗദിഅറേബ്യയിലും ഗൾഫ് നാടുകളിലും ഇന്ത്യയിലും ചുരുങ്ങിയ സമയംകൊണ്ട് പ്രചുരപ്രചാരം നേടിയത്. 1987ലായിരുന്നു പ്രസ്തുത കാസറ്റ് സെറ്റിൻെറ പ്രചാരണ തുടക്കം.

## വാമൊഴിയിൽ നിന്ന് വരമൊഴിയിലേക്ക്.

ഉപരിസൂചിത ഓഡിയോ കാസറ്റ് സെറ്റിനുണ്ടായ ഉപഭോക്താക്കളുടെ വർദ്ധനവും മലയാളികളുടെ കുതിച്ചുകയറ്റവും കാരണത്താൽ, ശ്രേഷ്ഠരായ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയും കുഞ്ഞുമുഹമ്മദ് മദനി പറപ്പൂരും അത് ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന്ന് തയ്യാറാക്കാൻ തിരക്ക് പിടിച്ചു പണി ചെയ്തു. സസൂക്ഷ്മം അവർ അത് പരിശോധിച്ചു. ശൈഖ്. കെ.പി. മുഹമ്മദ് മൗലവി അതിന്റെ അവസാനത്തെ സംശോധന നിർവ്വഹിക്കുകയും 1990-ൽ അതിന്റെ പ്രഥമ പ്രസിദ്ധീകരണം കേരളത്തിൽ പുറത്തിറങ്ങുകയും ചെയ്തു.

## മലിക് ഫഹ്ദ് ക്വുർആൻ പ്രിൻറിംഗ് പ്രസ്സ് കോംപ്ളക്സിന്റെ ഏറ്റവും നല്ല തീരുമാനം.

പൂർണ്ണ അഭിമാനത്തോടെയും മുഴുസന്തോഷത്തോടെയും ഇവിടെ പ്രസ്താവയോഗ്യമായ വിഷയമാണ്, മുകൾ വിവരിച്ച പ്രസ്തുത തർജ്ജമക്കത്രെ വിശുദ്ധ മദീനയിലെ മലിക് ഫഹ്ദ് ക്വുർആൻ പ്രിൻറിംഗ് പ്രസ്സ് കോംപ്ളക്സിൽ നിന്ന് പ്രസിദ്ധീകരിക്കാനുള്ള തീരുമാനം ലഭിച്ചത്. അതോടെ പ്രസ്തുത ഗ്രന്ഥം സൗദി ഭരണാധികാരി ഫഹ്ദ് രാജാവിന്റെ(അദ്ദേഹത്തെ അല്ലാഹു കാക്കുമാറാകട്ടെ) ഒരു മഹാ പദ്ധതിയിൽ ഉൾപ്പെട്ടു. അഥവാ പൗരസ്ത്യ-പശ്ചിമ ദേശങ്ങളിലെ വിവിധ ലോക ഭാഷകളിലേക്ക് വിശുദ്ധ ക്വുർആൻ പരിഭാഷപ്പെടുത്തി അതു പ്രസിദ്ധീകരിച്ചുകൊണ്ട് വിശുദ്ധ ക്വുർആനിന് സേവനം ചെയ്യാനായിരുന്നു പ്രസ്തുത പദ്ധതി.

പ്രസ്തുത തർജ്ജമ ക്വുർആൻ പ്രിൻറിംഗ് പ്രസ്സ് കോംപ്ളക്സ് ചുമതലപ്പെടുത്തിയതിനാൽ, ഞാനാണ് പുനഃപ്പരിശോധന നടത്തിയത്. അതാകട്ടെ സരളമായ ശൈലിയും സൂക്ഷ്മമായ ആഖ്യാനവും വിശ്വാസപരമായ തെറ്റുകളിൽനിന്ന് സുരക്ഷിതവുമാണെന്ന് എനിക്ക് കണ്ടെത്താൻ സാധിച്ചു.

സൗദീ അറേബ്യക്കകത്തും പുറത്തുമുള്ള ജനങ്ങളുടെ അത്യാവശ്യം പരിഗണിച്ച് വിശുദ്ധ ക്വുർആൻ പ്രിൻറിംഗ് കോംപ്ളക്സിൽ നാലു തവണ തർജ്ജമ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മലിക് ഫഹ്ദ് ക്വുർആൻ പ്രിൻറിംഗ് കോംപ്ളക്സ് എന്ന ഇസ്ലാമിക മഹൽ സൗധത്തിൻെറ നടത്തിപ്പുകാർക്ക് അല്ലാഹു ഉത്തമമായ പ്രതിഫലം പ്രദാനം ചെയ്യട്ടെ. അവർക്ക് പുണ്യവും ഉതവിയും വർദ്ധിപ്പിക്കട്ടെ.

മുഹമ്മദ് നബി(സ)യിലും കുടുംബത്തിലും കൂട്ടുകാരിലും നിൻെറ കരുണ കനിയേണമേ.

അല്ലാഹുവേ സ്തുതികൾ സകലതും നിനക്കു മാത്രം......

# സമാപനം

## കണ്ടെത്തലുകൾ, ഫലങ്ങൾ

വിശുദ്ധ ക്വുർആൻ പരിഭാഷകളുടെ പരിണാമത്തിൽ പങ്ക് വഹിച്ച മലയാളക്കരയുടെ വൈജ്ഞാനിക ചലനങ്ങളിൽ പ്രസിദ്ധമായതത്രെ ഇപ്പറയപ്പെട്ടത്; ഈ രംഗത്ത് കേരളീയരുടെ പങ്കാളിത്തവും. എല്ലാവരും തങ്ങളുടെ ദാർശനികവും ചിന്താപരവുമായ ഗതിയും വൈജ്ഞാനികമായ ശേഷിയും ഭാഷാപരവും സാഹിതീയവുമായ നൈപുണ്യവും അനുസരിച്ചാണ് ഗമിച്ചത്. തങ്ങളുടെ ചിന്താധാരകൾക്കും ദാർശനിക സരണികൾക്കും വിധേയമാക്കിയാണ് തങ്ങളുടെ വിവരണം അവർ തയ്യാർ ചെയ്തത്.

വിശ്വാസം നേരെ ചൊവ്വെയുള്ള വിവർത്തകർ സലഫുസ്സ്വാലിഹീങ്ങളുടെ മാർഗ്ഗത്തിൽ വളവും വക്രതയുമില്ലാതെ പ്രവേശിക്കാൻ ശ്രമിക്കുന്നത് നാം കണ്ടു. സന്തുലിതനായ ഒരു വ്യാഖ്യാതാവും മുസ്‌ലിമായ പരിഭാഷകനും സ്വീകരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യേണ്ട കാലടിപ്പാടുകളിലൂടെ അവർ ചലിക്കുന്നതും നാം കണ്ടു.

എന്നാൽ ദേഹേച്ഛക്കൊത്ത് സഞ്ചരിച്ച പരിഭാഷകർ തങ്ങളുടെ വ്യാഖ്യാനങ്ങളിലും മാർഗ്ഗങ്ങളിലും സത്യത്തെ ദൂരെ നിറുത്തിയതും നാം കണ്ടു. കാരണം അത്തരക്കാർ പരിഭാഷകൾക്കുള്ള തങ്ങളുടെ അവലംഭം തങ്ങളുടെ ദേഹേച്ഛ ഏതൊന്നിലേക്ക് ചായുന്നുവോ അതാക്കി മാറ്റി. ഖാദിയാനികളുടേയും മറ്റു പിഴച്ച കക്ഷികളുടേയും പരിഭാഷകളിൽ അതാണ് നമുക്ക് വ്യക്തമായത്.

ഇത്തരത്തിലുള്ള മിക്ക വിവർത്തകരും പൂർവ്വികരുടെ മാർഗ്ഗത്തെ കുറിച്ചുള്ള അവരുടെ അജ്ഞത നിമിത്തവും ഋജുവായ വിശ്വാസത്തിൽ അവർക്ക് പ്രാവീണ്യമില്ലാത്തതിനാലും ശരിയായ ഭാഷയിൽ പറഞ്ഞാൽ ഒരു പരിഭാഷകൻെറ നിബന്ധനകൾ തങ്ങളിൽ ശൂന്യമായതിനാലും വ്യതിയാന ചുഴിയിൽ അവർ ആവോളം ആപതിച്ചതായി നാം കണ്ടു.

അവരിൽ ചിലർ അല്ലാഹുവിൻെറ ഗ്രന്ഥത്തെ തങ്ങൾക്ക് യഥേഷ്ടം പുറംകയറാനും ദുരുപയോഗപ്പെടുത്താനുമുള്ള ചവിട്ടുപടിയായും തങ്ങളുടെ സാഹിതീയ നൈപുണ്യം പയറ്റിത്തെളിയാനുള്ള ഉപകരണമായും കണ്ടു. അവർ നന്നായി ഇരുട്ടിൽ തപ്പി ഫലമോ ഭൂരിപക്ഷ മുസ്‌ലിം സമുദായവും വഴികേടിൽ നിപതിക്കാൻ അവർ കാരണക്കാരായി.

കേരളീയർ പിഴച്ച ചിന്താഗതികളുടേയും അഭിപ്രായങ്ങളുടേയും മഹാപ്രവാഹങ്ങളെയാണ് അഭിമുഖീകരിക്കുന്നതെന്ന് നമുക്ക് ചില വ്യതിചലിച്ച പരിഭാഷകൾ മുഖവിലക്കെടുത്ത് പ്രദിപാതിക്കവെ മനസ്സിലായി. പരിഭാഷകൾ വായിക്കുന്നതോടെ സംഭൂതമാകുന്ന ഈ നാശഹേതുവായ പ്രവാഹങ്ങളുടെ ആധിക്യത്തിലും വ്യതിചലിച്ച ഗ്രൂപ്പുകളുടെ മഹാകൂട്ടങ്ങൾക്ക് മുമ്പിലും ധാരാളം മുസ്‌ലിംകൾ കൊള്ളേണ്ടതെന്ത്?, തള്ളേണ്ടതെന്ത്?, സത്യമേത്?, അസത്യമേത്? എന്നറിയാത്ത പരുവത്തിൽ ചിന്തകൾ താറുമാറായും പരിഭ്രാന്തരായും നിൽക്കുന്നു. എന്നാൽ രൂഢമൂലമായ ഇസ്‌ലാമിക വിശ്വാസവും ആഴത്തിൽ വേരൂന്നിയ ഇസ്‌ലാമിക സംസ്കാരവും കൈമുതലാക്കിയ കാര്യദർശിയായ മുസ്‌ലിം, അവനൊരുവന്ന് മാത്രമേ അല്ലാഹുവിൻെറ അനുഗ്രഹത്താൽ സ്വന്തത്തെ ഇത്തരം വിതണ്ഠങ്ങളിൽനിന്ന് രക്ഷിക്കാനാകൂ.

മുകൾചൊല്ലിയ പിഴച്ച ചിന്തകളും അതിന് സമാനമായവയും കേരളീയ മുസ്‌ലിംകൾക്ക് വിദൂരമല്ല. കാരണം ചിരപുരാതന കാലം മുതലേ ഇന്ത്യയിൽ മേൽകോയ്മ നേടിയ മതങ്ങളുടെ ആശയഗതികൾ അടക്കി വാണിട്ടുണ്ട്. കൂടാതെ ഗ്രീക്ക്-ഫ്ളാറ്റോ ഫിലോസഫികളും ബാത്വിനിയാക്കളുടെ സിദ്ധാന്തങ്ങളും ശിയായിസത്തിൻെറ തീവ്രതയും ഇന്ത്യയിൽ വാണരുളിയിട്ടുണ്ട്.

അല്ലാഹുവിൽനിന്നുള്ള അനുഗ്രഹത്താലും ഉദവിയാലും ഇസ്‌ലാം ഒരു വിഭാഗത്തെ രക്ഷപ്പെടുത്തി. ചിലരിൽ, അവർ ഇസ്‌ലാം ആശ്ലേഷിച്ചിട്ടുകൂടി പിതാക്കളിൽനിന്നും പ്രപിതാക്കളിൽനിന്നും അനന്തരമെടുത്ത വ്യതിചലിച്ച ചിന്തകളുടെ ഊറലുകൾ അവശേഷിച്ചു. അവ കയ്യൊഴിയൽ അവർക്ക് പ്രയാസം തന്നെയാണ്. അവർക്കിടയിൽ അടക്കിവാണുകൊണ്ടിരിക്കുന്ന അന്തരീക്ഷം, സത്യം സ്വീകരിക്കുന്നതിൽനിന്ന് അവർക്ക് കൂച്ച് വിലങ്ങ് തീർക്കുകയും ചെയ്യും. അല്ലാഹുവിൽനിന്നുള്ള കാവലുള്ളവരും രൂഢമൂലമായ വിശ്വാസം കൊണ്ടും ഉപകാരപ്രദമായ വിജ്ഞാനംകൊണ്ടും അല്ലാഹു ഹൃദയം തുറന്നവരും ഒഴികെ.

അല്ലാഹുവേ അത്തരക്കാരെ നീ വർദ്ധിപ്പിക്കേണമേ... . . .

## ശുപാർശകൾ, നിർദ്ദേശങ്ങൾ

1. ശരിയായ വിശ്വാസത്തെകുറിച്ചുള്ള വിവരക്കേടാണ് മാർഗ്ഗഭ്രംശം സംഭവിച്ച അധികപേർക്കുമുള്ളതെന്ന് ഈ ഹ്രസ്വപഠനത്തിനിടെ നാം മനസ്സിലാക്കി. അതിനാൽ തന്നെ മലയാളികൾക്ക് വിശേഷിച്ചും അറബി ഭാഷ നന്നായി കൈകാര്യം ചെയ്യാനാവാത്തവർക്ക് പൊതുവിലും

വിശ്വാസവുമായി ബന്ധപ്പെട്ട വചനങ്ങൾക്ക് വിശ്വാസത്തിൻെറ നാനോന്മുഖങ്ങൾ കൈകാര്യം ചെയ്യുന്ന രീതിയിൽ വിശദ പരാമർശമുള്ള ഒരു വിശുദ്ധ ക്വുർആൻ ആശയവിവർത്തനം സമർപ്പിക്കണം എന്ന് ഞാൻ മനസ്സിലാക്കുന്നു. ഒന്നുകിൽ മുകളിൽ പരാമർശിച്ച പ്രധാന ഭാഗം പ്രത്യേകം പരിഗണിക്കുന്ന രീതിയിൽ പുതിയ ഒരു പരിഭാഷ തയ്യാർ ചെയ്യുക, അല്ലെങ്കിൽ മലിക് ഫഹദ് ക്വുർആൻ പ്രിൻറിംഗ് പ്രസ് കോംപ്ളക്സ് പ്രസിദ്ധീകരിച്ച പരിഭാഷയിൽ ആ ഭാഗം ചേർത്തെഴുതുക.

2. ഇൻറർനെറ്റിലൂടെ അറബി ഭാഷ നന്നായി കൈകാര്യം ചെയ്യാത്ത സത്യമറിയാനാഗ്രഹിക്കുന്നവർക്ക് വിശുദ്ധ ക്വുർആൻ എത്തിക്കുന്നതിനുള്ള ഗംഭീര ശ്രമം നടത്തുക. ഈ രംഗത്ത് അത്യാധുനിക മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്തുക.

3. ഒരു പരിഭാഷകനുണ്ടാകേണ്ട നിബന്ധനകൾ ഒത്തുചേർന്നിട്ടില്ലാത്തവർ പുതിയ പരിഭാഷകൾക്ക് പേനയുന്താൻ തുടങ്ങിയാൽ അതിന് തടയിടാൻ ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കുക.

4. അസത്യത്തിൻെറ വാക്താക്കളുടെ പരിഭാഷകൾ കയ്യൊഴിയുക. അതിന്നെതിരിൽ മുന്നറിയിപ്പ് നൽകുക. സാധ്യമായ എല്ലാ മാർഗ്ഗങ്ങളുമുപയോഗിച്ച് അവയുടെ അപകടങ്ങൾ വിവരിച്ച് നൽകുക.

5. വിശുദ്ധ ക്വുർആൻ ആശയ വിവർത്തനങ്ങൾ എല്ലാ മുസ്ലിമിനും ഉപകാരപ്പെടുമാറ് പള്ളികളിലും പാഠശാല

കളിലും പ്രചരിപ്പിക്കാൻ ധർമ്മിഷ്ടരായ ആളുകളെ പ്രോത്സാഹിപ്പിക്കുക.

6. വിശുദ്ധ ക്വുർആനിലെ വിശുദ്ധ വചനങ്ങളുടെ ആശയ വിവർത്തന സംഗ്രഹങ്ങൾ വായിക്കുന്നവർ തങ്ങൾക്കുട ലെടുക്കുന്ന സംശയങ്ങൾ ദൂരീകരിക്കാനും തെറ്റുകളിൽ നിന്ന് അകലാനും പ്രാവീണ്യരായ പണ്ഡിതന്മാരെ സമീ പിച്ച് വിവരം ഉറപ്പ് വരുത്തുക.

7. പരിഭാഷകൾ പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് അറബീഭാഷ യിലും വിവർത്തനം ചെയ്യപ്പെട്ട ഭാഷയിലും കഴിവുറ്റ വി ശ്വസ്തരായ പണ്ഡിതർക്ക് പരിശോധനക്ക് നൽകുക

8. അറിവ് തേടുന്നവർ ആധികാരിക തഫ്സീറുകളിലേക്ക് വിവരം തേടി മടങ്ങുക. അവർ തർജ്ജമകൾ കൊണ്ട് മാത്രം മതിയാക്കാതിരിക്കുക.

9. മുഴു വൈജ്ഞാനിക മണ്ഡലങ്ങളും തങ്ങളുടെ മേഖല കളിലെ മുഴുനിലവാരങ്ങളും അറബിഭാഷ പഠിപ്പിക്കാനും പ്രചരിപ്പിക്കാനുമുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തുക. വരും തലമുറക്ക് വളർച്ചയുടെ തുടക്കത്തിൽ തന്നെ അല്ലാഹു വിൻെറ ഗ്രന്ഥം ഗ്രഹിച്ച് വളരാമല്ലോ.

10. അഖീദയുമായി ബന്ധപ്പെട്ട ആയത്തുകൾ പാഠശാലക ളിൽ പ്രാഥമിക ഘട്ടത്തിൽ തന്നെ ഉപയോഗിക്കുക.

11. വിശുദ്ധ ക്വുർആൻ പഠിപ്പിച്ചും പരിഭാഷകൾ പ്രചരി പ്പിച്ചും വിദ്യാർത്ഥികളുടേയും പ്രബോധകന്മാരുടേയും ചിന്തകളിൽ ശരിയായ വിശ്വാസം നട്ടുവളർത്താൻ ശ്രമി ക്കുക. അതിലൂടെ സത്യത്തിൻെറ വാക്താക്കൾക്ക്

വേണ്ടി പ്രതിരോധിക്കുവാനുള്ള ശിക്ഷണം അവർക്ക് നൽകാനും ശ്രമങ്ങൾ ചിലവഴിക്കുക.

12. അറബീ ഭാഷ നന്നായി പഠിക്കുകയും പാരായണം ചെയ്യുകയും ചെയ്യുന്നവർക്കേ, വിശുദ്ധ ക്വുർആനിന്റെ മാധുര്യവും ചന്തവും അതിമാനുഷികതയും സാഹിതീയ ഭംഗിയും കണ്ടെത്താനാവൂ എന്ന് അറബി ഭാഷ നന്നായി കൈകാര്യം ചെയ്യാത്ത; തർജ്ജമകളെ അവലംഭിക്കുന്നവർ അറിയൽ അനിവാര്യമാണ്.

13. വിശുദ്ധ ക്വുർആൻ കേവലം ഒരു സാഹിത്യ ഗ്രന്ഥമോ ഭാഷാപോഷിണിയോ, ഉദ്ദേശിക്കുന്നവർക്കെല്ലാം തങ്ങളുടെ പരിചയങ്ങൾ പയറ്റി തെളിയാനുള്ള പരീക്ഷണശാലയോ അല്ല. പ്രത്യുത അല്ലാഹുവിൽനിന്നുമുള്ള അതിമാനുഷികമായ വചനങ്ങൾ മാത്രമാകുന്നു അത്. അതിനാൽ തന്നെ അറബി ഭാഷയിലും ഇസ്ലാമിക വിജ്ഞാനീയങ്ങളിലും വിവർത്തനം ചെയ്യപ്പെടുന്ന ഭാഷയിലും സമർത്ഥരായവർ മാത്രമേ തർജ്ജമക്ക് മുന്നിട്ടിറങ്ങാവൂ.

അല്ലാഹു നമ്മെ വിശുദ്ധ ക്വുർആൻ പഠിക്കുന്ന, പഠിപ്പിക്കുന്ന നിശയുടെ നിഗൂഢതയിലും പകലിന്റെ ഓരങ്ങളിലും അത് പാരായണം ചെയ്ത് പ്രാവർത്തികമാക്കുന്ന ആളുകളിൽ ഉൾപ്പെടുത്തുമാറാകട്ടെ; അല്ലാഹുവിന്റെ പ്രത്യേകക്കാരും സ്വന്തക്കാരുമായ അഹ്ലുൽ ക്വുർആനിൽ അല്ലാഹു നമ്മെ ചേർക്കുമാറാകട്ടെ.. അവനത്രെ സസൂക്ഷ്മം കേൾക്കുന്നവൻ, ഉത്തരം ചെയ്യുന്നവനും.

# മലയാളത്തിലെ ഖുർആൻ പരിഭാഷകളുടെ കാലക്രമത്തിലുള്ള സമ്പൂർണ്ണ പട്ടിക.

ഈ പട്ടിക തയ്യാറാക്കുന്നതിൽ തർജ്ജമകൾ വിശുദ്ധ ക്വുർആനിൻെറ സമ്പൂർണ്ണ ആശയ വിവർത്തനമാണോ എന്നതാണ് ശ്രദ്ധിച്ചിട്ടുള്ളത്. ഇവിടെ പരിഭാഷകൻ ഏതൊരു പ്രസ്ഥാനത്തിലേക്ക് ചേർക്കപ്പെട്ടവനാണെന്നോ ഏത് വീക്ഷാഗതിക്കാരനാണെന്നോ പരിഭാഷയിൽ ഉപയോഗിച്ച ലിപിയേതെന്നോ കണക്കിലെടുത്തുകൊണ്ടല്ല. മലയാള ഭാഷയിലുള്ള വിശുദ്ധ ക്വുർആൻ പരിഭാഷകൾ ചെറുതും വലുതും മദ്ധ്യമാനത്തിലുള്ളതും സമ്പൂർണ്ണവും ഭാഗികവുമായി ഏകദേശം അൻപതോളമാണെന്നത് ഇവിടെ കൂട്ടിവായിക്കേണ്ടതുണ്ട്. പണിപ്പുരയിൽ പ്രസിദ്ധീകരണത്തിന് തയ്യാർ ചെയ്തുകൊണ്ടിരിക്കുന്ന പരിഭാഷകളെ നാം ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ പഠനത്തിൽ നാം സൂചിപ്പിച്ചതായ നിബന്ധനകൾക്കനുസൃതമായി അവരുടെ പ്രയാണം പൂർത്തീകരിക്കാൻ അവർക്ക് ഉദവിയുണ്ടാകട്ടെ എന്ന് നാം ആശംസിക്കുന്നു.

| പരിഭാഷയുടെ പേര്. | പരിഭാഷകൻെറ പേര്. | പ്രസിദ്ധീകരിച്ച തീയതി |
|---|---|---|
| തർജമത്തുതഫ്സീരിൽ ഖുർആൻ | ശൈഖ് മുഹ്യിദ്ദീൻ അബ്ദുൽഖാദിർ (മായിൻകുട്ടിഇളയ) | 1272-1287ഹി. |
| തർജുമാനുൽ ഖുർആൻ | ശൈഖ് ഉമർ മൗലവി | 1955-1965 |

| | | |
|---|---|---|
| (അറബി മലയാളം) | | |
| പരിശുദ്ധഖുർആൻ പരിഭാഷയും വ്യഖ്യാനവും (തഫ്സീറുൽ ഖുർഅനിൽ ഹകീം) | സി.എൻ.അഹ്മദ് മൗലവി. | 1961 |
| വിശുദ്ധക്വുർആൻ വിവരണം (അമാനി മൗലവിയുടെ പരിഭാഷ) | ശൈഖ് മൂസ മൗലവി<br>ശൈഖ് അലവി മൗലവി<br>ശൈഖ് മുഹമ്മദ് അമാനി മൗലവി. | 1964-1985 |
| വിശുദ്ധക്വുർആൻ മലയാള പരിഭാഷ (ഖുർ ആൻ മജീദ്) | ശൈഖ് മുട്ടാണിശേരി കോയക്കുട്ടി. | 1966 |
| ഫത്ഹുർറഹ്മാൻ ഫീ തഫ്സീരിൽ ഖുർആൻ | കെ.വി.മുഹമ്മദ് മുസ്ലിയാർ കൂറ്റനാട്. | 1972 |
| ക്വുർആൻ ഭാഷ്യം (ഉർദു തഫ്സീറിൻെറ പരിഭാഷ) | ടി.കെ. അബ്ദുല്ല<br>ടി. ഇസ്ഹാഖ് അലി<br>ടി.കെ.ഉബൈദ് സാഹിബ് | 1972 |
| തഫ്സീറുൽ ഖുർആൻ (ജലാലൈനി പരിഭാഷ) | ടി.കെ.അബ്ദുല്ല മുസ്ലിയാർ | 1973 |

| | | |
|---|---|---|
| വിശുദ്ധക്വുർആൻ മലയാള പരിഭാഷ (സംക്ഷിപ്തം) | ശൈഖ് ഉമർ മൗലവി. | 1985 |
| വിശ്വസാഹിത്യമാല | പി.എ. അബ്ദുൽ കരീം | 1987 |
| വിശുദ്ധ ഖുർആൻ സമ്പൂർണ്ണ മലയാള പരിഭാഷ | ചേറിയമുണ്ടം അബ്ദുൽ ഹമീദ് മദനി<br>കുഞ്ഞിമുഹമ്മദ് പറപ്പൂർ | 1990 |
| ഖാദിയാനീ ക്വുർആൻ പരിഭാഷ | മുഹമ്മദ് അബുൽവഫാ. | 1991 |
| വിശുദ്ധ ക്വുർആൻ വ്യാഖ്യാനം | മുസ്തഫാ ഫൈസി. | 1994-2000 |
| ഫത്ഹുൽ അലീം വിശുദ്ധ ക്വുർആൻ പരിഭാഷ | അബ്ദുൽ റഹ്മാൻ അൽ മഖ്ദൂമി | 1995 |
| വിശുദ്ധഖുർആൻ സമ്പൂർ ണ്ണ മലയാള പരിഭാഷ (ക്വുർആൻ പ്രിൻറിംഗ് പ്രസ്സ് പ്രസിദ്ധീകരിച്ചത്) | ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി<br>കുഞ്ഞിമുഹമ്മദ് പറപ്പൂർ | 1996 |
| അൽ ബയാൻ ഫീ മആ നിൽ ഖുർആൻ | സയ്യിദ് ശിഹാബുദ്ദീൻ (കോഴിക്കോട് വലിയ ഖാദി) | 1997 |

| | | |
|---|---|---|
| ഖുർആൻ മലയാളസാരം | വി. എസ്. സലീം, കുഞ്ഞിമുഹമ്മദ് പുലവത്ത് | 1998 |
| ഖുർആൻ ബോധനം | ടി. കെ. ഉബൈദ് | 2004 |

# تاريخ تطوّر ترجمة معاني القرآن الكريم

# إلى اللغة المليبارية (إحدى اللغات الرسمية بالهند)

بحث مقدّم إلى ندوة ترجمة معاني القرآن الكريم

"تقويم للماضي وتخطيط للمستقبل"

**الباحث**

## د/ محمّد أشرف بن علي المليباري

**المترجم**

عبد الجبار بن عبد الله بوليكاتودي

(خرّيج الجامعة الإسلامية بالمدينة المنوّرة والداعية بالمكتب التعاوني

للدعوة والإرشادوتوعية الجاليات بالدمام )